അപരാഹ്ന സമ്മേളനം

5.00 P.M.] സഭ വൈകുന്നേരം 5.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ വീണ്ടും യോഗം ചേർന്നു.

VIII 58-ാം ചട്ടപ്രകാരമുള്ള ചർച്ച

മി. സ്പീക്കർ: ചട്ടം 58 അനുസരിച്ചുള്ള ചർച്ചയ്ക്ക് ഒരു മണിക്കൂറാണ് സാധാരണ അനുവദിക്കുക. പക്ഷേ ബി.എ.സി. കൂടി രണ്ടുമണിക്കൂർ എന്ന് തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് റൂൾ 59(2) സഭയുടെ അനുമതിയോടുകൂടി waive ചെയ്യുന്നു.

IX (a) ക്രമപ്രശ്നം

റൂൾ 130 പ്രകാരമാണ് ചർച്ച നടത്തേണ്ടിയിരുന്നത് എന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ ഒരു ക്രമപ്രശ്നം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. റൂൾ 58 അനുസരിച്ചുള്ള ചർച്ചയിൽ ഔപചാരികമായ പ്രമേയം പാടില്ല എന്ന് പ്രത്യേകിച്ച് പറയുന്നുണ്ട്. ഔപചാരികമായ ഒരു പ്രമേയമാണ് ഗവൺമെന്റ് കൊണ്ടുവരേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഈ സഭയിൽ നൽകിയിട്ടുള്ള ഉറപ്പ്, അതിനെസംബന്ധിച്ച് ഗവൺമെന്റിന്റേയും ഈ സഭയുടേയും consensus അറിയുന്നതിനുവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു പ്രമേയം കൊണ്ടുവരുമെന്നാണ്. അതിന്റെ ഭാഗമായി ചട്ടം 130 പ്രകാരം ഗവൺമെന്റ് പ്രമേയവും കൊണ്ടുവരും, ചട്ടം 275 അനുസരിച്ചുള്ള substantive motion-ഉം കൊണ്ടുവരുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. അങ്ങനെ വന്നുകഴിഞ്ഞാൽ എനിക്ക് ഭേദഗതി കൊടുക്കാൻ പറ്റുമായിരുന്നു. എനിക്ക് ഭേദഗതി കൊടുക്കാൻ കഴിയാതിരിക്കുന്നതിന്റെ പ്രധാന കാരണം റൂൾ 58 പ്രകാരം ഈ പ്രമേയം കൊണ്ടുവന്നതാണ്. റൂൾ 58 പ്രകാരം ഔപചാരികമായ പ്രമേയമല്ല ഇതെന്ന് റൂളിൽ പ്രത്യേകിച്ച് പറയുന്നുണ്ട്. റൂൾ 58 പ്രകാരം സഭയിൽ ഔപചാരികമായ പ്രമേയം അവതരിപ്പിക്കാനോ വോട്ടെടുപ്പ് നടത്താനോ പാടില്ല. നോട്ടീസ് നൽകിയ അംഗത്തിന് ഒരു ലഘു പ്രസ്താവന നടത്താം, മന്ത്രിക്ക് ചുരുക്കത്തിൽ ഒരു മറുപടിയും പറയാം. ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചാൽ ഒരു ചർച്ചയും നടത്താം. ഒരു മണിക്കൂറാണ് ഇതിനുള്ളത്. കേരളത്തിലെ മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം, പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു പ്രമേയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയ്ക്കു നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഈ സഭയുടെ consensus അറിയണമെങ്കിൽ ഇതൊരു ഔപചാരിക പ്രമേയമായി കൊണ്ടുവരണം. ഇതൊരു അനൗപചാരിക പ്രമേയമാണ്. റൂൾ 58 പ്രകാരം ഇതുകൊണ്ടുവരാൻ പാടില്ല എന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

(b) റൂളിംഗ്

മി. സ്പീക്കർ: ഇതിൽ യാതൊരു ക്രമപ്രശ്നവുമില്ല. ഇവിടെ കിട്ടിയിട്ടുള്ളത് റൂൾ 58 പ്രകാരമുള്ള പ്രമേയമാണ്. Sufficiently earlier circulate ചെയ്തു. ആരും വേറൊരു നിർദ്ദേശമോ വേറൊരു പ്രമേയമോ തന്നിട്ടില്ല. മാന്യ മെമ്പറുടെ പ്രതീക്ഷയ്ക്കനുസരിച്ച് കാര്യങ്ങൾ നിങ്ങണമെങ്കിൽ മെമ്പർക്ക് ചെയ്യാമായിരുന്നു. ഇതിൽ നിയമവിരുദ്ധമായി യാതൊന്നുമില്ല. വെറുതെ സമയം കളയണ്ട. 58-ാം ചട്ടപ്രകാരമുള്ള നോട്ടീസ് ഉന്നയിക്കുന്നതിന് പ്രൊഫ. കെ. വി. തോമസിനെ ക്ഷണിക്കുന്നു.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൻമേലുള്ള ചർച്ച

പ്രൊഫ. കെ. വി. തോമസ്: സർ, നൂറ്റാണ്ടുകളായി വിദ്യാഭ്യാസപരമായും സാമൂഹ്യമായും താഴേക്കിടയിലുള്ള ഒരു വലിയ വിഭാഗം ജനങ്ങൾ ഈ രാജ്യത്തുണ്ട്. ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന സന്ദർഭത്തിലും നാട്ടുരാജാക്കന്മാർ ഭരിച്ചിരുന്ന സന്ദർഭത്തിലും ഭരണം ഒരുപിടി ആളുകളുടെ കൈയിലായിരുന്നു. സ്വാതന്ത്ര്യത്തിനു മുൻപുതന്നെ ഇങ്ങനെ അടിച്ചമർത്തപ്പെട്ട വിഭാഗം തങ്ങളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി സമരങ്ങൾ നടത്തി. കേരളത്തിൽ 1891-ൽ നടന്ന മലയാളി മെമ്മോറിയലും 1896-ലെ ഈഴവ മെമ്മോറിയലും ഇതുമായി ബന്ധപ്പെട്ട ചരിത്രപരമായി പ്രാധാന്യമുള്ള മൂവ്മെന്റുകളാണ്. സ്വാതന്ത്ര്യ ശേഷവും ഇങ്ങനെയുള്ള വിഭാഗങ്ങൾ അവരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നടപടികളെടുക്കുകയും കേരളത്തിൽ Government appointment-കളിൽ 50 ശതമാനം റിസർവേഷൻ മാറ്റിവയ്ക്കുകയും ചെയ്തു. പക്ഷേ അത് നടപ്പിലാക്കിയതിനുശേഷം പിന്നീട് പരിശോധിച്ചപ്പോൾ ഈ പിന്നോക്ക വിഭാഗങ്ങൾക്ക് അവർ അർഹിക്കുന്ന വിധത്തിൽ റിസർവേഷൻ കിട്ടിയിട്ടില്ലെന്നുള്ള പരാതിയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 2000 ഫെബ്രുവരി 11-ന് ഗവൺമെന്റ് ഒരു നോട്ടിഫിക്കേഷൻ കൊണ്ടുവരികയും ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ ചെയർമാനായും ശ്രീ. കെ. വി. രബീന്ദ്രൻ നായരും ശ്രീ. സാവൻകുട്ടിയും മെമ്പർമാരായിട്ടുമുള്ള ഒരു കമ്മീഷന് രൂപം നൽകുകയുണ്ടായി. ഈ കമ്മീഷന്റെ terms of reference ആണല്ലോ ഇതിലെ പ്രധാനപ്പെട്ട കാര്യം. അതിൽ എന്താണ് പറയുന്നത്? The terms of reference of the commission of enquiry shall be as follows:- (1) To study and report on the adequacy or otherwise of representation of the backward classes in the services under the State Government, public sector undertakings, autonomous bodies and institutions under the State Government including the Universities. ഇവിടെ പരിശോധിക്കാൻ പറഞ്ഞിട്ടുള്ളത് adequacy of the representation ആണ്. അതിനെക്കുറിച്ച് പഠിക്കാനും അതുസംബന്ധിച്ച് ഗവൺമെന്റിന് റിപ്പോർട്ട് കൊടുക്കാനുമാണ് പറഞ്ഞിട്ടുള്ളത്. അതുപോലെതന്നെ അതിൽ രണ്ടാമത് പറഞ്ഞിട്ടുള്ളത് (ii) Any other matter incidental there to എന്നാണ്. ആറ്

LIBRARY ARCHIVES Kerala Legislative Assembly

മാസംകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് ഗവൺമെന്റ് നിർദ്ദേശിച്ച തെങ്കിലും ഈ റിപ്പോർട്ട് പൂർത്തീകരിക്കാൻ കമ്മീഷൻ ഒരു വർഷവും 10 മാസവും എടുത്തു. കമ്മീഷൻ വളരെ വിശദമായി വിവിധ മേഖലകളിലുള്ള സംഘടന കളുമായും വ്യക്തികളുമായും ചർച്ച ചെയ്തു. ഗവൺമെന്റിന്റെ വിവിധ ഏജൻസികളിൽ നിന്നും അവരുടെ ഡേറ്റ ശേഖരിച്ചു. അങ്ങനെ ഒരു വർഷവും 10 മാസവും കൊണ്ട് ശേഖരിച്ച ഡേറ്റയാണ് ഈ കമ്മീഷൻ 2001 നവംബർ 9-ാം തീയതി ഗവൺമെന്റിന് സമർപ്പിച്ചത്. അതിനുശേഷം നാല് വർഷങ്ങൾ കഴിഞ്ഞി രിക്കുന്നു. ഈ നാലുവർഷങ്ങൾക്കുള്ളിൽ ഇവിടെ പല ചർച്ചകളും നടന്നിട്ടുണ്ട്. ഈ ഹൗസിൽ ചർച്ച നടന്നിട്ടുണ്ട്, ഈ സഭയ്ക്കു പുറത്ത് ചർച്ച നടന്നിട്ടുണ്ട്. അതിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഇതിന്റെ debating point ആയ യാഥാർത്ഥ്യത്തിലേക്ക് കടന്നുചെന്ന് സാമൂഹ്യനീതി കൊടുക്കുന്ന ഒരു സമീപനമാണ് വേണ്ടത്. നമുക്കറിയാം കേരളത്തിൽ ഏതു വിഷയത്തിലും, കുടിക്കുന്ന വെള്ളത്തിലാണെങ്കിലും ശ്വസിക്കുന്ന വായുവിലാണെങ്കിലും രാഷ്ട്രീയമുണ്ട്. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. കാരണം രാഷ്ട്രീയമായി വളരെയധികം ബോധവൽക്കരണമുള്ള ഒരു സംസ്ഥാനമാണ് കേരളം. പക്ഷേ ഇതുപോലുള്ള ഒരു പ്രശ്നം കുറേക്കൂടി വിശാലമായ ഒരു കാഴ്ചപ്പാടിൽ, സമൂഹത്തിന്റെ മൊത്തമായ വളർച്ചയ്ക്കുവേണ്ടി കുറേക്കൂടി ആരോഗ്യകരമായ ഒരു കാഴ്ചപ്പാടിൽ ഡിബേറ്റ് ചെയ്യണമെന്നാണ് ആദ്യമായി എനിക്ക് അഭ്യർത്ഥി ക്കാനുള്ളത്. കമ്മീഷൻ ഇതിനെക്കുറിച്ച് വളരെ വിശദമായി പഠിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുടെ പഠനങ്ങളെ അവർ നാലു ഗ്രൂപ്പുകളായി തിരിക്കു കയുണ്ടായി. 1. Government Departments 2. Public Sector 3. Staff of the Universities 4. Autonomous Institutions constituted by the State Governments ഓരോ ഗ്രൂപ്പിലും കാറ്റഗറികൾ ഉണ്ട്. അതിൽ ഒന്നാമത്തെ ഗ്രൂപ്പിൽ 6 കാറ്റഗറികളും രണ്ടാമത്തെ ഗ്രൂപ്പിൽ 4 കാറ്റഗറികളും മൂന്നാമത്തെ ഗ്രൂപ്പിൽ 6 കാറ്റഗറികളും നാലാമത്തെ ഗ്രൂപ്പിൽ 6 കാറ്റഗറികളും ഉണ്ട്. Pay scale-ന്റെ അടിസ്ഥാനത്തിലാണ് അവർ പഠനം നടത്തിയത്. പക്ഷേ ഈ കാറ്റഗറികളിൽത്തന്നെ ചില അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നു. ഗവൺമെന്റിന്റെ ഖജനാവിൽനിന്നും ആരൊക്കെ സഹായം തേടുന്നുവോ അവിടെയെല്ലാം റിസർവേഷൻ ഉണ്ടാകണമെന്നുള്ള ആവശ്യം കേരളത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള പിന്നോക്ക സമുദായങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. അതൊക്കെ ആരോഗ്യകരമായ മേഖലയിൽകൂടിയാണ് കാണേണ്ടത്. ഇതിനെക്കുറിച്ച് പഠനം നടത്തുകയും വിവിധ ഏജൻസികളുമായി ചർച്ച ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ കമ്മീഷൻ കണ്ടുപിടിക്കുകയുണ്ടായി. ജനസംഖ്യാനുപാതികമായി റിസർവേഷൻ വേണമെന്നു ള്ളതാണ് Backward Communities-ന്റെ നിലപാട്. Backward communities തങ്ങൾക്ക് 65 ശതമാനം Reservation ഉണ്ടെന്നു പറയുന്നു, അതിനനുസരിച്ചുള്ള റിസർവേഷൻ ആയിട്ടില്ല. പക്ഷേ constitution അനുസരിച്ചുതന്നെ 50

LIBRARY ARCHIVES Kerala Legislative Assembly

ശതമാനം റിസർവേഷൻ മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ. അതു സംബന്ധിച്ച് സുപ്രീംകോടതി വിധികളുണ്ട്. ഞാൻ അതൊന്നും കോട്ട് ചെയ്യുന്നില്ല. ഒരുഭാഗത്ത് ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ പിന്നോക്ക സമുദായങ്ങൾക്ക് 65 ശതമാനം ഉണ്ടെന്നുപറയുന്നു, ആ 65 ശതമാനം കിട്ടുന്നില്ല എന്നുള്ള പരാതിയുമുണ്ട്. പക്ഷേ നമുക്ക് 50 ശതമാനത്തിനുള്ളിൽ നിന്നുകൊണ്ടു മാത്രമേ ചെയ്യാൻ കഴിയൂ. മറ്റൊന്ന് ഈ രാജ്യത്തെ മുന്നോക്ക സമുദായങ്ങളാണ്. അവിടേയും നമ്മൾ യാഥാർത്ഥ്യത്തോടുകൂടി കാണണം. ഒരു കാലയളവിൽ നാട്ടുപ്രമാണിമാർ, നാട്ടുരാജാക്കന്മാർ, ഭൂപ്രഭുക്കന്മാർ എന്നിവരുണ്ടായിരുന്നു. നമ്മൾ സ്വാതന്ത്ര്യം നേടിയിട്ട് 58 വർഷങ്ങൾ കഴിഞ്ഞു. നാം നിയമങ്ങൾ കൊണ്ടുവന്നു. ഇന്ന് പഴയ നാട്ടുപ്രമാണിമാരില്ല. ഞാൻ കടന്നുവന്നത് ഏറണാകുളം നഗരത്തിൽ നിന്നുമാണ്. എന്റെയൊക്കെ രാജാവ് തൃപ്പൂണിത്തുറ രാജാവാണ്. ഇന്ന് പഴയ തൃപ്പൂണിത്തുറ കോവിലകമില്ല. അവിടെ പട്ടിണിയും പരിവട്ടവുമാണ്. അവിടെയുള്ള പഴയ രാജകുമാരികളൊക്കെ ഇപ്പോൾ കല്യാണം കഴിക്കുന്നത് വളരെ താഴ്ന്ന നിലയിലുള്ള ആളുകളെയാണ്. അതൊരു സാമൂഹ്യ മാറ്റം മാത്രമല്ല, സാമ്പത്തിക പ്രശ്നം കൂടിയാണ്. നമ്മൾ പലപ്പോഴും ഇവിടെ സ്ത്രീപീഡനത്തെപ്പറ്റി പറയാറുണ്ട്. എന്താണ് സംഭവം? അതിലൊക്കെ ദാരിദ്ര്യവും പട്ടിണിയുമുണ്ട്. അവിടെ സമുദായങ്ങളും മതങ്ങളുമൊന്നുമല്ല, അവിടെ പട്ടിണിയും ദാരിദ്ര്യവുമാണ് പ്രധാനമായിട്ടുള്ളത്. അതുകൊണ്ട് നാം ഒരു വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് ഇത് കാണേണ്ടത്. അങ്ങനെയൊരു കാഴ്ചപ്പാടുണ്ടാക്കിക്കൊണ്ടുവേണം നാം മുന്നോട്ടു പോകേണ്ടത്. ഇതിൽ പറയുന്ന ചില പ്രത്യേക കാര്യങ്ങളുണ്ട്. Page No.14, 3, 10 The complaint in almost all the representations from the Backward Classes is that their representation in the services is much less than what they are entitled to. Most of these communities want an increase in the reservation quota. They demand adequate representation in the services according to their population in the State. ഇതാണ് ഞാൻ പറഞ്ഞുവന്നത്. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വേണമെന്ന ആവശ്യമുണ്ടായിട്ടുണ്ട്. പക്ഷേ അതിന് ചില പരിമിതികളുണ്ട്. അതുപോലെതന്നെ മുന്നോക്ക സമുദായങ്ങളും പറയുന്നുണ്ട്. ജനസംഖ്യയനുസരിച്ച് അവർക്കും എന്തെങ്കിലും സംവിധാനമുണ്ടാക്കണമെന്ന ഒരു ഡിമാൻഡ് ഈ സംസ്ഥാനത്തുണ്ട്. ഇതെല്ലാം നമ്മുടെ മുമ്പിലുള്ള ചില യാഥാർത്ഥ്യങ്ങളാണ്. ഇതൊക്കെ പരിശോധിച്ചതിനുശേഷം ഈ കമ്മീഷൻ ചില അനാലിസിസുകൾ നടത്തുകയും ചില ഡേറ്റയുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അതിലൊരു ഡേറ്റാ ഗവൺമെന്റിനെക്കുറിച്ചാണ്. അത് പരിശോധിക്കുമ്പോൾ ഈ പിന്നോക്ക സമുദായങ്ങളിലെതന്നെ ചില സമുദായങ്ങൾക്ക് അവരുടെ റിസർവേഷൻ കാറ്റഗറിയേക്കാൾ കൂടുതൽ കിട്ടിയിട്ടുണ്ട്. ക്ലാസ് ഒന്നിൽ ആദ്യം പരിശോധിച്ച ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് നോക്കുമ്പോൾ ഈഴവ കമ്മ്യൂണിറ്റിക്ക് കിട്ടിയിരിക്കുന്നത് 20.41 ശതമാനം ആണ്. In all the categories taken together.

LIBRARY ARCHIVES Kerala Legislative Assembly

In category 1 their representation is 20.69 percent as against the quota of 11 percent. അതേ സന്ദർഭത്തിൽ മുസ്ലീം ജനവിഭാഗം, ലത്തീൻ ജനവിഭാഗം, ധീവരർ ഇവർക്കൊക്കെ അവരുടെ ജനസംഖ്യാനുപാതികമായി adequate quota കിട്ടിയിട്ടില്ല. ഇതിന് ചില ചരിത്രപരമായ പശ്ചാത്തലമുണ്ട്. ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നു, കഴിഞ്ഞ ആഴ്ച ഫോർട്ടുകൊച്ചിയിൽ ഞാനൊരു സ്കൂളിന്റെ വാർഷികാഘോഷ പരിപാടിയിൽ പങ്കെടുത്തു. അവിടെ ഗവൺമെന്റ് എയ്ഡോടുകൂടി പ്രവർത്തിക്കുന്ന ഒരു മലയാളം സ്കൂളുണ്ട്. അതേ കോമ്പൗണ്ടിൽ തന്നെ ഒരു unaided English school-ഉം ഉണ്ട്. ആ അൺ എയ്ഡഡ് സ്കൂളിൽ പോകാൻ ആ പ്രദേശത്തുള്ള മുസ്ലീം കുടുംബത്തിലെ കുഞ്ഞുങ്ങൾക്ക് കഴിയുന്നില്ല, അവിടെയുള്ള മത്സ്യത്തൊഴിലാളി കുഞ്ഞുങ്ങൾക്ക് കഴിയുന്നില്ല. കാരണം ഫീസ് കൊടുത്ത് പഠിക്കാൻ അവർക്ക് കഴിയില്ല. ഇതെന്തൊരു സാമൂഹ്യനീതിയാണ്? ഒരേ കോമ്പൗണ്ടിൽ ഓരേ മാനേജുമെന്റിന്റെ കീഴിൽ എയ്ഡഡ് മലയാളം സ്കൂളിലാണ് ഈ പാവപ്പെട്ട മുസ്ലീം കുട്ടികളും മത്സ്യത്തൊഴിലാളി കുട്ടികളും പോകുന്നത്. മത്സ്യത്തൊഴിലാളികളെക്കുറിച്ച് പറയുമ്പോൾ ഞാൻ ആ വിഭാഗത്തിന്റെ ആളെന്നുള്ള നിലയിൽ മാത്രം പറയുന്നതല്ല, അവരുടെ വേദനകളിലും ദുഃഖങ്ങളിലും പങ്കുചേരുന്ന ഒരാളാണ് ഞാൻ. ഈ മത്സ്യത്തൊഴിലാളികളിൽത്തന്നെ മുസ്ലീങ്ങൾ ഉണ്ട്, ലത്തീൻ സമുദായത്തിൽപ്പെട്ടവരുണ്ട്, ധീവരർ ഉണ്ട്. ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം എത്ര ദുഃഖകരമാണ്! ഞാൻ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്ത സന്ദർഭത്തിലാണ് കഠിനംകുളങ്ങര സംഭവമുണ്ടായത്. ഞാനും ശ്രീ. എം. എം. ഹസ്സനും മലം ചവിട്ടിയാണ് കഠിനംകുളങ്ങരയിലെ വീടുകളിൽ കയറിയത്. ഈ വിഭാഗത്തിന് ഒരു പുനർജന്മം നൽകണ്ടേ? അവർ വിദ്യാഭ്യാസപരമായി മുന്നോട്ടുപോകണ്ടേ? വിദ്യാഭ്യാസ മേഖലയിൽ പഠിക്കാനുള്ള സന്ദർഭം അവർക്ക് വേണ്ടേ? ഇന്ന് മത്സ്യ ത്തൊഴിലാളി മേഖലയിലെ കുഞ്ഞുങ്ങൾ പഠിക്കുന്നതിനുപകരം സ്വന്തം പിതാക്കൾക്കൊപ്പം മത്സ്യബന്ധനത്തിന് പോകുന്നു. അതുകൊണ്ടാണ് അവർ ഇപ്പോഴും പിന്നോക്കാവസ്ഥയിൽ നിൽക്കുന്നത്. അത്തരം വിഭാഗങ്ങളോട് നമുക്കൊരു കാരുണ്യപൂർവ്വമായ, ദയാപൂർവ്വമായ സമീപനം എടുക്കണ്ടേ? അതുപോലെ മുസ്ലീം സമുദായങ്ങൾക്ക് ഇന്നും വിദ്യാഭ്യാസപരമായി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. അതേ സന്ദർഭത്തിൽ ഒരു യാഥാർത്ഥ്യമുണ്ട്. ഈഴവ കമ്മ്യൂണിറ്റിയെ സംബന്ധിച്ചിടത്തോളം അവരുടെ റിസർവേഷൻ കോട്ടയേക്കാൾ കൂടുതൽ കിട്ടിയിട്ടുണ്ടെങ്കിൽ അതിന് ചരിത്രപരമായ ഒരു പ്രാധാന്യമുണ്ട്. ഞാൻ കുമ്പളങ്ങിയിൽ നിന്നുമാണ് വരുന്നത്. കുമ്പളങ്ങിയിൽ ഗുരുദേവൻ രണ്ടുപ്രാവശ്യം വന്നിട്ടുണ്ട്. ആദ്യം ഗുരുദേവൻ വന്നപ്പോൾ നമ്മുടെ പ്രഗത്ഭനായ പത്രപ്രവർത്തകൻ ശ്രീ. സത്യദേവന്റെ പിതാമഹന്മാർ ഗുരുദേവനെ കാണാൻ ചേർത്തലയിൽ ചെന്നു. അവർ ഗുരുദേവനോടു പറഞ്ഞു, ഗുരുദേവാ ഇവിടെ മൃഗബലി നടന്നു, ഇവിടെ ചാത്തനേറു നടന്നു, അങ്ങൊന്ന് വരണം,

LIBRARY ARCHIVES Kerala Legislative Assembly

അനുഗ്രഹിക്കണം എന്ന്. അപ്പോൾ എന്താണ് ഗുരുദേവൻ പറഞ്ഞത്? നിങ്ങളുടെ നാട്ടിൽ കുടിവെള്ളമുണ്ടോ, നിങ്ങളുടെ നാട്ടിൽ പാഠശാലകളുണ്ടോ, കുടിപ്പള്ളിക്കൂടങ്ങളുണ്ടോ എന്നു ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു ഇല്ല എന്ന്. എന്നാൽ നിങ്ങൾ ഇതുരണ്ടും സ്ഥാപിച്ചിട്ടു വരൂ എന്ന് ഗുരുദേവൻ പറഞ്ഞു. തിരുക്കൊച്ചിയിലെ ആദ്യത്തെ സംസ്കൃത കുടിപ്പള്ളിക്കൂടം തുടങ്ങിയത് കുമ്പളങ്ങിയിലാണ്. ഗുരുദേവൻ പറഞ്ഞിട്ടാണ് അവിടെ കുളങ്ങൾ നിർമ്മിച്ചത്. കുമ്പളങ്ങിയിൽ വലിയ മാറ്റങ്ങളുണ്ട്. തിരുക്കൊച്ചിയിൽ ഏറ്റവും പഴയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്ന് സെന്റ് പീറ്റേഴ്സ് ഹൈസ്കൂളാണ്. ഞാൻ പറഞ്ഞുവന്നത് ഈഴവ സമുദായം വിദ്യാഭ്യാസ കാര്യത്തിൽ ചില പ്രത്യേകമായ താത്പര്യമെടുത്തു. ആർ. ശങ്കരൻ ഉൾപ്പെടെയുള്ള നേതാക്കന്മാർ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ സ്ഥാപനങ്ങളുണ്ടാക്കുകയും സ്വന്തം സ്ഥാപനങ്ങളിൽ സമുദായത്തിലെ അംഗങ്ങൾക്ക് പഠിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുകയും ചെയ്തു. അങ്ങനെ അവർ റിസർവേഷൻ ക്വോട്ടയിൽ കയറി, മെറിറ്റിൽ കയറി. അതാണ് അതിന്റെ യാഥാർത്ഥ്യം. ഈ യാഥാർത്ഥ്യം നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. അതുകൊണ്ട് ഈഴവ കമ്മ്യൂണിറ്റിക്ക് അവരുടെ റിസർവേഷൻ ക്വോട്ടയേക്കാൾ കൂടുതൽ പ്രാതിനിധ്യം കിട്ടിയിട്ടുണ്ടെങ്കിൽ അതിൽ പരിഭ്രമിക്കേണ്ട കാര്യമല്ല. അതേസമയം മുസ്ലീം കമ്മ്യൂണിറ്റി, നാടാർ, വിശ്വകർമ്മ, ധീവരർ, ലത്തീൻ കത്തോലിക്കർ ഇവരൊക്കെ ഇന്നും വളരെ പുറകിൽ നിൽക്കുകയാണ്. ജുഡീഷ്യറിയും ഈ ഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. നമ്മൾ ജുഡീഷ്യറിയിലെ പോസ്റ്റിംഗിനെക്കുറിച്ച് ഒന്ന് ആലോചിക്കണം. എത്ര backward ആയ ആളുകളുണ്ട്? അതിൽ Scheduled Caste ഉണ്ടോ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ചില പോസ്റ്റിംഗുകളിൽ കുറെയൊക്കെ മാറ്റമുണ്ടായത്. നമ്മുടെ യൂണിവേഴ്സിറ്റികളിൽ അടുത്ത കാലത്താണ് Backward Communities-ന് കടന്നുകയറാൻ കഴിഞ്ഞത്. എന്റെ സഹപ്രവർത്തകനായ ഡോ. രാധാകൃഷ്ണൻ, ഒരു മത്സ്യത്തൊഴിലാളിയാണ്, ധീവരൻ ആണ്. അദ്ദേഹമാണ് അടുത്ത ദിവസം കാലടി യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി കടന്നുവന്നത്. അടുത്ത കാലത്ത് മാറ്റമുണ്ട്. ഞാനിത് പറയുന്നത് ഇത് യാഥാർത്ഥ്യബോധത്തോടുകൂടി കാണണമെന്നുള്ളതുകൊണ്ടാണ്. ചില Backward Communities-ന് കിട്ടേണ്ട ന്യായമായ റിസർവേഷൻ കിട്ടിയിട്ടില്ല. ഇതിന് എന്താണ് കാരണം? റിസർവേഷനെക്കുറിച്ച് പറയുമ്പോൾ അതിനെ സംബന്ധിച്ച് വളരെ പ്രധാനമായ ഒരു കോടതിവിധിയുണ്ട് എന്നുകൂടി പറയേണ്ടിയിരിക്കുന്നു. അത് മണ്ഡൽ കമ്മീഷനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സുപ്രീം കോടതിയുടെ വിധിയാണ്. എന്താണ് representation? കൃത്യമായി Backward Communities-ന് അല്ലെങ്കിൽ ഹരിജനങ്ങൾക്ക് കിട്ടേണ്ട representation എന്താണ്? അത് ജനസംഖ്യാനുപാതികമാണോ? ഇവിടെ adequate representation-നെപ്പറ്റി സൂചിപ്പിച്ചു. എന്താണ് adequate representation? Adequate representation-നെക്കുറിച്ച് മണ്ഡൽ കമ്മീഷനുമായി ബന്ധപ്പെട്ട് സുപ്രീംകോടതി ഇറക്കിയിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

വിധിയാണ് (A.I.R, 1993 SC 477); "We must however point out that clause (4) speaks of adequate representation and not proportionate representation. Adequate representation cannot be read as proportionate representation....." ജനസംഖ്യാനുപാതികമായി നമുക്ക് റിസർവ്വേഷൻ നടത്താൻ കഴിയുമോ? ആലോചിക്കേണ്ട കാര്യമാണ്. ഇതു വളരെ ഗൗരവമായ ഒരു കാര്യമാണ്. മണ്ഡൽ കമ്മീഷന്റെ ചർച്ച നടന്ന സന്ദർഭത്തിൽ ഉണ്ടായ ഒരു കേസ്സിലാണ് സുപ്രീംകോടതി ഇങ്ങനെ ഒരു verdict നടത്തിയത്. അതിനെക്കുറിച്ചു കമ്മീഷൻ പറയുന്നുണ്ട്. So, what should be the golden mean? There should be different types of governmental and social action to help backward classes to get rid of their social and educational backwardness. One such- perhaps the most important action is practising a system of reservation to ensure a minimum level of representation for backward classes in Public Services. പിന്നോക്ക സമുദായത്തിന് ഒരു മിനിമം ലെവൽ റെപ്രസന്റേഷനെങ്കിലും ഉണ്ടായേ പറ്റൂ. അതു പരിശോധിക്കണം. അതിനനുസരണമായി നടപടികൾ ഉണ്ടാകണം. Adequate representation എന്നു പറയുമ്പോൾ അതിനെക്കുറിച്ച് നമുക്ക് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടാകണം. അതിനാണ് മണ്ഡൽ കേസ്സുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സുപ്രീംകോടതി വിധി. ഇവിടെ വീണ്ടും പറയുന്നുണ്ട്, That level should certainly not be too low compared to their population ratio. Simultaneously backward classes should be encouraged to increase their share in open merit competition also. പിന്നോക്ക സമുദായങ്ങൾക്ക് ഓപ്പൺ മെറിറ്റിൽക്കൂടി കടന്നുവരാനുള്ള ഒരു സാഹചര്യമുണ്ടാക്കണം. അവിടെയാണ് വിദ്യാഭ്യാസത്തെക്കുറിച്ച് പറയുന്നത്. പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ, മുസ്ലീം സഹോദരന്മാർ, പിന്നോക്ക വിഭാഗത്തിൽ പെടുന്ന ധീവരർ ഇവർക്കെല്ലാം നാളെ സമൂഹത്തിന്റെ ഉന്നത ശ്രേണിയിലേക്ക് കടന്നുവരണമെങ്കിൽ വിദ്യാഭ്യാസപരമായി മുന്നോട്ടു കടന്നുവരാൻ കഴിയണം. പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടേയും മുസ്ലീം സമുദായത്തിലേയും കുട്ടികൾക്ക് അവരുടെ ഇന്നത്തെ സാമ്പത്തിക സ്ഥിതികൊണ്ട് പഠിച്ചുയരാൻ കഴിയുന്നില്ല. അതുകൊണ്ട് അവരെ എങ്ങനെ സഹായിക്കാൻ കഴിയും എന്ന് ഗവൺമെന്റ് ആത്മാർത്ഥമായി പരിശോധിക്കണം എന്നാണ് എനിക്കു പറയാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം. That percentage is, in turn, a substantial proportion of the population percentage of the communities eligible for reservation in the total State population. Further, our system does not restrict backward classes to levels of representation equal to their reservation quotas. അങ്ങനെ വളരെ വിശദമായിട്ടാണ് ഈ കമ്മീഷൻ പഠനം നടത്തിയിട്ടുള്ളത്. അതിനുശേഷം ഒരു കൺക്ലൂഷനിലേക്കു കടന്നുവരുന്നുണ്ട്. കൺക്ലൂഷനിലേക്കു കടന്നു വരുമ്പോൾ എന്താണ് പറയുന്നത്? It is clear from this analysis that almost all the communities of the backward classes have improved their position or are

LIBRARY ARCHIVES Kerala Legislative Assembly

improving their presence in the public services. Even as per Appendix II Ezhavas, a major community among the backward classes have secured better representation in more than one category by securing posts in the merit quota over and above the reservation quota. At the same time Muslims, another major community among the Backward Classes have not fared so well. The main reason for this is nothing but educational backwardness. Better educational standards of Ezhavas taken as a whole give them a good leverage in competing for Government jobs at least in the recruitment for lower categories. ഇവിടെയൊരു പ്രധാനപ്പെട്ട കാര്യം നാം ഓർക്കണം. ഓരോ ഗ്രൂപ്പിനേയും ആറ് കാറ്റഗറികളായിട്ടാണ് തിരിച്ചിരിക്കുന്നത്. ആ കാറ്റഗറികൾക്ക് ചില പ്രാധാന്യമുണ്ട്. ഗ്രൂപ്പ് ഒന്ന് എന്നു പറയുന്നത് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഗവൺമെന്റിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ സ്റ്റാഫിന്റേതാണ്. അതിൽ കാറ്റഗറി I-ൽ പ്യൂൺ, വാച്ചുമാൻ, ആയ, അറ്റൻഡർ, ലാബ് അസിസ്റ്റന്റ്, ക്ളറിക്കൽ അസിസ്റ്റന്റ് തുടങ്ങിയവർ ഉൾപ്പെടുന്നു. അതേസമയത്ത് മുകളിലോട്ടു പോകുമ്പോൾ കാറ്റഗറി II, category III, അതുകഴിഞ്ഞ് കാറ്റഗറി ആറിലേക്കു വരുമ്പോഴാണ് Additional Secretary to Government, Principals of Engineering Colleges, Chief Chemical Examiner തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥന്മാർ വരുന്നത്. പിന്നോക്ക സമുദായങ്ങൾ അവിടെ നിന്നും വളരെ താഴെയാണ്. ഇതു വളരെ ഗൗരവമായി നാം പരിശോധിക്കണം. ഇതു പല തട്ടിൽ നിൽക്കുന്നു. എല്ലാവർക്കും പ്യൂൺ ആയാൽ മാത്രം മതിയോ? സമൂഹത്തിൽ ഉയർന്നുയർന്നു പോകണ്ടേ? അങ്ങനെയല്ലേ സമൂഹത്തിനു വളരാൻ കഴിയൂ? ഉന്നതങ്ങളായ ശ്രേണികളിലേക്ക് പോകണമെങ്കിൽ അതിനു അനുകൂലമായ ചില സാഹചര്യങ്ങൾ പിന്നോക്ക സമുദായങ്ങൾക്കു ലഭിക്കണം. ഇതിന്റെ കൺക്ളൂഷനിലേക്കു കടന്നുവരുന്ന ഒരു ഡേറ്റയെ ക്കുറിച്ചാണ് പറയുന്നത്. അതിനുശേഷം അതിൽ അവസാനം പറയുന്നുണ്ട്, Whatever may be the reason it is for the Government to take appropriate action to minimise this deficiency in the years to come. All the communities in the backward classes who have deficiency should be benefited. In taking action to cure the deficiency, special care should be taken to avoid the incidence of unintended benefit mentioned in para 7. വളരെ പ്രധാനപ്പെട്ട പോയിന്റുകൂടിയുണ്ട്. 'The point of entrance' അവിടെയാണ് ഇതു വരുന്നത്. പ്രൊമോഷനിൽ വരുന്നില്ല. സുപ്രീംകോടതിയുടെ വിധിയുണ്ട്. അതൊരു പ്രധാനപ്പെട്ട കാര്യമാണ്. അവിടെയാണ് റിസർവ്വേഷൻ വരുന്നത്. പ്രൊമോഷൻ വരുന്നില്ല. അതുകൊണ്ടാണ് പല Backward Communities-നും പല സ്ഥാപനങ്ങളിലും പ്രാതിനിധ്യം ലഭിക്കുന്നില്ല. ഗവൺമെന്റിന്റെ ഖജനാവിൽ നിന്നും സാമ്പത്തിക സഹായം കിട്ടുന്ന മുഴുവൻ ഇൻസ്റ്റിറ്റ്യൂഷൻസും പ്രൈവറ്റ് കോളേജസ് ഉൾപ്പെടെ സംവരണ തത്വം പാലിക്കണമെന്ന ഒരു ആവശ്യം ഉന്നയിച്ചു. പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ ഉണ്ടായിട്ടുള്ള ഒരു കാര്യമാണ്. അതുപോലെതന്നെ ചില കാര്യങ്ങൾ പറഞ്ഞിട്ടുള്ളത്, As per the data discussed by the commission as matters stand now without the benefit of reservation no community among the backward classes can have adequate representation in the services under State Government, Public Sector Undertakings, Autonomous Bodies and Institutions. നാലു സ്ഥാപനങ്ങളെക്കുറിച്ചാണ്. കുറച്ചുകൂടി ഈ umbrella വലുതാക്കാൻ കഴിയുമോ? പിന്നോക്ക സമുദായങ്ങൾക്ക് കുറെക്കൂടി മെച്ചപ്പെട്ട സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി, ഉന്നത ശ്രേണികളിലേയ്ക്ക് കടന്നു വരുന്നതിനുവേണ്ടി ഈ umbrella ഒന്നു വലുതാക്കാൻ കഴിയുമോ? ഉന്നതരായ നായർ, നമ്പൂതിരി കുടുംബത്തിൽപ്പെട്ടയാളുകൾ, സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികം കഴിഞ്ഞതിനുശേഷം പുതിയ ഭൂപരിഷ്ക്കരണ നിയമങ്ങൾ വന്നതിനെത്തുടർന്ന് പട്ടിണിയിലാണ്. അവർക്ക് പ്രശ്നങ്ങളുണ്ട്. അവർ സമൂഹത്തിൽ മുന്നോട്ടു വരണം. തുറന്ന മനസ്സോടുകൂടി പരിശോധിക്കേണ്ട ഒരു കാര്യമാണത്. സമൂഹത്തിന്റെ യാഥാർത്ഥ്യങ്ങളെ മുന്നിൽ കണ്ടുകൊണ്ടുവേണം നാം മുന്നോട്ടു നീങ്ങേണ്ടത്. അതു ഞാൻ ഇഗ്നോർ ചെയ്യുന്നില്ല. ഒരു ഭാഗത്ത് നൂറ്റാണ്ടുകളായി പിൻതള്ളപ്പെട്ട ഒരു വിഭാഗം, സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്തള്ളപ്പെട്ട ജനവിഭാഗം, അവരെ ഈ സമൂഹത്തിന്റെ മുമ്പിലേക്കു കൊണ്ടുവരേണ്ട ബാദ്ധ്യതയില്ലേ? ആ ബാദ്ധ്യത നമുക്കെല്ലാവർക്കുമുണ്ട്. ഹരിജനങ്ങളാണെങ്കിലും ഗിരിജനങ്ങളാണെങ്കിലും പിന്നോക്ക സമുദായങ്ങളാണെങ്കിലും മൽസ്യത്തൊഴിലാളികളാണെങ്കിലും അവരെ സമൂഹത്തിന്റെ മുന്നിലേക്കു കൊണ്ടുവരേണ്ട ബാദ്ധ്യത എല്ലാ ഭരണകർത്താക്കൾക്കുമുണ്ട്. പക്ഷേ സ്വാതന്ത്ര്യത്തിനുശേഷമുണ്ടായിട്ടുള്ള ചില സംഭവങ്ങളുണ്ട്. മുന്നോക്ക സമുദായങ്ങളെന്നു കണ്ടിരുന്ന ഒരു ജനവിഭാഗം, അവരുടെ പ്രശ്നങ്ങൾ നാം കണ്ടില്ലെന്നു നടിച്ച് കണ്ണടയ്ക്കരുത്. അവിടെയാണ് നമ്മുടെയെല്ലാവരുടെയും മനസ്സ് ഒന്നിച്ചുചേരേണ്ടത്. അവിടെ രാഷ്ട്രീയമുണ്ടോ? പട്ടിണിക്ക് എവിടെയാണ് രാഷ്ട്രീയം? കേരളത്തെ സംബന്ധിച്ചിടത്തോളം ഭരണകൂടങ്ങൾ മാറി മാറി വരുന്ന ഒരു കാലഘട്ടമാണിത്. അവിടെ നമുക്കെല്ലാവർക്കും തുല്യമായിട്ടുള്ള ഉത്തരവാദിത്വമുണ്ട്. പിന്നോക്ക സമുദായങ്ങളെ ഉദ്ധരിക്കുന്നതോടൊപ്പം തന്നെ നമ്മുടെ രാഷ്ട്രീയ ചരിത്രത്തിൽ ചില സംഭവവികാസങ്ങൾമൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കുന്നതിനുമൊത്തമായ ഒരു സമീപനമാണ് എല്ലാ രാഷ്ട്രീയ പാർട്ടികളും സ്വീകരിക്കേണ്ടത്. ഞാൻ സ്കോറിംഗ് പോയിന്റല്ല പറയുന്നത്, ഡിബേറ്റിംഗ് പോയിന്റാണ് പറയുന്നത്. തുറന്ന മനസ്സോടുകൂടി കാണേണ്ട ഒരു കാര്യമാണിത്. ഞാൻ ഇതിൽ രാഷ്ട്രീയം കാണുന്നില്ല. 2006-ൽ വരുന്ന തെരഞ്ഞെടുപ്പിൽ ഉപയോഗിക്കാൻ വേണ്ടിയല്ല ഞാൻ

[അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. എം. ഹസ്സൻ]

ഈ വിഷയം ഇവിടെ അവതരിപ്പിച്ചത്. സമൂഹ മനഃസാക്ഷിയുടെ ഒരു പ്രശ്നമെന്നുള്ള നിലയിലാണ് ഞാൻ ഈ പ്രശ്നം അവതരിപ്പിച്ചത്. ചില യാഥാർത്ഥ്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉൾക്കൊള്ളാൻ നമുക്ക് കഴിയണം. ആ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടുവേണം മുന്നോട്ടു നീങ്ങേണ്ടത്. കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് ഈ സാമൂഹ്യ പ്രശ്നങ്ങളെ നമുക്കു നേരിടാൻ കഴിയുമോ? .....(ബഹളം).....

മി. ചെയർമാൻ: അദ്ദേഹം വഴങ്ങുന്നില്ല. അദ്ദേഹം വഴങ്ങാത്തിടത്തോളം കാലം ബഹുമാനപ്പെട്ട മെമ്പർക്ക് സംസാരിക്കാൻ അനുവാദമില്ല. അദ്ദേഹത്തെ ശല്യപ്പെടുത്തരുത്. ഇതു നല്ല കീഴ്വഴക്കമല്ല, ഇത്തരത്തിലുള്ള ഇന്റർവെൻഷൻ ശരിയല്ല.

പ്രൊഫ. കെ. വി. തോമസ്: .....(ബഹളം)..... ഇതൊരു ജനാധിപത്യ പ്രക്രിയയ്ക്ക് ചേർന്നതല്ല. ശ്രീ. എ. കെ. ബാലൻ പാർലമെന്റ് മെമ്പറായിരുന്ന ആളല്ലേ? ഞാനും മൂന്ന് പ്രാവശ്യം പാർലമെന്റ് അംഗമായിരുന്നു.....(ബഹളം).....

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ദയവായി നിശബ്ദത പാലിക്കണം.

പ്രൊഫ. കെ. വി. തോമസ്: ഞാനൊരു ഡിബേറ്റിംഗ് പോയിന്റെന്നുള്ള നിലയിൽ മാത്രമാണ് സംസാരിക്കുന്നത്. സമൂഹത്തിലെ യഥാർത്ഥ പ്രശ്നങ്ങളിലേക്കാണ് ഞാൻ വിരൽ ചൂണ്ടുന്നത് .....(ബഹളം)..... നമ്മൾ ചർച്ച ചെയ്യണം. ഈ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതുപോലെ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന സമൂഹങ്ങളെ ഉയർത്തിയെടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഗൗരവമായ ഒരു സംവിധാനമുണ്ടാക്കണം. പിന്നോക്ക സമുദായങ്ങൾക്കു കിട്ടേണ്ട ന്യായമായ റിസർവ്വേഷൻ കിട്ടുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട അങ്ങ് പ്രസംഗം അവസാനിപ്പിക്കാൻ പോകുന്നു എന്നു പറഞ്ഞതുകൊണ്ട് ഞാൻ ചോദിക്കുകയാണ്, താങ്കൾ കോൺഗ്രസ്സിലെ സമുന്നതനായ ഒരു നേതാവാണ്, ദേശീയ തലത്തിൽപ്പോലും സ്ഥാനം പിടിച്ചുപറ്റിയ ഒരു നേതാവാണ്. ഇത്രയും സമയം അങ്ങ് പ്രസംഗിച്ചിട്ടും, നരേന്ദ്രൻ കമ്മീഷനെ സംബന്ധിച്ച് കോൺഗ്രസ്സിന്റെ അഭിപ്രായമെന്താണെന്നു പറഞ്ഞില്ല. അത് അങ്ങ് വ്യക്തമാക്കണം.

പ്രൊഫ. കെ. വി. തോമസ്: കോൺഗ്രസ്സിന്റെ അഭിപ്രായം കോൺഗ്രസ്സിന്റെ ഉത്തരവാദപ്പെട്ട സംഘടനകളിൽ നിന്നും ഉണ്ടാകും. എന്നെ കോൺഗ്രസ്സ് പ്രസിഡന്റോ കെ.പി.സി.സി. പ്രസിഡന്റോ അധികാരപ്പെടുത്തിയിട്ടില്ല. അതിനെപ്പറ്റി മുഖ്യമന്ത്രി മറുപടി പറയും. വിദ്യാഭ്യാസപരമായി പിന്നോക്ക വിഭാഗങ്ങളെ മുന്നോട്ടു കൊണ്ടുവരണം. അതേസമയം ചില പ്രത്യേക സാഹചര്യങ്ങളിൽ നമ്മുടെ സമൂഹത്തിൽ കഷ്ടപ്പെടുന്ന മുഴുവൻ ആളുകളേയും, അതിൽ നായർ, നമ്പൂതിരി വിഭാഗങ്ങളെ , എങ്ങനെ രക്ഷപ്പെടുത്താൻ കഴിയും ' എന്നുള്ള കാര്യത്തെ സംബന്ധിച്ച് പരിശോധിക്കണമെന്ന് മാത്രമാണ് എനിക്കു പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: സർ, ഗവൺമെന്റിനു മാത്രമറിയാവുന്ന കാരണങ്ങളാൽ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഏകദേശം മൂന്നര കൊല്ലക്കാലം പൂഴ്ത്തി വച്ചതിനുശേഷം, ഈ പ്രബുദ്ധമായ സഭയിൽ കേവലമായ ഒരു ചർച്ചയ്ക്കെടുക്കുന്ന നിമിഷത്തിൽ, ഈ ചർച്ചയുടെ ഫലമായി ഒന്നും നടക്കാൻ പോകുന്നില്ല, ഒരു വോട്ടെടുപ്പോ നടപടികളോ ഒന്നും ഉണ്ടാകാൻ പോകുന്നില്ല. വെറുമൊരു ചർച്ച, A charcha for a charcha's sake. ഈ സമയത്ത് ഒരുപാട് ഓർമ്മകൾ നമുക്കെല്ലാവർക്കും ഉണ്ടാകും. വഴി നടക്കാൻ വേണ്ടിയുള്ള മനുഷ്യാവകാശങ്ങളുടെ പോരാട്ടം, ചരിത്രം മറന്നുകൂടാത്ത ചാന്നാർ കലാപം, മാറുമറയ്ക്കാൻ വേണ്ടിയുള്ള റൗക്ക കലാപം, വഴി നടക്കാൻ വേണ്ടിയുള്ള വൈക്കം സത്യാഗ്രഹം, ആരാധനാവകാശം ഉയർത്തിപ്പിടിക്കാൻ വേണ്ടിയുള്ള ഗുരുവായൂർ സത്യാഗ്രഹം. അതെല്ലാം നമ്മുടെ ഓർമ്മകളിലേക്ക് ഇത്തരം ചർച്ചകളിൽ കടന്നുവരുന്നു. 1891-ലെ മലയാളി മെമ്മോറിയൽ, 1896-ലെ ഈഴവ മെമ്മോറിയൽ ഇതെല്ലാം നമുക്ക് ഓർമ്മ വരുന്നു. സംവരണത്തിന്റെ കാര്യത്തിൽ കേരളം മറന്നുകൂടാത്ത അത്യുജ്ജ്വലമായ സമര ഇതിഹാസങ്ങളിൽ ഓരോ നാഴികക്കല്ലുകളും നമുക്കു ഓർത്തു വയ്ക്കാം. സംവരണം വാസ്തവത്തിൽ ഈ നാട്ടിലെ, ഈ സമൂഹത്തിലെ ജാതി പിന്നോക്കാവസ്ഥയ്ക്ക് എതിരായിട്ടുള്ള, ജാതിജന്യമായ പിന്നോക്കാവസ്ഥയ്ക്ക് എതിരായിട്ടുള്ള സമൂഹത്തിന്റെ ഒരു സുരക്ഷാക്രമീകരണം മാത്രമായിരുന്നു. ഈ സമൂഹത്തിൽ ആയിരമായിരം കൊല്ലങ്ങളായി, തലമുറകളായി ഒരു സംവരണം ഉണ്ടായിരുന്നു. ആ സംവരണം മഹാ ഭൂരിപക്ഷം വരുന്ന, ജാതിയിൽ പിന്നോക്കം നിൽക്കുന്നവർക്ക് എതിരായ മുന്നോക്കത്തിനുവേണ്ടിയുള്ള സംവരണമായിരുന്നു. ആ സംവരണം തെറ്റായിരുന്നു. അതുകൊണ്ടാണ് രാജ്യം സ്വതന്ത്രമായപ്പോൾ രൂപീകൃതമായ ഭരണഘടന തെറ്റൊന്നും കൂടാതെ ശരിയായി പ്രഖ്യാപിച്ചത്. 15 (4), 16 (4) എന്നീ വകുപ്പുകൾ പ്രകാരം socially and educationally backward ആയിരിക്കണം സംവരണത്തിന്റെ മാനദണ്ഡമെന്ന് നിശ്ചയിച്ചു. എന്റെ പാർട്ടി ആ നിലപാടിനെ ശക്തമായി പിന്തുണച്ചു. സ്വതന്ത്ര ഇന്ത്യയിൽ കാകാകലേക്കർ കമ്മീഷൻ തുടങ്ങി ഒരുപാടു കമ്മീഷനുകൾ ഉണ്ടായിട്ടുണ്ട്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യത്തിൽ എന്തുണ്ടായി? ഇവിടെ പ്രൊഫ. കെ. വി. തോമസിനോട് പലരും ആവർത്തിച്ചു ചോദിച്ചു, എവിടെയാണ് കോൺഗ്രസ്സ് നിലനിൽക്കുന്നതെന്ന്? അദ്ദേഹം പറഞ്ഞു, കോൺഗ്രസ്സ് അവിടെയുണ്ട്, ഇവിടെയുണ്ട്, എവിടേയുമുണ്ട് എന്ന്. നിലപാടു മാത്രം പറഞ്ഞില്ല. എനിക്ക് അത്ഭുതമില്ല, മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ മേൽ ഒരുപാട് കൊല്ലക്കാലം അടക്കോഴി അടയിരിക്കുന്നതുപോലെ അടയിരുന്ന പാർട്ടിയാണ് ഒടുവിൽ വി. പി. സിംഗ് ഗവൺമെന്റ് രംഗത്തു വന്ന് പൊടിതട്ടി ആ റിപ്പോർട്ട് പുറത്തെടുത്തു നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ, സംഘപരിവാറിന്റെ കൂടെ ചേർന്നുകൊണ്ട് വി. പി. സിംഗ് ഗവൺമെന്റിനെ അട്ടിമറിച്ച പാർട്ടിയാണ് കോൺഗ്രസ്സ് പാർട്ടി. ജാതി മേധാവികൾക്കുവേണ്ടി, സവർണ്ണ തമ്പുരാക്കന്മാർക്കുവേണ്ടി തെരുവിൽ സംഘർഷം സൃഷ്ടിച്ച

LIBRARY ARCHIVES Kerala Legislative Assembly

ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും കൂടെ അന്നു വടക്കേ ഇന്ത്യയിൽ മുഴുവൻ കോൺഗ്രസ്സുകാരും ഉണ്ടായിരുന്നു. അതു നടപ്പിലാക്കിയ ഗവൺമെന്റിനെ താഴെയിറക്കാൻ വേണ്ടിയുള്ള സംഘപരിവാറിന്റെ നീചമായ നീക്കത്തിന്റെ ഭാഗമായി അവർ ശ്രീരാമനെ കൂട്ടുപിടിച്ചുകൊണ്ട്.....

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): റൂൾ 303 അനുസരിച്ച് ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. കോൺഗ്രസ്സ്, ആർ.എസ്.എസ്. നെയുംകൂട്ടി തെരുവിലിറങ്ങി, കലാപം സൃഷ്ടിച്ചുവെന്ന് ഈ സഭയിൽ സത്യവിരുദ്ധമായി പറഞ്ഞത് റൂൾ 307 അനുസരിച്ച് എക്സ്പഞ്ചു ചെയ്യേണ്ടതാണ്.

മി. ചെയർമാൻ: ഒരു പാർട്ടിക്കും ഹാനികരമായ പരാമർശങ്ങൾ സഭയിൽ നടത്താൻ പാടില്ല.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): I am raising a point of order. ഈ പറഞ്ഞ കാര്യങ്ങൾ സത്യ വിരുദ്ധമെന്നു മാത്രമല്ല ഇന്ത്യൻ രാഷ്ട്രീയത്തിൽ സംഘപരിവാറുമായി ആദ്യം കൂട്ടുപിടിച്ച് ഒരു സംയുക്ത മുന്നണി ഉണ്ടാക്കിയത് സി.പി.ഐ(എം) ആയിരുന്നു എന്നുള്ള യാഥാർത്ഥ്യം കൂടി അതിനകത്ത് ഉൾക്കൊള്ളേണ്ടതാണ്.

ശ്രീ. ബിനോയ് വിശ്വം: ഉള്ളതു പറഞ്ഞാൽ കള്ളിക്കു പൊള്ളും. കാരണം കോൺഗ്രസ്സ് സംഘപരിവാറിന്റെ കൂടെ ഉത്തരേന്ത്യൻ തെരുവിൽ കലാപം സൃഷ്ടിക്കാൻ വേണ്ടി പെട്രോളും തീപ്പെട്ടിയുമായി നടന്ന കാര്യം ആരും മറന്നു പോയിട്ടില്ല. വി. പി. സിംഗ് ഗവൺമെന്റിനെ താഴെയിറക്കാൻ വേണ്ടി സംഘപരിവാർ മുൻകൈ എടുത്തു കൊണ്ടുവന്ന ആ പ്രചരണത്തിനുവേണ്ടി കൈ പൊക്കിയത് കോൺഗ്രസ്സ് (ഐ) അല്ലേ? മൂന്നര കൊല്ലക്കാലം നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഭരണത്തിന്റെ ഏതോ അലമാരയ്ക്കകത്ത് സുന്ദരമായി ഇരുന്ന് ഉറങ്ങി. ആ റിപ്പോർട്ട് നടപ്പിലാക്കാൻ വേണ്ടിയുള്ള നിർദ്ദേശം വന്നപ്പോഴെല്ലാം സമവായം വേണമെന്ന് ഇവിടെ പറയുകയുണ്ടായി. സമവായത്തിന്റെ വക്താക്കൾ ഇപ്പോൾ പെട്ടെന്ന് ഒരാവേശം മൂത്ത് രംഗത്തു വന്നിട്ട് അതു നടപ്പിലാക്കണം എന്നു വാദിക്കുമ്പോൾ നമുക്കെല്ലാവർക്കും പ്രതീക്ഷിക്കാം, അതിന്റെ പുറകിൽ മറ്റെന്തെങ്കിലും ഉണ്ടെന്ന്. എന്റെ പാർട്ടിക്ക് പറയാനുള്ളത്, സംവരണം തീർച്ചയായും പൊതുമേഖലയിൽ മാത്രം പോര. ഉദ്യോഗങ്ങളിൽ ഏറിയ പങ്കും ഇന്ന് സ്വകാര്യ മേഖലയിലാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയാണ്. പി.എസ്.സി. വഴി ജോലി കൊടുക്കാനുള്ള സാദ്ധ്യത കുറയുകയാണ്. അതുകൊണ്ട് ഉദ്യോഗങ്ങൾ ഏറെയുള്ള സ്വകാര്യമേഖലയിൽ സംവരണം വേണമെന്ന വാദം എന്റെ പാർട്ടി ഉയർത്തിപ്പിടിക്കുന്നു. ഈ സഭയിലെ എല്ലാ പാർട്ടികളും അതിനെപ്പറ്റിയുള്ള നിലപാട് വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഒരു വാക്കുകൂടി ഞാൻ പറയട്ടെ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് ഉചിതവും

LIBRARY ARCHIVES Kerala Legislative Assembly

ഭാവനാപൂർണ്ണവുമായ നിലപാടിലൂടെ 18,000 വരുന്ന ബാക്ക്‌ലോഗ് നികത്തണമെന്നാണ്. ഈ ഗവൺമെന്റിന് ഒരു ബാദ്ധ്യതയുണ്ട്. എന്താണ് ഉചിതവും ഭാവനാപൂർണ്ണവുമായ മാർഗ്ഗം? മൂന്നരക്കൊല്ലമായി ഉചിതവും ഭാവനാപൂർണ്ണവുമായ നിലപാടിനെപ്പറ്റി കമാ എന്നൊരക്ഷരം മിണ്ടാത്ത ഒരു ഗവൺമെന്റാണ്. വെറുതെയല്ല മിണ്ടാതിരുന്നത്. ഈ ഗവൺമെന്റ് വേട്ടപ്പട്ടികളുടെ കൂടെയാണ്. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന എല്ലാപേർക്കും എതിരായ ഗവൺമെന്റാണെന്നുള്ള കാര്യം ഉന്നയിക്കപ്പെടുകയാണ്. ഈ റിപ്പോർട്ട് ചർച്ചയ്ക്കെടുക്കുന്നുയെന്ന് വരുത്തിതീർത്തുകൊണ്ട്, ശരിക്കു പറഞ്ഞാൽ നരേന്ദ്രൻ കമ്മീഷന്റെ യഥാർത്ഥ ഉള്ളടക്കത്തെ ഈ ഗവൺമെന്റ് ആക്രമിക്കുകയാണ്. ഇതിനകത്ത് ആത്മാർത്ഥതയുടെ ഒരു കണികപോലുമില്ലെന്നുള്ള കാര്യം .....(ബഹളം).....

മി. ചെയർമാൻ (ശ്രീ. എം. എം. ഹസ്സൻ): പ്ലീസ് കൺക്ലൂഡ്. .....

ശ്രീ. ബിനോയ് വിശ്വം: കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യയ്ക്കുവേണ്ടി, എന്റെ പാർട്ടിക്കുവേണ്ടി ഞാൻ ഈ സഭയിൽ പറയുന്നു ഈ റിപ്പോർട്ടിന്റെ ഏറ്റവും കാതലായ ഭാഗം, ഭാവനാപൂർണ്ണവും ഉചിതവും ആയ ആ നടപടി എന്താണ് എന്നുള്ളതാണ്? ആ നടപടിയെപ്പറ്റി വ്യക്തമാക്കാൻ ചർച്ചയിൽ പങ്കെടുക്കുന്ന യു.ഡി.എഫ്.-ലെ ഓരോ പാർട്ടിക്കുമുള്ള ബാദ്ധ്യതയെപ്പറ്റി അടിവരയിട്ട് പറഞ്ഞുകൊണ്ട് ഞാൻ എതിർക്കുന്നു. .....(ബഹളം).....

മി. ചെയർമാൻ (ശ്രീ. എം. എം. ഹസ്സൻ): ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം.....(ബഹളം).....ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം ദയവായി ഇരിക്കൂ.....പ്ലീസ്.....

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി നിയമസഭയിൽ ചർച്ച നടക്കുമ്പോൾ സംസ്ഥാനത്തെ പ്രതിനിധാനം ചെയ്യുന്ന നിയമസഭാ അംഗങ്ങൾക്കുവരെ സ്വന്തം വികാരം സംയമനംചെയ്ത് സംസാരിക്കാനോ പെരുമാറാനോ സാദ്ധ്യമല്ല എന്നുള്ളതുകൊണ്ടുതന്നെ റിപ്പോർട്ടിനെക്കുറിച്ച് സംസാരിക്കുകയെന്നുള്ളതുപോലും ബുദ്ധിമുട്ടുള്ള ഒരേർപ്പാടായി മാറുന്നു. ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിക്കുന്നത് പോലീസ് സ്റ്റേഷനുകളെപ്പറ്റിയുള്ള ഒരു പഴയ കഥയാണ്. പരാതിയുമായി ചെല്ലുമ്പോൾ പോലീസ് ഓഫീസേഴ്സ് കസേര കൊടുത്തിട്ട് ഇരിക്കാൻ പറയും. ഇരുന്നാൽ കുഴപ്പം ഇരുന്നില്ലെങ്കിൽ കുഴപ്പം. ഇത് പണ്ടേയ്ക്കുപണ്ടേ പറയാറുള്ളതാണ്. ഇതും ഏതാണ്ട് അതുപോലെയാണ്. ഇവിടെ സംസാരിക്കാൻ എഴുന്നേൽക്കുമ്പോഴേ കുഴപ്പം. എന്താണ് സംസാരിക്കാൻ പോകുന്നതെന്ന് ക്ഷമയോടുകൂടി കേട്ടിരിക്കാനുള്ള സഹനശക്തി ഇവിടെ കുറെപ്പേർ കാണിക്കുന്നില്ല. പ്രൊഫ. കെ. വി. തോമസ് സംസാരിക്കുമ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായമാണോ, പാർട്ടിയുടെ അഭിപ്രായമാണോ പറയേണ്ടതെന്നും ഇപ്പോൾ പറയണം, ഈ നിമിഷം

LIBRARY ARCHIVES Kerala Legislative Assembly

പറയണം, അത് പാർട്ടിയെ എങ്ങനെ ചുമതലപ്പെടുത്തിയെന്ന് പറയണം എന്നരീതിയിലാണ് പ്രതികരണമുണ്ടായത്. ശ്രീ. ബിനോയ് വിശ്വം സംസാരിച്ചപ്പോൾ എന്റെ പാർട്ടിയുടെ അഭിപ്രായമാണെന്ന് പറഞ്ഞ ആ സംവരണം ഏത് സംവരണമാണെന്ന് അദ്ദേഹവും സൗകര്യപൂർവ്വം വ്യക്തമാക്കിയില്ല. സംവരണം മറ്റ് സ്ഥാപനങ്ങളിലേക്കും വരണമെന്നല്ലാതെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന സംവരണത്തെക്കുറിച്ചോ.....(ബഹളം).....

മി. ചെയർമാൻ (ശ്രീ. എം. എം. ഹസ്സൻ): അംഗങ്ങൾ തടസ്സപ്പെടുത്തരുത്. അവർ സംസാരിക്കട്ടെ.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: കാര്യങ്ങൾ പരസ്പരം പറയാനും കേൾക്കാനും അതിൽ നല്ലത് കൊള്ളാനും വേണ്ടാത്തത് തള്ളാനുമുള്ള ഒരു സമചിത്തതയാണ് ബഹുമാനപ്പെട്ട അംഗങ്ങൾ കാണിക്കേണ്ടത്. ഭരണഘടന അനുശാസിക്കുന്ന സമത്വമെന്നൊക്കെ പറയുന്നത് വെറുമൊരു ഉട്ടോപ്പ്യയായി മാറരുത്. അവശൻമാരും ആർത്തൻമാരും ആലംബഹീനൻമാരുമായ സഹോദരങ്ങൾക്ക് അത്താണിയാകേണ്ടത് ബലവാൻമാരും സന്തോഷഭരിതരും ആലംബമുള്ളവരുമായ സമസൃഷ്ടങ്ങൾ തന്നെയാണ്. യാതൊരു തർക്കവുമില്ല. കഴിവില്ലാത്തവരെ ഉയർത്തിക്കൊണ്ട് വരേണ്ടത് കഴിവുള്ളവരുടെ പ്രാഥമികമായ കർത്തവ്യമാണ്. ആ അഭികാമ്യമായ അവസ്ഥ സ്വന്തമാക്കാൻ നമ്മുടെ നാട് പണ്ടുതൊട്ടേ പ്രതിജ്ഞാബദ്ധവുമാണ്. പക്ഷേ ദൗർഭാഗ്യമെന്ന് പറയട്ടെ അതുമുഴുവൻ പ്രാവർത്തികമാക്കാൻ ഇന്നേവരെ സാധിച്ചിട്ടില്ല. എന്തൊക്കയോ കാരണങ്ങൾ കൊണ്ട് എപ്പോഴും തട്ടുകൾ പല തലങ്ങളിലായി കിടക്കുകയാണ്. ഇത് ഒരേ തലത്തിൽ വന്നാലേ ഈ പറയുന്ന സമത്വമെന്നുള്ളത് സാർത്ഥകമാക്കാൻ സാധിക്കുകയുള്ളു. സമത്വം നഷ്ടപ്പെട്ടുപോകുന്നത് ഉയർച്ചയും താഴ്ചയും ഉള്ളതുകൊണ്ടാണ്. പിന്നോക്കവും മുന്നോക്കവും ഉള്ളതുകൊണ്ടാണ്. വലുതും ചെറുതും ഒരുമയുടെ പെരുമയെയാണ് തകർക്കുന്നത്. താഴ്ന്നുപോകുന്നത്, പിന്നോക്കം വർത്തിക്കേണ്ടിവരുന്നത്, ചെറുതായി ചുരുങ്ങുന്നത് അസഹ്യമാണ്. പക്ഷേ ആ താഴ്ച, പിന്നോക്കാവസ്ഥ, വലിപ്പക്കുറവ് ഏതെങ്കിലും ജാതിയിലോ മതത്തിലോ പിറന്നുപോയി എന്നതുകൊണ്ട് മാത്രമാണെന്ന് വിശ്വസിക്കുന്നത് വിഡ്ഢിത്തമായിരിക്കും. അസമത്വത്തിന് അടിസ്ഥാന ഘടകമായി വർത്തിക്കുന്ന പലവിധ കാര്യങ്ങളിൽ ശക്തമായ ഒന്നായി ജാതിയും മതവും വർത്തിക്കുന്നുണ്ടെന്നുള്ള വസ്തുതയ്ക്ക് നേരെ കണ്ണടയ്ക്കാതെ തന്നെയാണ് ഞാൻ ഇത് പറഞ്ഞത്. നൂറ്റാണ്ടുകളായി പലവിധ അസമത്വങ്ങളുടെ ദുസ്സഹ ദുർഗന്ധവും അസഹ്യഭാരവും അടിച്ചേൽപ്പിക്കപ്പെട്ടതുകൊണ്ട് വേദനകൊണ്ട് പുളയുന്ന ഒരു സമൂഹത്തെ നേരിൽ കണ്ടതുകൊണ്ടാണല്ലോ കവിയുടെ ചേതന മലയാള മണ്ണിൽ ഉണർന്നു പാടിയത്.

LIBRARY ARCHIVES Kerala Legislative Assembly

"ബ്രഹ്മർഷിമാർ മുഖ്യനേ മുക്കുവത്തി പെറ്റോരു
പുണ്യക്ഷിതി മണ്ഡപത്തിൽ അഹോ! മനുഷ്യന്
മനുഷ്യനോട് സാമീപ്യ സമ്പർക്കം അധർമ്മമായി"

എന്ന ആ വരികളിലെ ആത്മനൊമ്പരം ഒപ്പിയെടുത്തുകൊണ്ടുതന്നെ ഏത് ജാതിയിൽ പിറന്നാലും ഏത് മതത്തെ അനുധാവനം ചെയ്താലും ഈ പ്രപഞ്ചത്തെ മനോഹരമായ ഒരു പൂങ്കാവനമായി മാറ്റാൻ സ്വന്തം പൂന്തോട്ടങ്ങൾ നട്ട് നനച്ചുവളർത്തുക എന്നതിനുമപ്പുറം അന്യന്റെ നന്ദനോദ്യാനം നശിപ്പിച്ചാലേ സ്വന്തം പുവാടിയിൽ പൂങ്കുയിൽ പാടുകയുള്ളുയെന്ന് നിർബന്ധം പിടിക്കുന്നത് ആത്മഹത്യാപരമായിരിക്കുമെന്ന് വിനയപൂർവ്വം ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയാണ്. അസമത്വ ദൂരീകരണത്തെക്കുറിച്ചുള്ള ചർച്ച വെറും ജാതീയമോ വർഗ്ഗീയപരമോ ആയി അധഃപതിക്കരുത്. ഓടയിൽക്കിടക്കുന്നവൻ ആരായാലും അവന്റെ ശയ്യാതലം മാറുകതന്നെ വേണം. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഇവിടെ ചർച്ചചെയ്യപ്പെടുമ്പോൾ പല ദശകങ്ങൾ പിന്നിലേക്ക് തിരിഞ്ഞു നോക്കാതിരിക്കാൻ ആവില്ല. മറ്റൊരു കമ്മീഷൻ ഇവിടെ പരാജയമായിരുന്ന സ്വന്തം അസ്ഥിത്വവുമായി ഉയർന്നു നിൽക്കുന്നുണ്ട്; മണ്ഡൽ കമ്മീഷൻ അത് 1977-ൽ നിയമിക്കപ്പെട്ട കമ്മീഷനാണ്. 1980-ലാണ് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടത്. എല്ലാപേർക്കും അറിയാം. നീണ്ട സംവത്സരകാലത്തേക്ക് ആര് വിചാരിച്ചിട്ടും നടപ്പിലാക്കാൻ കഴിയാതെപോയ ഒരു കമ്മീഷൻ ആയിരുന്നുവെന്നും എനിക്കറിയാം. 7-8-1990-ലാണ് അന്നത്തെ പ്രധാനമന്ത്രി മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാനുള്ള തീരുമാനമെടുത്തത്. പക്ഷെ ഇവിടെ ശ്രീ. ബിനോയ് വിശ്വം പറയുന്നതുപോലെ ആ തീരുമാനത്തെ അട്ടിമറിക്കാൻ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഏതെങ്കിലുമൊരു പ്രലോഭനശക്തിയുമായി ഒരിക്കലും കൂട്ടുകൂടിയിട്ടില്ല. അതിന് മുൻപ് വി. പി. സിംഗ് പ്രധാനമന്ത്രിയായിരിക്കുമ്പോൾ ജനം അനുവദിച്ച് ലോക്സഭയിൽ ഇരുന്നിട്ടുള്ള ഒരംഗമാണ് ഞാൻ. എനിക്കറിയാം ആഴ്ചതോറും അത്താഴവിരുന്നുകളുമായി ഇടതുപക്ഷ നേതാക്കൻമാരും ബി.ജെ.പി. നേതാക്കൻമാരും വി. പി. സിംഗുമായി മുട്ടിയുരുമ്മി നിന്നുകൊണ്ട് ഓരോ കാര്യങ്ങളും ആ കാലഘട്ടത്തിൽ നിർവ്വഹിച്ചിരുന്നത്. അന്ന് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് വി. പി. സിംഗിനെ പിൻതുണച്ചിട്ടില്ല. പിന്നാലെ വി. പി. സിംഗിനുള്ള പിൻതുണ ആരെങ്കിലുമൊക്കെ പിൻവലിച്ചാൽ ആരെങ്കിലുമൊക്കെ പിൻതുണ പിൻവലിക്കുന്നുയെന്ന് പറഞ്ഞുകൊണ്ട് .....

ശ്രീ. ആര്യാടൻ മുഹമ്മദ്: 1967-ൽ സി.പി.ഐ. ബീഹാറിലും പഞ്ചാബിലും യു.പി-യിലും ദേശീയ ജനാധിപത്യത്തിന്റെ പേരിൽ ജനസംഘത്തിന്റെ കൂടെ ഭരിച്ച കാര്യം അങ്ങേക്ക് അറിയാമോ?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: അത് ഓർമ്മ വച്ചുകൊണ്ടു തന്നെയാണ് ഞാൻ പറയുന്നത്. ഇപ്പോൾ വി.പി. സിംഗിന് ബി.ജെ.പി.-യും ഇടതുപക്ഷവും ഒരുമിച്ച് പിൻതുണ കൊടുത്തിട്ടുണ്ട്. എങ്കിൽ ആ സമയത്ത് ഇൻഡ്യൻ നാഷണൽ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ് പിൻതുണ കൊടുത്തിട്ടില്ല. ആരെങ്കിലുമൊക്കെ പിന്നോക്കം പോകുമ്പോൾ കുറച്ചുപേർ പിന്നോക്കം പോയല്ലോ, അപ്പോൾപ്പിന്നെ ഞങ്ങൾ ഇവിടെ മുന്നോക്കം വേണ്ടേ, പിൻതുണ പ്രഖ്യാപിക്കാം എന്ന് നിശ്ചയിക്കാനുള്ള പാർട്ടിയല്ല ഇൻഡ്യൻ നാഷണൽ കോൺഗ്രസ്. 1989-ൽ വി. പി. സിംഗ് അധികാരത്തിലേറിയിട്ട് 11 മാസങ്ങൾക്കു ശേഷം അദ്ദേഹം ഇറങ്ങിപ്പോകുന്നതുവരെ ഒരേ ഒരു നിലപാട് തന്നെയാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസിന് ഉണ്ടായിരുന്നത്. ആ സമയത്ത് ഗവൺമെന്റിനെ താഴെയിറക്കാൻ ആര് എന്തു ചെയ്തു എന്നുള്ളത് ഇൻഡ്യൻ നാഷണൽ കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം പ്രശ്നമല്ല. ഞാൻ കൂടുതൽ അതിലേക്ക് കടക്കുന്നില്ല. ആത്മാഹുതിയുടെ പ്രളയപ്രവാഹമായിരുന്നു ഈ തീരുമാനം നടപ്പിലാക്കാൻ നിശ്ചയിച്ചതിനുശേഷം ഇൻഡ്യാ മഹാരാജ്യത്ത് ഉണ്ടായത് എന്നുള്ളത് ഞാൻ മറക്കുന്നില്ല. ഒടുവിൽ 16-11-1992-ൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട്. മറ്റു പിന്നോക്ക സമുദായങ്ങളിൽ അതായത്, ഒ.ബി.സി. വിഭാഗങ്ങളിൽ പെട്ടവർക്ക് സംവരണത്തിന്റെ ആനുകൂല്യം നൽകാൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഒരു സുപ്രധാന വിധി വന്നു. അതിന് അർഹതപ്പെട്ട സമുദായങ്ങളിലെ മേൽത്തട്ട് ഏത്, കീഴ്ത്തട്ട് ഏത് എന്ന് നിശ്ചയിച്ചേ തീരു. ഒ.ബി.സി.-യിൽ ഈ മേൽത്തട്ടും കീഴ്ത്തട്ടും അതാതു പ്രദേശങ്ങളിൽ നിയന്ത്രിക്കുന്നതിന് കേന്ദ്രത്തിനു വേണ്ടിയും സംസ്ഥാനത്തിനു വേണ്ടിയും ഒരു സ്ഥിരം കമ്മീഷനെ നിയമിക്കണം. ഓരോ പ്രദേശത്തും പ്രത്യേകമായി സംസ്ഥാനത്തിന്റെ സ്ഥിരം കമ്മീഷനെ നിയമിക്കപ്പെട്ടുകഴിഞ്ഞാൽ അതതു പ്രദേശങ്ങളിലെ ഈ വക കാര്യങ്ങൾ നിർണ്ണയിക്കുന്നതിനും ഒ.ബി.സി.യിൽത്തന്നെ ഏതെങ്കിലും കൂട്ടരെ ഒഴിവാക്കുന്നതിനും ഏതെങ്കിലും കൂട്ടരെ കൂട്ടിച്ചേർക്കുന്നതിനുമൊക്കെ കഴിയും. ഒ.ബി.സി. എന്നുപറയുന്നത് കൃത്യമായ ഏതെങ്കിലും വിഭാഗക്കാർ മാത്രമായി ഉൾക്കൊള്ളുന്ന ഒരു സമൂഹമല്ല. മറിച്ച് ഒ.ബി.സി.-യിൽ ആരെയെങ്കിലും കൂട്ടിച്ചേർക്കാനും ഒഴിവാക്കാനും ഒക്കെ അധികാരമുള്ള ഈ സ്ഥിരം കമ്മീഷൻ വേണമെന്ന് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള ഒരു മാർഗ്ഗം എന്ന രീതിയിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്നതാണ്. പ്രസ്തുത കമ്മീഷന്റെ നിയമനം നാല് മാസത്തിനുള്ളിൽ നടത്തണം, അതിനുമുമ്പേ ഒ.ബി.സി.-ക്ക് അർഹമായ സംവരണം ഒരു പരിധിവരെയെങ്കിലും കൊടുത്ത സംസ്ഥാനമായിരുന്നു കേരളം. അതുകൊണ്ട് കേരളത്തെ സംബന്ധിച്ചിടത്തോളം ആറ് മാസത്തെ കാലയളവാണ് ഈ സ്ഥിരം കമ്മീഷനെ നിയമിക്കാൻ ബഹുമാനപ്പെട്ട സുപ്രീം കോടതി നൽകിയത്. 16-11-1992-ൽ ഇങ്ങനെ ഒരു വിധി സുപ്രീംകോടതിയിൽ നിന്ന് ഉണ്ടായിട്ട് ഇന്ന് 10-3-2005 ആയല്ലോ, ഒരു വ്യാഴവട്ട കാലത്തിനിടയ്ക്ക് ഇവിടെ എന്തൊക്കെ നടന്നു എന്ന് അന്വേഷണം വേണം. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് മാത്രമല്ല ഈ വ്യാഴവട്ടക്കാലത്തിനിടയ്ക്ക് സംസ്ഥാനം ഭരിച്ചത്. കൂടുതൽ കാലം ഭരിക്കാൻ ജനങ്ങൾ ഞങ്ങളെ ഏൽപ്പിക്കുന്നു,

LIBRARY ARCHIVES Kerala Legislative Assembly

അത് വേറെ കാര്യം. പക്ഷേ സുപ്രീം കോടതി വിധി വന്നതിനുശേഷം എന്ത് നടന്നു? 16-11-1992 മുതൽ ആറ് മാസം എന്നുള്ളത് 15-5-1993-ൽ തീരും. കേരളം അനങ്ങിയില്ല. 1977-ൽ നിയമിച്ച 1980-ൽ ലഭ്യമായ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ 16-11-1992-ലെ സുപ്രീം കോടതി വിധിവരെ ഇട്ട് ഉരുട്ടിയ നാടാണ് നമ്മുടേത്. പിന്നെ രണ്ടരക്കൊല്ലംകൂടി കാത്തിരുന്ന് 15-3-1995-ൽ സുപ്രീം കോടതി വിധി നടപ്പിലാക്കാൻ കൂടുതൽ സമയം ചോദിക്കുക മാത്രമാണ് കേരള ഗവൺമെന്റ് ചെയ്തത്. ഇത് ആർക്കും നിഷേധിക്കാനാവുന്ന കാര്യങ്ങളല്ല. സത്യത്തെ സത്യമായി നോക്കിക്കണ്ട് എവിടെയെങ്കിലും എന്തെങ്കിലും പിഴവുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ പിഴവുകൾ അകറ്റി എല്ലാവർക്കും സാമാന്യേന ഗുണകരമാകുന്ന സമ്പ്രദായത്തിൽ പരിണമിപ്പിക്കാനാണ് നമുക്ക് പരിണതപ്രജ്ഞത എന്നുപറയുന്നത് വേണ്ടത്. സംസ്ഥാന ഗവൺമെന്റിന്റെ ഒരു ഹർജി സുപ്രീംകോടതി തള്ളിക്കളയുകയുണ്ടായി എന്നുള്ളതും ഈ സമയത്ത് ഞാൻ മറക്കുന്നില്ല. കേരളാ ഗവൺമെന്റ് കുറച്ച് കൂടുതൽ സമയം ചോദിച്ചപ്പോൾ കോർട്ട് അലക്ഷ്യത്തിന് നടപടികൾ സ്വീകരിക്കുന്ന സ്ഥിതിവരെ എത്തിയിട്ടുണ്ട് എന്നുള്ളത് നമുക്ക് മറക്കുക വയ്യ. എങ്കിലും 11-9-1995 വരെ ആറ് മാസക്കാലം കൂടി സുപ്രീം കോടതി സംസ്ഥാന ഗവൺമെന്റിന് 1992-ലെ വിധി നടപ്പിലാക്കാൻ സമയം നൽകി. ഗവൺമെന്റാകട്ടെ ഒരു നിയമം കൊണ്ടുവരികയാണുണ്ടായത്, ആ നിയമത്തെ ചോദ്യം ചെയ്ത് നായർ സർവ്വീസ് സൊസൈറ്റി സുപ്രീം കോടതിയിൽ പോയിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. ആ കേസിന്റെ ഫലമായിട്ടാണ് അസ്ഥിരപ്പെടുത്തിയത് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. എന്റെ അറിവ് തെറ്റാണെങ്കിൽ ഇവിടെ ആർക്കുവേണമെങ്കിലും അതു സംബന്ധമായി എന്തുവേണമെങ്കിലും അഭിപ്രായം പറയാൻ സ്വാതന്ത്ര്യമുണ്ട്. കേൾക്കാനുള്ള സാവകാശവും ഞാൻ പ്രദർശിപ്പിക്കും എന്നുള്ളത് ഉറപ്പാണ്. ആ ഉത്തരവ് വന്നത് 1999-ലാണ്. അപ്പോഴേക്കും കേരളത്തിന്റെ ഭരണം മാറി. പ്രതിപക്ഷം ഭരണപക്ഷവും, ഭരണപക്ഷം പ്രതിപക്ഷവുമായി മാറിയിരുന്നു. ഒരേ കാര്യത്തെ ചൊല്ലി വ്യത്യസ്തങ്ങളായ ആവശ്യങ്ങൾ വേണ്ടിവരുമ്പോൾ വോട്ട് വേണ്ടവർ ചെയ്യുന്നതൊക്കെ 1999-ലെ ഗവൺമെന്റും ചെയ്തു. ഇത് അറിയണമെന്നുണ്ടെങ്കിൽ അതിനുമുമ്പ് ഗവൺമെന്റ് കൊണ്ടുവന്ന നിയമം അസ്ഥിരപ്പെടുത്തിയ സുപ്രീം കോടതി പിന്നെ എന്തുചെയ്തു എന്നതിനെപ്പറ്റിയും കൃത്യമായ ധാരണയുണ്ടാകണം. 1992-ൽ സ്ഥിരം കമ്മീഷനെ നിയമിക്കാൻ കേരളത്തിന് ആറുമാസത്തെ സമയം സുപ്രീം കോടതി കൊടുത്തു. തുടർന്ന് രണ്ട് കൊല്ലത്തെ ഇടവേളയ്ക്കുശേഷം 1995 സെപ്റ്റംബർ 11 വരെ വീണ്ടും ആറ് മാസം കൂടി വാതിൽ തുറന്നിട്ടു കൊടുത്തിട്ട് ഒടുവിൽ സംസ്ഥാന ഗവൺമെന്റ് നടപടികളെടുക്കാൻ പരാജയപ്പെട്ട സാഹചര്യത്തിൽ സ്വമേധയാ ചില നടപടികൾ ആരംഭിച്ചു. ബഹുമാനപ്പെട്ട സുപ്രീം കോടതി ബഹുമാനപ്പെട്ട ഹൈക്കോടതിയോട് ഒരു ഉന്നതതല കമ്മിറ്റിയെ നിശ്ചയിക്കാൻ ആവശ്യപ്പെട്ടു. ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ചെയർമാനായി സമൂഹത്തിന്റെ വ്യത്യസ്ത മേഖലകളിലുള്ള നാലുപേർ

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങളായി സുപ്രീം കോടതിയുടെ നിർദ്ദേശമനുസരിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി അങ്ങനെ ഒരു കമ്മിറ്റിയെ 27-5-1997-ൽ റിപ്പോർട്ട് സമർപ്പിക്കാൻ പറ്റുന്ന പാകത്തിൽ നിയമിച്ചു, ജസ്റ്റീസ് ജോസഫ് കമ്മീഷൻ. നിയമിച്ച് അധിക കാലം കഴിയുന്നതിനുമുമ്പ് എല്ലാ കാര്യങ്ങളും പഠിച്ചിട്ട് 27-5-1997-ൽ ജസ്റ്റീസ് ജോസഫ് കമ്മീഷൻ ബഹുമാനപ്പെട്ട സുപ്രീം കോടതിക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ട് 13-12-1999-ൽ സുപ്രീം കോടതി അംഗീകരിക്കുകയും ചെയ്തു. 1997-ലും 1999-ലുമൊക്കെ ഈ നാട് ഭരിച്ചിരുന്നത് ആരാണെന്ന് എനിക്കും നിങ്ങൾക്കും ഒരുപോലെ അറിയാം. വാർഷിക സാമ്പത്തിക വരുമാന പരിധി ഒന്നര ലക്ഷം രൂപയെന്നു കണ്ട് ജസ്റ്റീസ് ജോസഫ് കമ്മീഷൻ സമർപ്പിച്ച ശുപാർശയാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി അംഗീകരിച്ചു കൊടുത്തത്. ഈ വരുമാനപരിധി ശമ്പളവും ശമ്പളേതരവുമായ എല്ലാ വരുമാനവും ഉൾക്കൊള്ളുന്നതാണ്. 13-12-1999-ലെ സുപ്രീം കോടതി വിധിന്യായത്തിലെ പ്രസക്തമായ ഒരു ഭാഗം ഈ സഭാരേഖകളിൽ ഇന്നത്തെ ചർച്ചയുടെ ഭാഗമായി ഉണ്ടാകണമെന്ന് എനിക്ക് നിർബന്ധമുള്ളതുകൊണ്ട് ഞാൻ അത് വായിക്കുന്നു. ഈ ദിവസം മുതൽ 13-12-1999 മുതൽ ജോസഫ് കമ്മീഷൻ റിപ്പോർട്ട് പ്രാബല്യത്തിൽ ആയിരിക്കുന്നു, ഇതുവരെ പി.എസ്.സി.-യുടെ നിയമന ഉത്തരവുകൾ നൽകിയിട്ടില്ലാത്തവർക്കും പബ്ലിക് സർവ്വീസ് കമ്മീഷനിലെ ഇനിയുള്ള നിയമനങ്ങൾക്കും ഈ റിപ്പോർട്ട് മാനദണ്ഡമാക്കണം. വരുമാന പരിധിയുടേയും വസ്തുവകകളുടേയും കാര്യത്തിൽ ജോസഫ് കമ്മീഷൻ ഹാജരാക്കിയിട്ടുള്ള ഷെഡ്യൂളുകൾ സുപ്രീംകോടതി അംഗീകരിക്കുന്നുണ്ട്. ഈ ഉത്തരവ് ലംഘിച്ച് പി.എസ്.സി. നടത്തുന്ന എല്ലാ നിയമനങ്ങളും അന്നുമുതൽ 13-12-1999 മുതൽ അസാധുവായിരിക്കും എന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി പറയുന്നു. അതോടെ മന്ത് വലതുകാലിൽ നിന്നും ഇടതുകാലിലേക്ക് പോയി.

<u>ശ്രീ. എം. വി. ജയരാജൻ:</u> സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. റൂൾ 58 അനുസരിച്ച് കൃത്യമായും വ്യക്തമായിട്ടുമുള്ള പ്രശ്നത്തെ സംബന്ധിച്ച ചർച്ച, ഇന്ന് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ള ചർച്ചയാണ്. ബഹുമാനപ്പെട്ട സാവിത്രി ലക്ഷ്മണൻ പറയുന്നത് ജോസഫ് കമ്മീഷനെ ആസ്പദമാക്കിയുള്ള ചർച്ചയാണ്. കൃത്യമായും വ്യക്തമായുമുള്ള ചർച്ചയാണ് ഇവിടെ വേണ്ടത്. നരേന്ദ്രൻ കമ്മീഷനെപ്പറ്റിയുള്ള അഭിപ്രായമാണ് ഒരു കോൺഗ്രസ് നേതാവായ പ്രൊഫ. സാവിത്രി ലക്ഷ്മണൻ പറയേണ്ടത്. അതിനുപകരം പ്രൊഫസർ പറയുന്നത് ജോസഫ് കമ്മീഷൻ റിപ്പോർട്ടിന്റെ അഭിപ്രായമാണ്. റൂൾ 58 അതിനെ റെസ്ട്രിക്റ്റ് ചെയ്യുന്നുണ്ട്.

6.00 P.M.]

<u>മി. ചെയർമാൻ:</u> നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ ചർച്ചയ്ക്കിടയിൽ റിസർവേഷൻ നടന്നിട്ടുള്ള പലതരം പഠന കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർമാർ പരാമർശിക്കുന്നത് സ്വാഭാവികമാണ്. പല റിപ്പോർട്ടുകളും പരാമർശിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന രീതിയിൽ .....(ബഹളം).....നോ, നോ, റൂൾ 58 വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. മെമ്പർമാർ ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രസംഗം തടസ്സപ്പെടുത്തരുത്. പ്ലീസ്,..... പ്ലീസ്,..... നിങ്ങൾ ആഗ്രഹിക്കുന്നതുപോലെയല്ലല്ലോ അവർ അഭിപ്രായം പറയേണ്ടത്. മെമ്പറുടെ അഭിപ്രായം പറയട്ടെ, ദയവായി തടസ്സപ്പെടുത്തരുത്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: മന്ത് വലതു കാലിൽനിന്ന് ഇടതുകാലിലേക്കു പോയി എന്ന് ഞാൻ പറഞ്ഞുപോയി.

ശ്രീ. ബി. വിജയകുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ മെമ്പർമാരെ പ്രസംഗിക്കാൻ അവുവദിക്കാതിരിക്കുന്ന പ്രതിപക്ഷത്തിന്റെ സമീപനത്തെപ്പറ്റിയാണ് എനിക്ക് പറയാനുള്ളത്. ദൃശ്യ മാദ്ധ്യമങ്ങൾ ഉള്ളതുകൊണ്ടാണ് 24 മണിക്കൂറും എഴുന്നേറ്റു നിൽക്കുന്നത്. അങ്ങ് അത് നിയന്ത്രിക്കണം.

മി. ചെയർമാൻ: ഇന്ന് ഈ ചർച്ച ലൈവ് ആയി ടെലികാസ്റ്റ് ചെയ്യുന്നു. ഈ സഭയിൽ ആരെല്ലാമാണ് ബഹളം ഉണ്ടാക്കുന്നതെന്ന് ജനങ്ങളെ അറിയിക്കാൻ ഇടകൊടുക്കാത്തവണ്ണം പെരുമാറണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ഇതോടുകൂടി ഇത് നടപ്പിലാക്കേണ്ട ബാദ്ധ്യത 1999-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനായി. അവർ കളിച്ച കളി അറിയേണ്ടതാണ്. പഞ്ചായത്ത് രാജ് ആക്ടിനെ ജനകീയാസൂത്രണമാക്കി മാറ്റുന്ന വിദ്യയുള്ള ആളുകളാണ്.

മി. ചെയർമാൻ: അങ്ങേക്ക് ഇനി ഒരു മിനിറ്റ് കൂടിയേയുള്ളൂ.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഇടപെടലുകളിലൂടെയും പോയിന്റ് ഓഫ് ഓർഡറുകളിലൂടെയും എന്റെ സമയം നഷ്ടപ്പെട്ടു. എനിക്ക് അൽപ്പസമയംകൂടി തരണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർമാർ തടസ്സപ്പെടുത്തരുത്. അവർ പറയാനുള്ളത് പറയും, Insist ചെയ്യാൻ ഒരു മെമ്പർമാർക്കും അവകാശമില്ല. അഭിപ്രായം പറയുന്നത് മെമ്പറുടെ അവകാശമാണ്. അത് കേൾക്കുകയെന്നേയുള്ളൂ.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ജോസഫ് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത് 27-5-1997 ആണ്. സുപ്രീം കോടതി ഉത്തരവിറക്കിയത് 13-12-1999-ലാണ്. രണ്ടര കൊല്ലത്തെ ഇടവേളയുണ്ട്. ഇവർ എന്താണെന്നോ പറഞ്ഞത്, രണ്ടര കൊല്ലം കൊണ്ട് ഇവിടത്തെ നാണയത്തിന്റെ മൂല്യത്തിന് വല്ലാത്ത ഇടിവ് സംഭവിച്ചു, അതുകൊണ്ട് ഒന്നുകൂടി പരിശോധിക്കണം.. വരുമാന പരിധി ഉയർത്തണം. 13-1-2000-ത്തിൽ ഒരു പുതിയ കമ്മീഷനെ ഉടനെ വച്ചു. അതാണ് ആദ്യത്തെ ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ ഒരു മാസം തികച്ചും ആയുസ്

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതിരുന്ന കമ്മീഷൻ 11-2-2000-ത്തിൽ ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ ചെയർമാൻ ആയും ശ്രീ. സാവൻകുട്ടിയും ശ്രീ. രബീന്ദ്രൻ നായരും അംഗങ്ങളായും അടുത്ത കമ്മീഷനും വന്നു. ആദ്യത്തെ രണ്ടു കമ്മീഷന്റേയും ഉദ്ദേശ്യമാണ് വരുമാനപരിധി വർദ്ധിപ്പിക്കാനുള്ള ഒരു സൂത്രം കെട്ടിപ്പടുക്കുകയെന്നുള്ളത്. ആ സൂത്രം സാധിച്ചു. മൂന്നു ലക്ഷം രൂപയായി വരുമാന പരിധി ഉയർത്തി. ആ മൂന്നു ലക്ഷം രൂപ ശമ്പളം മാത്രമായിട്ടുള്ള വരുമാനമാണ്. കാൽ ലക്ഷം രൂപ പ്രതിമാസം ശമ്പളമുള്ള ആരാണ് നമ്മുടെ നാട്ടിലുള്ളത്? ഉദ്യോഗസ്ഥർക്ക് കാൽ ലക്ഷം രൂപ പ്രതിമാസം ശമ്പളമുണ്ടെങ്കിലേ ഒരു കൊല്ലം മൂന്നു ലക്ഷം രൂപയാകൂ. അതിനു മീതെയുള്ളവർ ക്രീമിലെയർ എന്നും അതിനു താഴെയുള്ളവർ ഇല്ലാത്തവരെന്നുമൊക്കെ പറഞ്ഞുകൊണ്ട് വരുമാനപരിധിയിൽ ഒരു കളികളിക്കാൻ കിട്ടിയ അവസരം അന്നത്തെ ഗവൺമെന്റും ഒട്ടും വെറുതെ കളഞ്ഞില്ല. ആദ്യ നരേന്ദ്രൻ കമ്മീഷന്റെ നിയമനം തന്നെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. സ്പെഷ്യൽ പെറ്റിഷൻ ആണ് സമർപ്പിക്കപ്പെട്ടിരിക്കുന്നത്. ആ സ്ഥിതിക്ക് ബഹുമാനപ്പെട്ട കോടതി അത് ഫയലിൽ സ്വീകരിച്ചിരിക്കുന്നതുകൊണ്ട് ഞാൻ ആവർത്തിക്കട്ടെ ഒ.ബി.സി.-യിൽ ക്രീമിലെയർ വിഭാഗത്തെ തള്ളാനും ഉൾക്കൊള്ളാനും ലിസ്റ്റിലേക്ക് പുതിയവയെ ചേർക്കാനും തള്ളാനും പഠനം നടത്തുന്നതിനുംവേണ്ടിയാണ് സ്ഥിരം കമ്മീഷനെ നിയമിക്കാൻ 16-11-1992-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിച്ചത്. പര്യാപ്തമായ പ്രാതിനിധ്യത്തെ സംബന്ധിച്ച് പറയാനുള്ളത് ഞാൻ ഇപ്പോൾ പറയുന്നില്ല. പക്ഷേ ഇതിനകത്ത് ഇതുവരെ പി. എസ്. സി.-യുടെ നിയമന ഉത്തരവുകൾ നൽകിയിട്ടില്ലാത്തവർക്കും ഇനിയുള്ള നിയമനങ്ങൾക്കും ബാധകമാണെന്ന് സുപ്രീം കോടതി പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട് എന്നുള്ള കാര്യം ഞാൻ മറക്കുന്നില്ല. ജസ്റ്റീസ് ജോസഫ് കമ്മീഷന്റെ റിപ്പോർട്ടിൽ കാണിച്ചിട്ടുള്ള വരുമാന പരിധി ഒരു മാസത്തിൽക്കുറഞ്ഞ ഒരു കാലയളവുകൊണ്ട് ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ എന്തടിസ്ഥാനത്തിലാണ് ഇരട്ടിയാക്കിയതെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. സുപ്രീം കോടതി അംഗീകരിച്ച ജസ്റ്റീസ് ജോസഫ് കമ്മീഷൻ റിപ്പോർട്ടിന്റെ സ്ഥാനത്ത് 2000 ജനുവരിയിൽ ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷന്റെ നിയമനം നടന്നത് അംഗീകരിക്കപ്പെട്ടിട്ടുണ്ടോ? ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പരിഗണനാ വിധേയമായിരിക്കുന്ന ഹർജിയിൽ തീരുമാനമായോ? വരുമാനപരിധി നിശ്ചയിക്കുന്ന കാര്യത്തിൽ കാർഷികം, വ്യാവസായികം, ശമ്പളേതരം തുടങ്ങിയ ഇനങ്ങളിലെല്ലാം ഒഴിവാക്കപ്പെട്ടിരിക്കുന്നത് ന്യായീകരിക്കാൻ ആകുമോ? കേന്ദ്ര ഗവൺമെന്റ് നിയമിച്ച സ്ഥിരം കമ്മീഷനിൽ 2003-ൽ പോലും വരുമാനപരിധി കണ്ടെത്തിയ സംഖ്യ രണ്ടര ലക്ഷം രൂപ (സ്പെഷ്യൽ ലീവ് പെറ്റീഷൻ) ആണെന്നത് നാം മറക്കരുത്. എൻ. എസ്. എസിന്റെ എസ്.എൽ.പി.-യിൽ അവസാനവാദം ആയോ? 2001 നവംബർ മാസം 9-ാം തീയതി റിപ്പോർട്ട് സമർപ്പിച്ച രണ്ടാം നരേന്ദ്രൻ കമ്മീഷനിൽ കാലാകാലങ്ങളിലെ

LIBRARY ARCHIVES Kerala Legislative Assembly

കണക്കുകൾ പരിശോധിച്ച്, ഒ.ബി.സി.-ക്ക് റിസർവേഷൻ കൊടുത്ത നേട്ടങ്ങളും ഏതെങ്കിലും പുതിയ വിഭാഗത്തെ ഉൾക്കൊള്ളിക്കണമെന്നുള്ള കാര്യവും പറഞ്ഞിട്ടുണ്ടോ?

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു, പ്ലീസ് കൺക്ലൂഡ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യുന്നു.

"വിത്തനാഥന്റെ ബേബിക്കു പാലും
നിർദ്ധനച്ചെറുക്കനുമിനിരും ഈശ്വരേച്ഛയല്ല"—

എന്ന് ചങ്ങമ്പുഴ പാടിയ ആ വാക്കുകൾ ഓർമ്മിച്ചുകൊണ്ട് ക്രീമിലെയറിനെ കണ്ടെത്താൻ ഒരു നിർദ്ദേശമുള്ള സ്ഥിതിക്ക് ബി.പി.എൽ.-കാരെക്കൂടി പരിഗണിക്കുന്നതിന് ആവശ്യമായിട്ടുള്ള വിഷയംകൂടി ചർച്ച ചെയ്യണമെന്ന് വിനയപൂർവം അഭ്യർത്ഥിച്ചുകൊണ്ട് നിറുത്തുന്നു.

മി. ചെയർമാൻ: ഒരു അഭ്യർത്ഥന ഉണ്ട്, നിരവധി കക്ഷിനേതാക്കളും അംഗങ്ങളും സംസാരിക്കാനുണ്ട്. കഴിയുന്നിടത്തോളം സമയപരിധിക്കകത്ത് ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കണം.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് നടക്കുന്ന ചർച്ചയിൽ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ നിഗമനങ്ങളും അതിലെ ശുപാർശകളും ഒഴിച്ചുള്ള കാര്യങ്ങളേയും കുറിച്ചാണ് ഇവിടെയിപ്പോൾ പ്രതിപാദിച്ചുകണ്ടത് എന്നുള്ളതിൽ എന്റെ ശക്തമായ വേദനയും പ്രതിഷേധവും രേഖപ്പെടുത്തുന്നു. 11-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിന്റെ തുടക്കം കുറിക്കുന്ന ദിവസം ആദ്യത്തെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടിയിൽ കടന്നുകൂടിയിട്ടുള്ള അടിസ്ഥാനപരമായിട്ടുള്ള ഒരു പിശക് അങ്ങയുടേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. സംവരണതത്വം അനുസരിച്ച് ഗവൺമെന്റ് നിയമനങ്ങളിൽ ചില സമുദായങ്ങൾക്ക് അർഹതപ്പെട്ട നിയമനം ലഭിച്ചിട്ടില്ലെന്ന് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം, സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവകലാശാലകളിലും പിന്നോക്ക വിഭാഗക്കാരായ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച് പഠനം നടത്തിയ ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ ചെയർമാൻ ആയിട്ടുള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് വിശദമായ ചർച്ചയ്ക്കായി നിയമസഭയുടെ മേശപ്പുറത്ത് വച്ചിരിക്കുകയാണ്. സുപ്രീം കോടതിയിൽ കേസ് നിലവിലുള്ളതുകൊണ്ട്, അങ്ങ് പ്രത്യേകം ശ്രദ്ധിക്കണം. സുപ്രീം കോടതിയിൽ കേസ് നിലവിലുള്ളതുകൊണ്ട് നിയമപ്രശ്നം ഉണ്ടെന്നത് പരിഗണിച്ച് ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് സമവായം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കേണ്ടതുണ്ട്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ എന്നല്ല ഇൻഡ്യയിലെ ഒരു കോടതിയിലും ഒരു കേസുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇങ്ങനെ ഒരു മറുപടി നൽകുന്നതിനുള്ള റിപ്പോർട്ട് ആരു കൊടുത്തു എന്നതിനെക്കുറിച്ച് അന്വേഷിക്കാൻ സ്പീക്കറും മുഖ്യമന്ത്രിയും തയ്യാറാകണം. അതിനെതിരെ നടപടിയെടുക്കണമെന്നാണ് എനിക്ക് ആമുഖമായി ആവശ്യപ്പെടാനുള്ളത്. എന്നൊക്കെ കേരളത്തിൽ സംവരണം ഒരു വിവാദ വിഷയമായിട്ടുണ്ടോ അന്നൊക്കെ പിന്നോക്ക സമുദായങ്ങളും അവരുടെ സംഘടനകളും ഉന്നയിച്ചിരുന്ന ഒരു ആവശ്യമാണ് സർക്കാർ സർവീസിൽ പിന്നോക്ക സമുദായങ്ങളുടെ പ്രാതിനിധ്യത്തെക്കുറിച്ച് അന്വേഷിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കണമെന്നത്. എന്റെ കൊച്ചു നാളിലെ സംഭവം ഞാൻ ഓർക്കുകയാണ്, കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക രംഗത്ത് മഹത്തായ സംഭാവനകൾ നൽകിയിട്ടുള്ള രണ്ട് നായകന്മാരാണ് മന്നത്ത് പത്മനാഭനും, ആർ. ശങ്കറും. 1960-കളിൽ അവർ തമ്മിൽ സംവരണം സംബന്ധിച്ച് ഒരു വലിയ വിവാദമുണ്ടായി. അന്നുതൊട്ട്, ഉന്നയിക്കപ്പെട്ട ആവശ്യമാണ് സർക്കാർ സർവ്വീസിലെ പ്രാതിനിധ്യത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നത്. മാറിമാറി വന്ന ഗവണ്മെന്റുകളൊന്നും അതിന് തയ്യാറായില്ല. കേരളത്തിലെ സർക്കാർ നിയമനങ്ങളിൽ ക്രീമിലെയർ നടപ്പിലാക്കണമെന്ന 1999 ഡിസംബർ 13-ാം തീയതി സുപ്രീംകോടതി വിധിയുണ്ടായപ്പോൾ അതിനെ സംബന്ധിച്ചുള്ള ചർച്ച അന്ന് മന്ത്രിസഭാ ഉപസമിതിയിലും മന്ത്രിസഭയിലും നടക്കുകയുണ്ടായി. ഇന്നിവിടെ ബഹുമാനപ്പെട്ട സാവിത്രി ലക്ഷ്മണൻ ഉന്നയിച്ച ചില വാദമുഖങ്ങൾ അന്ന് മന്ത്രിസഭാ ഉപസമിതിയിലും മന്ത്രിസഭയിലും ചിലയാളുകൾ ഉന്നയിച്ചിരുന്നു എന്നുള്ളത് ഞാൻ മറക്കുന്നില്ല. എന്നാൽ, ഇടതുപക്ഷജനാധിപത്യമുന്നണി രാഷ്ട്രീയമായി തീരുമാനം എടുക്കേണ്ട ഒരു കാര്യമാണെന്ന് അന്ന് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുന്നണികൂടി തീരുമാനിച്ചു, ജസ്റ്റീസ് നരേന്ദ്രനെ ഏകാംഗ കമ്മീഷനായി ക്രീമിലെയർ സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തി. ദീർഘ കാലമായി പിന്നോക്ക സമുദായങ്ങൾക്ക് സർക്കാർ സർവീസിലുള്ള പ്രാതിനിധ്യത്തെക്കുറിച്ച് പഠിക്കണം, പരിശോധിക്കണം എന്ന ആവശ്യം പരിഗണിച്ചാണ്. അതിന് ജസ്റ്റീസ് നരേന്ദ്രൻ ചെയർമാനും ശ്രീ. സാവൻകുട്ടിയും ശ്രീ. കെ.വി. രബീന്ദ്രൻ നായരും അംഗങ്ങളായുള്ള മറ്റൊരു കമ്മീഷനെ നിയമിച്ചത്. ആ കമ്മീഷൻ അതിന്റെ പഠനം നടത്തിവരികയായിരുന്നു. അപ്പോഴാണ് 2001-ൽ നിയമസഭാ തെരഞ്ഞെടുപ്പു നടക്കുന്നത്. ആ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണി പ്രകടന പത്രികയിൽ പറഞ്ഞത്, ഞങ്ങൾ അധികാരത്തിൽ വന്നാൽ കേരള നിയമസഭയുടെ പിന്നോക്ക ക്ഷേമസമിതി നൽകിയിട്ടുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ, അവർ കണ്ടെത്തിയ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ സർവീസിൽ മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്ക വിഭാഗങ്ങളുടെ സംവരണം അനുസരിച്ചുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട എ. കെ. ആന്റണി ഓർക്കുന്നുണ്ടോ എന്നറിയില്ല. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. ഈ സഭ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തതിനുശേഷം ഈ സഭയുടെ ആദ്യ സമ്മേളനത്തിൽ സംവരണം സംബന്ധിച്ച് ഒരു ചോദ്യം ഉണ്ടായപ്പോൾ ഞാൻ ഒരു ഉപചോദ്യം ചോദിച്ചു. നിങ്ങൾ തെരഞ്ഞെടുപ്പുകാലത്ത് ഇങ്ങനെയൊരു വാഗ്ദാനം മുമ്പോട്ടുവച്ചിട്ടുണ്ടല്ലോ, അതിന് നിങ്ങൾ എന്തു ചെയ്യുമെന്ന് ചോദിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം മറുപടി പറഞ്ഞത്, ഇതിനെ സംബന്ധിച്ച് നരേന്ദ്രൻ കമ്മീഷൻ പഠനം നടത്തി വരികയാണ്, ആ പഠന റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് നടപടി സ്വീകരിക്കുമെന്നാണ്. അങ്ങനെയാണ് യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയും സ്പെഷ്യൽ റിക്രൂട്ട്മെന്റും നരേന്ദ്രൻ കമ്മീഷനുമായി ബന്ധപ്പെട്ടിരിക്കുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങളുടെ മുമ്പിൽ ഒരു വാഗ്ദാനം വച്ച് 100 സീറ്റുകൾ നേടി അധികാരത്തിൽ വന്ന നിങ്ങൾ ആ വാഗ്ദാനം നിറവേറ്റാൻ തയ്യാറുണ്ടോ എന്നുള്ളതാണ് പ്രധാന പ്രശ്നം. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ചിടത്തോളം എന്തൊക്കെ വിവാദങ്ങളാണ് അഴിച്ചുവിട്ടിരിക്കുന്നത്? ആ കമ്മീഷനെ വച്ചതുതന്നെ ഭരണഘടനാ വിരുദ്ധമാണെന്നാണ് ചില മാടമ്പിമാർ പറഞ്ഞു നടക്കുന്നത്. Commission of Enquiry Act-1952, Central Act 60 of 1952, Section 3 പ്രകാരമാണ് നരേന്ദ്രൻ കമ്മീഷന്റെ നിയമനം. ഭരണഘടന 16 (4) അനുച്ഛേദം അനുസരിച്ച് സർക്കാർ സർവ്വീസിലെ പിന്നോക്കക്കാരുടെ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കാൻ സർക്കാരിന് അധികാരമുണ്ട്. ആ അധികാരം ഉപയോഗിച്ചാണ് കമ്മീഷനെ നിയോഗിച്ചിട്ടുള്ളത്. കമ്മീഷൻ റിപ്പോർട്ട് അപൂർണ്ണമാണെന്നാണ് പറയുന്നത്. 30 വർഷത്തെ കണക്കുകൾ ആവശ്യപ്പെട്ടു. 11 വർഷത്തെ കണക്കുകൾ മാത്രമാണ് ലഭിച്ചത്. 11 വർഷത്തെ കണക്കിൽത്തന്നെയാണ് പിന്നോക്ക സമുദായങ്ങളെ സംബന്ധിച്ച ഈ കുറവ് കണ്ടെത്തിയിരിക്കുന്നത്. 30 വർഷത്തെ കണക്ക് ലഭിച്ചിരുന്നെങ്കിൽ ഇതിൽ കൂടുതൽ കുറവ് കണ്ടെത്താമായിരുന്നു എന്നുള്ളതാണ് സത്യം. ഇത് സംബന്ധിച്ച് നിഗമനങ്ങൾ മാത്രമേയുള്ളൂ ശുപാർശയില്ല എന്നാണ് പറയുന്നത്. 2001 ആഗസ്റ്റ് ഒന്നിന് സർക്കാർ സർവീസിലുള്ള പിന്നോക്ക വിഭാഗങ്ങളുടെ കണക്കാണ് എടുത്തിരിക്കുന്നത്. അതിൽ ചിലയാളുകൾ ഉന്നയിക്കുന്ന വാദം സർവീസിലുള്ള മുസ്ലീം ജനവിഭാഗത്തിലുള്ളവർ ഗൾഫിൽ പോയതുകൊണ്ടാണ് അവരുടെ കണക്ക് ഉൾപ്പെടുത്താത്തത് എന്നാണ്. സർവീസിലുള്ളവരുടെ ലിസ്റ്റ് കണക്കിലുണ്ട്. അവധിയെടുത്ത് ഗൾഫിൽ പോയാലും അതെല്ലാംതന്നെ രേഖയിലുണ്ട്. അതുകൊണ്ട് അവർ കണക്കിൽ വന്നില്ല എന്നു പറയുന്നത് ബാലിശമായ വാദമാണ്. പിന്നോക്കവിഭാഗക്കാരുടെ പ്രാതിനിധ്യക്കുറവ് കണക്കാക്കാനാണ് കമ്മീഷനോട് സർക്കാർ ആവശ്യപ്പെട്ടത്. അതനുസരിച്ച് കമ്മീഷൻ കണ്ടെത്തിയ കണക്കിൽ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ കുറവു വരുന്നത് മുസ്ലീം ജനവിഭാഗത്തിനാണ്. ശതമാനത്തിന്റെ അടിസ്ഥാനത്തിൽ ലാറ്റിൻ കത്തോലിക്ക പരിവർത്തിത ക്രിസ്ത്യാനികൾ, അവശക്രൈസ്തവർ, നാടാർ, ധീവരർ, വിശ്വകർമ്മജർ, മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക വിഭാഗത്തിൽപ്പെട്ട 68 സമുദായങ്ങൾ ഉൾപ്പെടുന്ന ലിസ്റ്റിൽപ്പെട്ടവർ എന്നിവർക്കാണ് ഏറ്റവും കുറവ് ഉണ്ടായിട്ടുള്ളത്. ഇതിൽ ചില തസ്തികകളിൽ ചില വിഭാഗങ്ങളിലെ ഒരാൾ പോലുമില്ലെന്നാണ് കമ്മീഷൻ പറഞ്ഞിരിക്കുന്നത്. ഇത്രയും സാരമായ കുറവുണ്ട്. മുന്നോക്ക സമുദായങ്ങളുടെ പ്രശ്നങ്ങൾ കെ. വി. തോമസ് മാസ്റ്റർ ഇവിടെ പറഞ്ഞു. ദാരിദ്ര്യവും പട്ടിണിയും പരിഹരിക്കാനുള്ള മാർഗ്ഗമല്ല സംവരണം. ഭരണത്തിൽ പങ്കാളിത്തം കൊടുക്കാനുള്ള മാർഗ്ഗമാണ് സംവരണം. ദാരിദ്ര്യവും പട്ടിണിയും പരിഹരിക്കാൻ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ നടപ്പിലാക്കണം. അത് കാലാകാലങ്ങളിൽ ഗവണ്മെന്റ് സ്വീകരിച്ചുവരുന്നുണ്ട്. ജനകീയാസൂത്രണത്തിലും ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾ ഉൾപ്പെട്ടിട്ടുണ്ട്. സർക്കാർ സർവ്വീസിൽ മേൽ സൂചിപ്പിച്ച സമുദായങ്ങൾക്ക് മതിയായ പ്രാതിനിധ്യം കിട്ടിയിട്ടില്ല. അതുമാത്രമല്ല പിന്നോക്ക സമുദായങ്ങളുടെ മൊത്തം കണക്കെടുത്താലും മൊത്തത്തിൽ കിട്ടേണ്ട പ്രാതിനിധ്യം കിട്ടിയിട്ടില്ല. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ കുറവ് പരിശോധിച്ചാൽ ഇതിന്റെ ഇരട്ടിവരും. 50 ശതമാനം സംവരണം എന്നാണ് ഇപ്പോൾ വിവക്ഷിച്ചിരിക്കുന്നത്. അതനുസരിച്ച് ഓരോ വിഭാഗത്തിനുമുള്ള വിഭജന മനുസരിച്ച് സംവരണ ശതമാനം നിശ്ചയിച്ചിട്ടുണ്ട്. ആ ശതമാനത്തിലാണ് കുറവ് വന്നിരിക്കുന്നത്. ജനസംഖ്യാടിസ്ഥാനത്തിൽ മുന്നോക്ക സമുദായങ്ങളുടെ ഇപ്പോഴുള്ള ജനസംഖ്യ 25.41 ശതമാനമാണ്. അവർക്കിപ്പോൾ സർക്കാർ സർവ്വീസിൽ 38.73 ശതമാനം പ്രാതിനിധ്യം ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ 30.84 ശതമാനവും യൂണിവേഴ്സിറ്റികളിൽ 45.86 ശതമാനവും സ്വയംഭരണ സ്ഥാപനങ്ങളിൽ 51.09 ശതമാനവും ആണ്. മുന്നോക്ക സമുദായങ്ങളുടെ ജനസംഖ്യയേക്കാളും ഈ പ്രാതിനിധ്യം വളരെ കൂടുതലാണ്. പിന്നോക്ക സമുദായങ്ങളുടെ ജനസംഖ്യയുമായി തട്ടിച്ചു നോക്കുമ്പോൾ അവർക്കനുവദിച്ചിരിക്കുന്ന സംവരണ ശതമാന കാട്ടതന്നെ വളരെ കുറവാണ്. ആ കാട്ടയിലാണ് വീണ്ടും കുറവുണ്ടായിരിക്കുന്നത്. ഇത് നികത്തണ്ടേ? ഇവിടെ സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തിയാൽ ആകാശം ഇടിഞ്ഞു വീഴുമെന്നാണ് ചിലയാളുകൾ പ്രസംഗിച്ചും പ്രചരിപ്പിച്ചും നടക്കുന്നത്. പട്ടികജാതിക്കാർക്ക് സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തിയതുകൊണ്ട് ഇവിടെ എന്ത് സംഭവിച്ചു? പട്ടികജാതിക്കാർക്ക് സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തിയതുകൊണ്ടാണ് കുറേ ഉദ്യോഗസ്ഥർ അവിടെ വന്നത്. എന്നിട്ടും അവർ സർക്കാർ സർവീസിൽ ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. പാനൂർ എസ്.ഐ. ആയിരുന്ന സോമന്റെ സംശയകരമായ മരണം, ഐ.എ.എസ്. ഉദ്യോഗസ്ഥനായിരുന്ന സുകുമാരന്റെ സംശയകരമായ മരണം. ഇതിനെ സംബന്ധിച്ചിടത്തോളം മറുപടി കണ്ടെത്താൻ നമ്മുടെ രാഷ്ട്രീയ ഭരണ നേതൃത്വങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? സാമൂഹ്യനീതിയെക്കുറിച്ച് നമ്മൾ സ്ഥാനത്തും അസ്ഥാനത്തും പ്രസംഗിച്ച് അധരവ്യായാമം നടത്താറുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സാമൂഹ്യനീതിയുടെ അടിസ്ഥാനത്തിൽ ഒരു സമൂഹം കെട്ടിപ്പടുക്കണ്ടേ? ആദ്യം ആദിവാസികൾ, അതുകഴിഞ്ഞ് പട്ടികജാതിക്കാർ, തീരപ്രദേശത്ത് ആദിവാസികളെ

LIBRARY ARCHIVES Kerala Legislative Assembly

പ്പോലെതന്നെ ഗോത്രസമൂഹങ്ങളായി ജീവിക്കുന്ന മൽസ്യത്തൊഴിലാളികളുണ്ട്. അവരിൽ മുസ്ലീം മതവിശ്വാസികളും, ക്രിസ്ത്യൻ മതവിശ്വാസികളും, ഹിന്ദുമതവിശ്വാസികളുമുണ്ട്. അവരും ആദിവാസികളെപ്പോലെതന്നെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ആ വിഭാഗങ്ങൾക്ക് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ സംവരണ കോട്ടയുടെ അടുത്തുപോലും പ്രാതിനിധ്യം കിട്ടിയിട്ടില്ല. ഇവിടെ പ്രകമ്പനമുണ്ടാക്കി തോൽപ്പിച്ചുകളയുമെന്ന് വീരവാദം മുഴക്കുന്ന ആളുകൾ മനസ്സിലാക്കണം സാമൂഹ്യനീതിക്കുവേണ്ടിയുള്ള പോരാട്ടം.....

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ: തിരുവിതാംകൂറിൽ, കൊച്ചിയിൽ, പഴയ മലബാറിൽ നടന്ന നിരവധി പോരാട്ടങ്ങളിലൂടെയാണ് സംവരണം നിലവിൽ വന്നത്. അതുകൊണ്ട് ആർക്ക് എന്ത് നഷ്ടം ഉണ്ടാക്കി? മലയാളി മെമ്മോറിയലും ഈഴവ മെമ്മോറിയലും സമർപ്പിക്കപ്പെട്ടതും മഹാനായ സി. കേശവന്റെ നേതൃത്വത്തിൽ നിവർത്തന പ്രക്ഷോഭണം നടന്നതും ആ പോരാട്ടങ്ങളുടെ ഭാഗമാണ്. അവയുടെ ഫലമായിട്ടാണ് പിന്നോക്ക സമുദായങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിച്ചത്. ചില ആളുകൾക്ക് തൽക്കാലം ചില ആനുകൂല്യങ്ങൾ കിട്ടി എന്നതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ കിട്ടാത്ത ആളുകളെ തള്ളിയിട്ട് മുകളിൽ നിൽക്കുന്ന ആളുകളുമായി കൈകോർത്ത് പിടിക്കാൻ പോകുമ്പോൾ സാധാരണ നമ്മുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. 'ഹസ്തത്തിലിരുന്നത് വിട്ടിട്ട് ഉത്തരത്തിലിരുന്നത് എടുക്കാൻ പോയി' എന്ന്. ഉത്തരത്തിലിരുന്നതു കിട്ടിയുമില്ല, ഹസ്തത്തിരുന്നത് പോവുകയും ചെയ്തു. സർക്കാർ സർവ്വീസിൽ പ്രാതിനിധ്യം കിട്ടാത്ത ജനവിഭാഗങ്ങൾക്ക് പിന്നോക്ക സമുദായങ്ങൾക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തണം. അതാണ് ഞങ്ങളുടെ ആവശ്യം എന്നു പറഞ്ഞ് നാളെ എല്ലാവരേയും ഒറ്റയടിക്ക് സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തണമെന്നല്ല. ഒരു പ്രിൻസിപ്പിൾ എന്ന നിലയ്ക്ക് അംഗീകരിച്ച് തുടക്കം കുറിക്കണം. അതുപോലെതന്നെ വിദ്യാഭ്യാസപരമായ യോഗ്യതയില്ലാത്തതുകൊണ്ടാണ് നിയമനം കിട്ടാത്തത് എന്ന് പറഞ്ഞു. അത് പൂർണ്ണമായി ശരിയല്ല. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഇപ്പോഴത്തെ നിയമനങ്ങളിൽ ചില പോരായ്മകൾ ഉണ്ട്. ഇപ്പോൾ 20 വേക്കൻസികളാണ് ഒരു യൂണിറ്റായി കണക്കിലെടുത്ത് നിയമനം നടത്തുന്നത്. അതിനു പകരം 100 ഒഴിവുകൾ ഒരു യൂണിറ്റായി കണക്കിലെടുക്കണമെന്ന ആവശ്യം ഇവിടെ എത്രയോ കാലമായി ഉയർന്നുവന്നിട്ടുള്ളതാണ്. നമ്മുടെ രാഷ്ട്രീയ ഭരണനേതൃത്വങ്ങൾ പുറംതിരിഞ്ഞു നിൽക്കുകയാണ്. അതുപോലെതന്നെ പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി ഒരു വർഷമായിരുന്നപ്പോഴാണ് സെലക്ഷൻ ഇയർ ഒരു വർഷമായി നിശ്ചയിച്ചത്. പി. എസ്. സി. ലിസ്റ്റുകളുടെ കാലാവധി മൂന്നു വർഷമാക്കിയതിനുശേഷവും സെലക്ഷൻ ഇയർ ഒരു വർഷമായി തുടരുന്നത് നീതിക്ക് നിരക്കാത്തതാണ്.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്, അങ്ങയുടെ സമയം എത്രയായെന്നറിയാമോ? പ്ലീസ്, സഹകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ: മെറിറ്റിൽ ഒരു നിയമനം നടന്നു, രണ്ടാമത്തേത് റിസർവേഷനാണെങ്കിൽ ആ വർഷംതന്നെ അത് നടത്തി..... ഇത് വിദ്യാഭ്യാസത്തിന്റെ കുറവ് മാത്രമല്ല യാഥാർത്ഥ്യം കണക്കിലെടുത്ത് നരേന്ദ്രൻ കമ്മീഷൻ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ പിന്നോക്ക സമുദായങ്ങൾക്ക് വേണ്ടി സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തണം. ഇന്നല്ലെങ്കിൽ നാളെ അതിവിടെ നടക്കുമെന്ന് പ്രഖ്യാപിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, സംവരണത്തിന് പഴമയുടെ ഒരു ചരിത്രമുണ്ട്. പിന്നോക്ക വിഭാഗങ്ങൾക്ക് സ്കൂൾ, കോളേജ് വിദ്യാഭ്യാസം നൽകുന്നതിന്, സർക്കാർ ജോലി ലഭിക്കുന്നതിന് അവകാശമില്ലായിരുന്ന ഒരു കാലഘട്ടത്തിൽ അവരുടെ നിരന്തരമായ പ്രക്ഷോഭത്തിന്റേയും മറ്റും ഭാഗമായി 1935-ൽ തിരുവിതാംകൂറിൽ ചില തസ്തികകൾ അവർക്ക് സംവരണം നൽകുകയുണ്ടായി. തമിഴ്നാട്ടിൽ 1921 മുതൽ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം നൽകിയിരുന്നു. ഇന്ത്യൻ ഭരണഘടന നിലവിൽവന്ന സമയത്ത് സംവരണം തിരുകൊച്ചി, മദ്രാസ്, മൈസൂർ എന്നീ സംസ്ഥാനങ്ങളിൽ മാത്രം നിലനിന്നിരുന്ന ഒരു വ്യവസ്ഥയായിരുന്നു. ഭരണഘടന യുടെ 16(4) അനുച്ഛേദം അനുസരിച്ച് സംവരണം പിന്നോക്ക വിഭാഗക്കാരുടെ ഒരു മൗലിക അവകാശമായി മാറുകയും കേരളപ്പിറവിക്കുശേഷം പ്രസ്തുത സംവരണ തത്വം പാലിച്ചുവരികയും ചെയ്യുന്നു. പിന്നീട് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പി ലാക്കുന്നതിന്റെ ഭാഗമായി വി. പി. സിംഗ് സർക്കാർ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ 27 ശതമാനം തസ്തികകൾ പിന്നോക്ക ജനവിഭാഗങ്ങൾക്ക് സംവരണം ചെയ്യുക യുണ്ടായി. ഇത് സുപ്രീം കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും കോടതി പ്രസ്തുത കേസിന്റെ വിധിയിൽ രണ്ട് നിർദ്ദേശങ്ങൾ വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഒന്ന് പിന്നോക്കവിഭാഗക്കാരെ കണ്ടുപിടിക്കുന്നതിനും അവരെ ലിസ്റ്റിൽ ചേർക്കുന്ന തിനും ഒഴിവാക്കുന്നതിനും സർക്കാരിനു ശുപാർശ ചെയ്യാൻ ഒരു സ്ഥിരം കമ്മീഷനെ നിയമിക്കണം. രണ്ടാമത്തേത് പിന്നോക്ക വിഭാഗത്തിന് മേൽത്തട്ടുകാരെ ഒഴിവാക്കി സംവരണം നൽകേണ്ടതിന് സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരും പ്രത്യേകം പ്രത്യേകം മാനദണ്ഡങ്ങൾ നിശ്ചയിക്കണം. ആദ്യ നിർദ്ദേശം നടപ്പിലാക്കാൻ 1993-ൽ കേരള കമ്മീഷൻ ഫോർ ബാക്ക്വേർഡ് ക്ലാസ് ആക്ട് പാസ്സാക്കുകയും ഒരു സ്ഥിരം കമ്മീഷനെ നിയമിക്കുകയും ചെയ്തു. 1995-ൽ സംസ്ഥാന സർക്കാർ സംവരണ സംരക്ഷണ നിയമം പാസ്സാക്കി. ഈ നിയമത്തോട് ചില കേന്ദ്രങ്ങ ളിൽനിന്ന് എതിർപ്പുകൾ ഉണ്ടാവുകയും നിയമം സുപ്രീംകോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും തുടർന്നു ജസ്റ്റീസ് ജോസഫ് ചെയർമാനായി ഒരു കമ്മിറ്റിയെ നിയമിക്കുകയും ചെയ്തു. സുപ്രീംകോടതി സംവരണ സംരക്ഷണ നിയമം റദ്ദ് ചെയ്യുകയും പിന്നോക്കക്കാരിൽനിന്ന് മേൽത്തട്ടുകാരെ ഒഴിവാക്കുകയും സംസ്ഥാന സർക്കാർ മാനദണ്ഡം ഉണ്ടാക്കുന്നതുവരെ ജസ്റ്റീസ് ജോസഫ് കമ്മീഷൻ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ജോസഫ് കമ്മീഷന്റെ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉൾക്കൊള്ളുന്നതുകൊണ്ടും പൊതുവേ ഉണ്ടായ എതിർപ്പിനെത്തുടർന്നും ജസ്റ്റീസ് നരേന്ദ്രനെ മേൽത്തട്ട് സംബന്ധിച്ച പുതിയ ഒരു മാനദണ്ഡം നിശ്ചയിക്കാൻ ഏകാംഗ കമ്മീഷനായി നിയമിക്കുകയുണ്ടായി. അദ്ദേഹം സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ക്രീമിലെയർ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ ഉത്തരവ് റിട്ട് ഹർജിയിലൂടെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും കേസുകൾ കോടതിയിൽ തീർപ്പാകാതെ നിലനിൽക്കുകയും ചെയ്തു. സംസ്ഥാന സർക്കാർ സർവ്വീസ്, പൊതുമേഖലാസ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പിന്നോക്ക സമുദായങ്ങൾക്കുള്ള പ്രാതിനിധ്യക്കുറവിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ തിട്ടപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കാൻ ജസ്റ്റീസ് കെ. കെ. നരേന്ദ്രനും മുൻ പി.എസ്.സി. ചെയർമാൻ സാവൻകുട്ടിയും മുൻ ചീഫ് സെക്രട്ടറി മബീന്ദ്രൻ നായരും അംഗങ്ങളായി ഗവൺമെന്റ് ഒരു കമ്മീഷനെ നിയോഗിച്ചു. ആ കമ്മീഷൻ നൽകിയ റിപ്പോർട്ടിനെ സംബന്ധിച്ചാണ് നാം ഇവിടെ ഇന്ന് ചർച്ച ചെയ്യേണ്ടത്. പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, ഓട്ടോണമസ് സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നടത്തിയ നിയമനങ്ങളുടെ കണക്കുകൾ റിപ്പോർട്ടിൽ വളരെ വ്യക്തമായി ചേർക്കപ്പെട്ടിട്ടില്ല. അതിൽ ചില വർഷങ്ങളിൽ പിന്നോക്കവിഭാഗങ്ങൾക്ക് സംവരണ ശതമാനം പൂർണ്ണമായി ലഭിച്ചതായി കാണുന്നില്ല. ഇത് കമ്മീഷൻ വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകിച്ച് മുസ്ലീം സമുദായത്തിൽപ്പെട്ടവർ ലത്തീൻ കത്തോലിക്കർ തുടങ്ങിയ ചില വിഭാഗങ്ങൾക്ക് നിർദ്ദിഷ്ട നിരക്കിലുള്ള പ്രാതിനിധ്യം കിട്ടിയിട്ടില്ല എന്ന് കമ്മീഷൻ പറഞ്ഞിട്ടുണ്ട്. അത് ഗൗരവമായി കാണാൻ ഗവൺമെന്റ് തയ്യാറാകണം. അതിന് തീർച്ചയായിട്ടും പരിഹാരം ഉണ്ടാക്കണമെന്നു തന്നെയാണ് എന്റെ പാർട്ടിയുടെ അഭിപ്രായം. അതേസമയംതന്നെ മുന്നോക്കത്തിൽപ്പെടുന്നുണ്ടെങ്കിലും നായർ, നമ്പൂതിരി തുടങ്ങിയ സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും ജീവൽപ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന അഭിപ്രായം ഞങ്ങൾ വയ്ക്കുകയാണ്. സാമൂഹിക സാമ്പത്തിക നീതി ഉറപ്പാക്കുന്നതിനുള്ള ഒരു സമീപനമാണ് നമുക്ക് ആവശ്യം. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മുഴുവൻ ജനവിഭാഗത്തെയും മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരണം. ഇന്ത്യൻ ഭരണഘടന വിഭാവന ചെയ്യുന്നത് അതുതന്നെയാണ്. സോഷ്യലി, എക്കണോമിക്കലി, പൊളിറ്റിക്കലി ഒരു ജസ്റ്റിസ് നമുക്ക് ആവശ്യമാണ്. എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തികവുമായിട്ടുള്ള നീതി ഉറപ്പുവരുത്തണമെന്നും ഭരണഘടനാശില്പികൾ പറഞ്ഞിട്ടുണ്ട്. എവിടെ സാമൂഹികമായും സാമ്പത്തികമായും നീതി നിഷേധിക്കപ്പെട്ടാലും അവരുടെ സംരക്ഷകരായി സർക്കാർ ഉണർന്നുവരണമെന്ന് ഞങ്ങൾ അഭിപ്രായപ്പെടുകയാണ്. എല്ലാ സമുദായങ്ങളിലേയും സാമ്പത്തിക പിന്നോക്കാവസ്ഥയുള്ള ദരിദ്ര വിഭാഗങ്ങളുടെ സംരക്ഷകനായി സർക്കാർ പ്രവർത്തിച്ച് അങ്ങനെയുള്ള ഒരു സമീപനം സ്വീകരിക്കണം. ഞങ്ങൾക്ക് പറയാനുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളുടെ വ്യക്തമായ നയം ഇതിന്റെ അടിസ്ഥാനത്തിൽ ദൈവത്തിനുള്ളത് ദൈവത്തിനും സീസറിനുള്ളത് സീസറിനും കൊടുക്കുക എന്നുള്ളതാണ്. എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള ചർച്ച ഒരു നല്ല ദിശയിലാണ് പോകുന്നത് എന്ന അഭിപ്രായം എനിക്കില്ല. അത് ഇതുവരെയുള്ള ചർച്ചകളിൽ നിന്നും ഇത് മനസ്സിലാക്കിക്കഴിഞ്ഞു. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി കൺവീനറായിരുന്ന സമയത്ത് രണ്ട് മൂന്ന് പ്രാവശ്യം യു. ഡി. എഫ്. ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. അതിൽ വ്യത്യസ്തമായ അഭിപ്രായം വന്നതുകൊണ്ട് അന്ന് യു.ഡി.എഫ്. എടുത്ത തീരുമാനം ഓരോ കക്ഷികളും അവരുടെ തലത്തിൽ ഇത് ചർച്ച ചെയ്ത് അവരുടെ അഭിപ്രായങ്ങൾ എന്താണെന്ന് യു.ഡി.എഫ്.-ൽ പറഞ്ഞ്, കഴിയുമെങ്കിൽ സമന്വയത്തോടുകൂടി മുന്നോട്ട് പോകാം എന്നാണ്. നിർഭാഗ്യവശാൽ യു.ഡി.എഫ്.-ന്റെ ഏതെങ്കിലും ഒരു ഫോറത്തിൽ പിന്നീട് ഈ വിഷയം ചർച്ച ചെയ്യാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവസാനം മുഖ്യമന്ത്രി മറുപടി പറയുമ്പോൾ അദ്ദേഹം പറയുക ഗവൺമെന്റിന്റെ അഭിപ്രായമായിരിക്കും. പക്ഷേ അത് യു.ഡി.എഫ്.-ന്റെ അഭിപ്രായം ആകാൻ വഴിയില്ല. കാരണം യു.ഡി.എഫ്. കൂടാറില്ല. യു.ഡി.എഫ്.-ന് ഈ വിഷയത്തെക്കുറിച്ച് ചർച്ച നടത്തി ഒരു തീരുമാനത്തിൽ എത്താൻ ഇതുവരെ കഴിഞ്ഞിട്ടുമില്ല. ഇവിടെ ഈ വിഷയത്തിൽ ബഹുമാനപ്പെട്ട നീലലോഹിതദാസൻ നാടാരുടെ പ്രസംഗം കേട്ടപ്പോൾ സത്യത്തിൽ എനിക്ക് ദുഃഖമാണ് തോന്നിയത്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് വ്യത്യസ്തമായ പ്രതികരണം നമ്മുടെ നാട്ടിൽ വിവിധ സമുദായങ്ങൾക്കിടയിൽ ഉണ്ടാക്കിയിട്ടുണ്ട്. അതിലൊരു സമന്വയം ഉണ്ടാക്കുക എന്നതല്ലാതെ സമുദായങ്ങളെ തമ്മിൽ അകറ്റി ഇവിടെ സാമുദായിക സംഘർഷം ഉണ്ടാക്കാൻ ശ്രമിക്കുന്നത് ശരിയല്ല. അങ്ങനെയൊരു നീക്കത്തിലേക്ക് പോകാൻ ഉത്തരവാദപ്പെട്ട രാഷ്ട്രീയ കക്ഷികളും നേതാക്കളും ശ്രമിക്കുന്നത് അപകടകരമായ ഒരു സ്ഥിതിവിശേഷം ഉണ്ടാക്കുമെന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ജസ്റ്റീസ് നരേന്ദ്രൻ ചെയർമാനായി രണ്ട് കമ്മിറ്റികൾ രൂപീകരിച്ചു. രണ്ടും എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്താണ് രൂപീകരിച്ചത്. ഒന്ന് 13-1-2000-ലും രണ്ടാമത്തേത് 11-2-2000-ലും. ഒന്നാമത്തെ നിയമനം വരാനുണ്ടായ കാരണം മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് വന്ന അവസരത്തിൽ അതിന്മേൽ സുപ്രീം കോടതിയുടെ വിധി 16-11-1998-ൽ വന്നു. അന്നത്തെ മന്ത്രിസഭയിൽ ഞാനും ഉണ്ടായിരുന്നു. അന്ന് മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ഒരുപാട് പ്രശ്നങ്ങൾ നമ്മുടെ രാജ്യത്തുടനീളം ഉണ്ടായ പശ്ചാത്തലത്തിൽ എങ്ങനെയാണ് ഇതിന് ഒരു പരിഹാരമാർഗ്ഗം കണ്ടെത്താൻ കഴിയുക എന്ന് ഞങ്ങൾ വളരെ ഗൗരവമായി ആലോചിച്ചു. അങ്ങനെ ഒരു മാർഗ്ഗം കണ്ടെത്താനുള്ള തീവ്രമായ ശ്രമത്തിൽ അന്നത്തെ യു.ഡി.എഫ്. സർക്കാർ മുഴുകി. 1992-ലെ വിധിയിൽ പറഞ്ഞിരുന്ന കാര്യം മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെങ്കിൽ മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന സാമ്പത്തികമായി

LIBRARY ARCHIVES Kerala Legislative Assembly

മേൽത്തട്ടിൽ (ക്രീമിലെയറിൽ) പെടുന്നവരെ സംവരണ ആനുകൂല്യത്തിൽ നിന്നു മാറ്റി നിർത്തണമെന്നായിരുന്നു. അതിന്മേൽ ഒരു തീരുമാനം എടുക്കുവാൻ കഴിയാതെ സുപ്രീംകോടതിയിൽ ഗവൺമെന്റ് സമയം ചോദിച്ചു. നാല് മാസത്തിനുള്ളിൽ സംസ്ഥാന-കേന്ദ്ര ഗവൺമെന്റുകൾ കമ്മീഷനെ വയ്ക്കുവാൻ പറഞ്ഞു. പക്ഷേ കമ്മീഷനെ വയ്ക്കുവാൻ കഴിഞ്ഞില്ല. ഞങ്ങൾ അന്ന് ചർച്ച ചെയ്തതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് പിന്നീട് ജസ്റ്റീസ് ജോസഫ് കമ്മീഷനെ സുപ്രീംകോടതി വിധിപ്രകാരം ഹൈക്കോടതി നിയമിക്കുന്നതും അദ്ദേഹത്തിന്റെ നിഗമനങ്ങളിലേക്ക് കാര്യങ്ങൾ എത്തിച്ചേരുന്നതും. അത് ഒരു പഴയ ചരിത്രം. അതിൽ ക്രീമിലെയറിനെക്കുറിച്ച് പറഞ്ഞതിനെപ്പറ്റി ഒരു തർക്കവുമില്ല. ഞാൻ ചുരുക്കിപ്പറഞ്ഞ് അവസാനിപ്പിക്കാം. ഇത് ഒരു പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് അങ്ങ് രണ്ട് മിനിട്ട് കൂടി തരണം. അന്ന് ജോസഫ് കമ്മീഷൻ ഒന്നരലക്ഷം രൂപ എന്നുള്ള പരിധി നിശ്ചയിച്ചു. അത് ശമ്പളവും ശമ്പളേതര വരുമാനവുമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. ജസ്റ്റീസ് നരേന്ദ്രന്റെ റിപ്പോർട്ടിൽ (ഏകാംഗ കമ്മീഷനിൽ) അദ്ദേഹം മൂന്ന് ലക്ഷമെന്ന് പറഞ്ഞപ്പോൾ ശമ്പളം മാത്രം പറഞ്ഞു. ശമ്പളേതര വരുമാനം പറഞ്ഞില്ല. അതിനെക്കുറിച്ച് ഒരുപാട് തർക്കം ഇവിടെ വന്നു. ഇതെല്ലാം വന്നതിന്റെ അടിസ്ഥാനത്തിലാണ് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് 1995-ൽ സംവരണ സംരക്ഷണ നിയമം പാസ്സാക്കിയത്. ഇതിന് ഒരു പരിഹാരമുണ്ടാക്കുവാൻ വേണ്ടി 1995-ൽ പാസ്സാക്കിയതാണ് സംവരണ സംരക്ഷണ നിയമം. അത് സുപ്രീംകോടതി റദ്ദാക്കി. അന്ന് യു.ഡി.എഫ്. ഗവൺമെന്റ് ആലോചിച്ചത് ഇതിനെ മറികടക്കുവാൻ എന്താണ് ഒരു മാർഗ്ഗം എന്നാണ്. ആർക്കും പ്രശ്നങ്ങളില്ലാതെ എല്ലാ വിഭാഗം ആളുകളുടേയും താല്പര്യം സംരക്ഷിച്ചുകൊണ്ട് എങ്ങനെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും എന്നാണ് ഞങ്ങൾ ആലോചിച്ചത്, അതനുസരിച്ച് ഗവൺമെന്റ് എടുത്ത തീരുമാനപ്രകാരം സുപ്രീം കോടതിയിൽ പോയപ്പോൾ നിയമം അസാധുവായി. പിന്നെ അതിന് പ്രാബല്യമില്ലാതെ വന്നു. ഇങ്ങനെ വന്നതിനു ശേഷമാണ് ആദ്യത്തെ ഏകാംഗ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് വന്നതും വീണ്ടും മൂന്ന് ലക്ഷമായി നിജപ്പെടുത്തിയതും. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മൂന്ന് ലക്ഷമെന്നുള്ളത് രണ്ടര ലക്ഷമായി. കേന്ദ്ര ഗവൺമെന്റ് പറഞ്ഞിരിക്കുന്ന ആ തോതിലേക്ക് കൊണ്ടുവരാൻ വേണ്ടി രണ്ടര ലക്ഷമാക്കി നിജപ്പെടുത്തി. അപ്പോഴും അതിൽ ഗവൺമെന്റ് ഉദ്ദേശിച്ചത്, ഞാൻ കരുതുന്നു, ശമ്പളവും ശമ്പളേതര വരുമാനവും കൂടി കണക്കിലെടുത്തുകൊണ്ട് വേണമെന്നാണ്. അതിനുശേഷമാണ് ഇപ്പോഴത്തെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് വന്നത്. ഈ കമ്മീഷൻ പറഞ്ഞത് എന്താണ്? പിന്നോക്ക സമുദായങ്ങൾക്ക് സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിലും മതിയായ പ്രാതിനിധ്യം ലഭിച്ചുവോയെന്ന് പരിശോധിക്കാമെന്നാണ്. അതും 11-2-2000-ൽ അപ്പോയിന്റ് ചെയ്ത ജസ്റ്റീസ് നരേന്ദ്രൻ ഉൾപ്പെടെയുള്ള കമ്മീഷന്റെ സാവൻകുട്ടിയും രബീന്ദ്രൻ നായരും

LIBRARY ARCHIVES Kerala Legislative Assembly

ഉൾക്കൊള്ളുന്ന മൂന്നംഗ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിനെക്കുറിച്ച് അവർ വിശദമായി പഠിച്ചു. ഞാൻ കുറേ കാര്യങ്ങൾ ഇതിനകത്ത് മാർക്ക് ചെയ്ത് വച്ചിട്ടുണ്ട്. അവർ സബ്മിറ്റ് ചെയ്ത റിപ്പോർട്ടിൽ ഒരു സ്ഥലത്തും റെക്കമെന്റേഷൻസ് പറയുന്നില്ല. നിഗമനങ്ങളാണ് അവർ പറയുന്നത്. അവർ അതിനു പരിഹാര മാർഗ്ഗവും നിർദ്ദേശിക്കുന്നില്ല. ഇതിനകത്ത് പിന്നോക്കാവസ്ഥയ്ക്ക് ശരിയായ നിർവ്വചനം കമ്മീഷൻ റിപ്പോർട്ട് നല്കിയിട്ടില്ല എന്നു മാത്രമല്ല, മതിയായ പ്രാതിനിധ്യം ശരിയായി നിർവ്വചിക്കുകയോ വിശദീകരിക്കുകയോ ചെയ്തിട്ടില്ല. സുപ്രീംകോടതി വിധിയനുസരിച്ചും ഇന്ത്യൻ ഭരണഘടന അനുസരിച്ചും 50 ശതമാനത്തിൽ കൂടുതൽ സംവരണം പാടില്ല. ആകെയുള്ള അറുപത്തിയെട്ട് പിന്നോക്ക വിഭാഗങ്ങൾക്ക് പരമാവധി സംവരണം നാല്പത് ശതമാനമാണ്. എസ്.സി-8, എസ്.ടി-2 അങ്ങനെയാണ് അമ്പത്. പരമാവധി കൊടുക്കാവുന്ന റിസർവേഷൻ നിലനില്ക്കേ ഇനി നമുക്ക് എന്താണ് മാർഗ്ഗം? അതിനുള്ള ഒരു മാർഗ്ഗം നാം കണ്ടെത്തണം. പരമാവധി പ്രാതിനിധ്യവും മതിയായ പ്രാതിനിധ്യവും തമ്മിലുള്ള അകലം കണ്ടെത്താൻ, കമ്മീഷൻ ഈ റിപ്പോർട്ടിൽ മനഃപൂർവ്വം വിസമ്മതിച്ചിട്ടുണ്ട് എന്നാണ് എന്റെ നിഗമനം. അവർ അതിന് ശ്രമിച്ചിട്ടില്ല. ഈ കമ്മീഷൻ റിപ്പോർട്ട് വന്നത് രണ്ടായിരത്തിലാണ്. പേജ് മാത്രം ഞാൻ റഫർ ചെയ്യാം. പേജ് 75-ൽ പാര 7(17)-ൽ കമ്മീഷൻ ഇതിനെക്കുറിച്ചുള്ള കാര്യങ്ങൾ പറയുന്നുണ്ട്. അവർ റിപ്പോർട്ട് സബ്മിറ്റ് ചെയ്ത സമയത്ത് ഒരു short span-ൽ വരുന്ന വ്യത്യാസത്തെക്കുറിച്ച് സൂചിപ്പിച്ചിട്ട് പറയുന്നുണ്ട്. ഈ കമ്മീഷന്റെ റിപ്പോർട്ട് ഒരു അടിസ്ഥാന ഭാഗമായി എടുത്തുകൊണ്ട് ഭാവിയിലേക്ക് റിക്രൂട്ട്മെന്റിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാം എന്ന്. രണ്ടായിരത്തിലേതിനു ശേഷം 2001 മുതൽ 2005 വരെ സംസ്ഥാനത്ത് ഒരുപാട് ആളുകൾ റിട്ടയർ ചെയ്തിട്ടുണ്ട്. നമ്മൾ എല്ലാ വസ്തുതകളും കണക്കിലെടുക്കണം. പെൻഷൻ പറ്റിയവരുണ്ട്. ലോങ്ങ് ലീവിൽ പോയ ആളുകളുണ്ട്. അല്ലാതുള്ളവരുണ്ട്. ഇവിടെയും റിക്രൂട്ട്മെന്റ് നടന്നിട്ടുണ്ട്. അപ്പോൾ രണ്ടായിരം കഴിഞ്ഞ് 2005 വരെയുള്ള അഞ്ച് വർഷക്കാലത്തെ സ്ഥിതി എന്താണെന്ന് നമുക്കിപ്പോൾ പറയാൻ കഴിയുന്നില്ല. കാരണം നമ്മുടെ കയ്യിൽ datas ഇല്ല. ഈ കാര്യത്തിൽ ആവശ്യം സമന്വയമാണ്. ഇവിടെ എൻ.ഡി.എഫ്. ഒരു ലഘുലേഖ എല്ലാ എം.എൽ.എ.-മാർക്കും സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. എൻ.എസ്.എസ്സിന്റെ ഒരു ബുക്ക്ലെറ്റ് വന്നിട്ടുണ്ട്. Movement for the uplift of Malankara Catholic Backward Classes-ഇവിടെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ 2004-ൽ നടത്തിയ ഒരു പ്രസംഗത്തിൽ ആവശ്യപ്പെട്ടതുപോലെ എല്ലാ നാടാർ സമുദായങ്ങൾക്കും സംവരണ ആനുകൂല്യം ലഭ്യമാക്കുക എന്നുള്ള ഒരു നിർദ്ദേശം അവരും ഉന്നയിച്ചിട്ടുണ്ട്. അപ്പോൾ ഇങ്ങനെ ഒരുപാട് പ്രശ്നങ്ങൾ വന്നിരിക്കുന്നു. സ്പെഷ്യൽ റിക്രൂട്ട്മെന്റുകൊണ്ട് ഇത്തരം അടിസ്ഥാനപരമായ പ്രശ്നം പരിഹരിക്കപ്പെടുമോ? പരിഹരിക്കപ്പെടില്ല. സ്പെഷ്യൽ റിക്രൂട്ട്മെന്റുകൊണ്ട് ഈ പ്രശ്നം പരിഹരിക്കപ്പെടാൻ പോകുന്നില്ല. സ്പെഷ്യൽ റിക്രൂട്ട്മെന്റിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

പോയാൽ ഈ നാട്ടിൽ ഉണ്ടാകുവാൻ പോകുന്ന മറ്റ് പ്രശ്നങ്ങൾ കണക്കിലെടുക്കാതിരിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ട് മത വിഭാഗങ്ങളെ തമ്മിലകറ്റി, മുന്നോക്ക ജാതിക്കാരുടെ ജനസംഖ്യയുടെ അനുപാതമാണോ വലുത്; പിന്നോക്കക്കാരുടെ ജനസംഖ്യയുടെ അനുപാതമാണോ വലുത് എന്നുള്ള നിലയിലേക്കൊക്കെ പോയി നമ്മൾ നിഗമനങ്ങളിൽ എത്തണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സാമൂഹ്യനീതിയുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്നു പറയുമ്പോൾ എങ്ങനെ സമുദായ ഐക്യമുണ്ടാകും? എങ്ങനെയാണ് ആ നിഗമനത്തിലെത്തുന്നത്? സാമൂഹ്യനീതിക്കു വേണ്ടിയുള്ള വർത്തമാനം പറയുന്ന സമയത്ത് സമുദായപരമായിട്ട് അനൈക്യം ഉണ്ടാകുമെന്നുള്ളതുകൊണ്ട് സാമൂഹ്യനീതി നിഷേധിക്കുവാൻ വേണ്ടി അങ്ങ് ഒരു സൂത്രം പറയുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: അല്ല, ബഹുമാനപ്പെട്ട ബഷീറിൽനിന്ന് ഞാൻ ഇങ്ങനെയൊരു ചോദ്യം പ്രതീക്ഷിച്ചിരുന്നില്ല. കാരണം സാമൂഹ്യ അസന്തുലിതാവസ്ഥ ഒഴിവാക്കുവാൻ വേണ്ടി സാമ്പത്തിക സംവരണം വേണമെന്നു പറയുന്ന സംഘടനകളും രാഷ്ട്രീയ പാർട്ടികളും കേരളത്തിലുണ്ട്. സാമ്പത്തിക സംവരണം വേണമെന്ന് പറഞ്ഞിട്ടുള്ള ഒരു പാർട്ടിയാണ് കേരളാ കോൺഗ്രസ്. എല്ലാ വിഭാഗത്തിന്റെയും സാമൂഹ്യമായ പിന്നോക്കാവസ്ഥ പരിഹരിക്കുവാനുതകുന്ന നിർദ്ദേശമാണോ ഇത്? സാമ്പത്തിക സംവരണത്തെ എല്ലാ സാമുദായിക സംഘടനകളും അംഗീകരിക്കുന്നുണ്ടോ? ഇല്ലല്ലോ. സാമ്പത്തിക സംവരണം വേണമെന്ന് പറയുന്ന കൂട്ടത്തിൽപ്പെടുന്ന ആളാണ് ഞാനും. അതുകൊണ്ട് സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ കാര്യത്തിൽ ഞാൻ പറയുന്നത് നമുക്ക് backlog ഉണ്ടാകുന്നതിന് പരിഹാരം ഉണ്ടാകണം. അതിന് സമന്വയം ആവശ്യമാണ് എന്നാണ്. സമുദായങ്ങളെ തമ്മിലകറ്റുന്ന ഏർപ്പാടിലേക്ക് നാം പോകരുത്. ആ വഴിക്ക് ചർച്ചകൾ പോയാൽ അത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും. വെളുക്കാൻ തേച്ചത് പാണ്ടായി മാറും. ആ അവസ്ഥാവിശേഷം ഉണ്ടാക്കരുതെന്നാണ് എന്റെ അഭിപ്രായം. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ റെക്കമെന്റേഷൻസ് ഒന്നും ഇല്ലാത്തതുകൊണ്ട് ശരിയായ രീതിയിലുള്ള തീരുമാനം എടുക്കുന്നതിന് ഗവൺമെന്റ് എല്ലാവരുമായി ചർച്ച നടത്തണം.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ഭരണഘടനയുടെ ആർട്ടിക്കിൾ 16(4) അനുസരിച്ച് സർവ്വീസിൽ പിന്നോക്കക്കാർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനുള്ള അധികാരം ഗവൺമെന്റിന് നല്കുന്നുണ്ട്. മതിയായ പ്രാതിനിധ്യം ഉണ്ടോ എന്ന് അറിയുന്നതിനുവേണ്ടിയാണ് ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷനെ നിയമിച്ചത്. അത് Commissions of Inquiry Act-ന്റെ സെക്ഷൻ മൂന്ന് പ്രകാരം നിയമിച്ചിട്ടുള്ളതാണ്. അതിന്റെ ഉദ്ദേശ്യം, Government know facts, ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ എടുക്കുവാൻ വസ്തുതകൾ ശേഖരിക്കുന്നതാണ്. പല സമുദായങ്ങളും പറയുകയുണ്ടായി, ജസ്റ്റീസ് ജോസഫ് കമ്മീഷന്റെയൊക്കെ വെളിച്ചത്തിൽ നരേന്ദ്രൻ കമ്മീഷന് പ്രസക്തി ഇല്ലെന്ന്. വളരെ അബദ്ധമാണ് ആ പറഞ്ഞിരിക്കുന്നത്. കാരണം ക്രീമിലെയർ കേസിൽ സംവരണ പ്രൊട്ടക്ഷൻ നിയമം റദ്ദാക്കിക്കൊണ്ടാണ് സുപ്രീംകോടതി വിധി വന്നത്, Kerala Government, Indira Sahni case പ്രകാരം ക്രീമിലെയർ നിശ്ചയിക്കുവാൻ കമ്മീഷനെ നിയമിക്കാത്തതുകൊണ്ട് ഹൈക്കോടതി ചീഫ് ജസ്റ്റീസിനെ ആതൈസ് ചെയ്താണ് ജസ്റ്റീസ് ജോസഫ് കമ്മീഷൻ നിലവിൽ വന്നത്. എന്നാൽ ക്രീമിലെർ നിർണ്ണയിച്ചുകൊണ്ട് നിയമം ഭേദഗതി വരുത്താൻ പിന്നീട് സുപ്രീം കോടതി പറഞ്ഞ് കേരള ഗവൺമെന്റിന് ഒരു അവസരം കൊടുത്തു. അങ്ങനെ ഭേദഗതി വരുത്തിയാൽ, ഒരിക്കൽ വ്യവസ്ഥ ഉണ്ടാക്കപ്പെട്ടാൽ അത് നടപ്പിൽ വരും. അങ്ങനെ വരുമ്പോൾ കോടതി അംഗീകരിച്ച, കെ. ജെ. ജോസഫ് സമിതി ശുപാർശകൾ അപ്രസക്തമാകും.

അതിനുശേഷം ഏകാംഗ കമ്മീഷനെ നിയമിച്ച് മൂന്ന് ലക്ഷം രൂപയെന്നുള്ള ക്രീമിലെയർ പരിധി നിശ്ചയിച്ചു. അതിനുശേഷം പ്രാതിനിധ്യം ഉണ്ടോ ഇല്ലയോ എന്നറിയുന്നതിന് നിയമിച്ച ഒരു സെപ്പറേറ്റ് കമ്മീഷനാണ് ഇത്. റിസർവ്വേഷൻ എന്നുപറയുന്നത് ഭരണഘടനയുടെ ഏറ്റവും മുഖ്യലക്ഷ്യമായ സാമൂഹ്യ നീതി നേടുന്നതിനുവേണ്ടിയാണ്. We, the people of India solemnly resolved to provide all its citizens, ആദ്യം പറയുന്നത്. ജസ്റ്റീസ് സോഷ്യൽ അത് കഴിഞ്ഞാണ് ജസ്റ്റീസ് ഇക്കണോമിക്, ജസ്റ്റീസ് പൊളിറ്റിക്കൽ അതും കഴിഞ്ഞാണ് equality of opportunity, സാമൂഹിക നീതിയാണ് ഭരണഘടനയുടെ ഏറ്റവും വലിയ ലക്ഷ്യം. 16 (4)-ന്റെ ഡ്രാഫ്റ്റ് ആർട്ടിക്കിൾ 10(3) ആയിരുന്നു. അതിൽ അംബേദ്കർ പറഞ്ഞിരുന്നത് It is put to have the principle that there shall be equality of opportunity. There may be at the same time provision made for the entry of certain communities which have so far been outside the administration. തലമുറകളായി, നൂറ്റാണ്ടുകളായി രാജ്യത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റി നിർത്തപ്പെട്ടവർക്കുള്ള പ്രവേശനം മാത്രമാണ് ഇത്. ദാരിദ്ര്യ നിർമ്മാർജ്ജനമോ ജോലി നടക്കലോ അല്ല. അതുപോലെ തന്നെ കാറൽ മാർക്സ് പറയുകയുണ്ടായി, ഇൻഡ്യയെ സംബന്ധിച്ച് ചരിത്രപരമായ കടമ നിർവ്വഹിക്കുന്നതിന് മുൻപ് സാമൂഹ്യമായ മാറ്റമാണ് വന്നിരിക്കുന്നത് എന്ന്. ലെനിൽ പറയുകയുണ്ടായി. You will not found any solution in any of the communist books in the world. ഈ സാഹചര്യമാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടെന്ന് മനസിലാക്കേണ്ടതാണ്. എന്താണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് വെളിയിൽ കൊണ്ടുവന്നത്? 64.56 ശതമാനം വരുന്ന പിന്നോക്ക സമുദായങ്ങൾക്ക് പ്രാതിനിധ്യം 45.76 ശതമാനം. അതേസമയം 25.41 ശതമാനം വരുന്ന മുന്നോക്ക വിഭാഗങ്ങൾക്ക് സർക്കാർ വകുപ്പിൽ 38 ശതമാനം. പൊതുമേഖലാ സ്ഥാപനങ്ങളിൽ 36 ശതമാനം, യൂണിവേഴ്സിറ്റികളിൽ 45 ശതമാനം സ്വയംഭരണ സ്ഥാപനങ്ങൾക്ക് 51 ശതമാനം. അങ്ങനെ 25 ശതമാനം വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗങ്ങൾക്ക് 11 ശതമാനം, 13 ശതമാനം, 25 ശതമാനം. അവരുടെ ആനുപാതിക പ്രാതിനിധ്യത്തേക്കാൾ കൂടുതലാണ്. ലഭിച്ചുകൊണ്ടിരുന്ന റിസർവ്വേഷൻ അനുസരിച്ചുള്ളത് കിട്ടിയില്ലെങ്കിൽ അത് എങ്ങനെ നികത്തുമെന്ന് ചോദിച്ചാൽ അതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മാത്രമേ പരിഹാരം ആകുകയുള്ളൂ. ഒരു സ്പെഷ്യൽ റിക്രൂട്ട്മെന്റ് പെട്ടെന്ന് വേണമെന്നില്ല. അഞ്ചോ പത്തോ വർഷങ്ങൾകൊണ്ട് അതിനുള്ള നടപടികൾ എടുക്കണം. ആ കുറവ് എങ്ങനെ വന്നു? കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഹൈക്കോടതിയിൽ കൊടുത്ത counter affidavit-ൽ പോലും പറയുകയുണ്ടായി കെ.എസ്.& എസ്.എസ്.ആർ.-ന്റെ റൂൾ 14(എ) ഞങ്ങൾ പരിപാലിച്ചിട്ടില്ല എന്ന്. അതായത് റിസർവ്വേഷൻ ക്വോട്ടയിൽ കിട്ടുന്നത് കൂടാതെ മെറിറ്റിൽ കിട്ടുന്നത് കണക്കിൽ എടുക്കരുതെന്ന് പറഞ്ഞ ആ ചട്ടം ഇതുവരെ പാസാക്കിയിട്ടില്ല. ഡോ. നീലലോഹിതദാസൻ നാടാർ പറഞ്ഞതുപോലെ ഇവിടെ 20 എന്നു പറയുന്ന യൂണിറ്റ് കെ.എസ്. ആന്റ് എസ്.എസ്.ആർ-ൽ ആണെന്ന് പറയുന്ന യൂണിറ്റ് കെ.എസ്. ആന്റ് എസ്.എസ്.ആർ-ൽ കൊണ്ടുവന്ന് സംവരണത്തെ ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ട്. കാരണം നൂറ് പേരുടെ റിക്രൂട്ട്മെന്റുണ്ടെങ്കിൽ ഒന്നു മുതൽ അൻപത് വരെ മെറിറ്റ് ക്വോട്ടയിൽ എടുക്കുന്നതിനു പകരം 20 യൂണിറ്റ് എടുക്കുമ്പോൾ ആദ്യത്തെ 10 പേരെ മെറിറ്റിൽ കൊടുത്ത ശേഷം 11 മുതൽ 20 വരെ ഉള്ളവരെ റിസർവ്വേഷൻ ക്വോട്ടയിൽ മാറ്റി. അങ്ങനെ റിസർവേഷന്റെ ആനുകൂല്യം ഇല്ലാതാക്കിയതിന്റെ ഫലമായിട്ടാണ് ഇപ്പോൾ കുറേ backlog വന്നിട്ടുള്ളത്. അത് പരിഹരിക്കേണ്ടതായിട്ടുണ്ട്. 50 ശതമാനമേ റിസർവ്വേഷൻ പാടുള്ളൂവെന്നുള്ളത് തത്വത്തിൽ ആയിരിക്കാം. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വേണമെന്ന് പറഞ്ഞാൽ അത് അബ്സല്യൂട്ട് റൂൾ അല്ല. Indira Sahni കേസിൽ സുപ്രീം കോടതി പറഞ്ഞത് ഇതാണ്. The reservation contemplated in clause 16(4) should not exceed 50, but while 50% shall be the rule, it is necessary not put out of consideration to the extra ordinary situation, that population on account of they are being out of the main stream of national life. അതുകൊണ്ട് സുപ്രീം കോടതി വിധിയനുസരിച്ചു തന്നെ 50% എന്നു പറയുന്നത് ഫിക്സഡ് നിയമമേയല്ല. എക്സപ്ഷണൽ കേസുകളിൽ 50 ശതമാനത്തിൽ കൂടാം എന്നിരിക്കെ കേരളത്തിൽ എക്സപ്ഷണൽ കേസുകളുണ്ട്. ഇവിടെ നരൻ നരൻ അശുദ്ധ വസ്തുവെന്നപോലെ ആയിരുന്നു കഴിഞ്ഞ കാലം. കഴിഞ്ഞ കാലത്തേ ഇവിടെ എക്സപ്ഷണൽ സർക്കംസ്റ്റാൻസ്സ് ഉണ്ട്. അതുകൊണ്ട് Indira Sahni കേസിൽ സുപ്രീം കോടതി പറയുന്നത് ചില എക്സപ്ഷണൽ കേസിൽ 50 ശതമാനത്തിൽ കൂടാം എന്നുപറഞ്ഞപ്പോൾ 25 ശതമാനം ആൾക്കാരുള്ള വിഭാഗങ്ങൾക്ക് 50 ശതമാനം വരേയും 40 ശതമാനം വരേയും കിട്ടിയ അവസരം ഉണ്ട്. മറ്റ് വിഭാഗത്തിൽ റിസർവേഷൻ അത്രയും പോലും കിട്ടാതെ വന്നപ്പോൾ അവർക്ക് backlog നികത്തുവാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് കൂടാതെ തന്നെ 55 ശതമാനം ആക്കി വർദ്ധിപ്പിച്ചാൽ മുസ്ലീങ്ങൾക്ക് 15 ശതമാനം റിസർവേഷൻ ആണ് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളതെങ്കിൽ അത് 14 ശതമാനം ആകും. ധീവരരുടേയും വിശ്വകർമ്മയുടേയും ശതമാനം കൂട്ടിയും റിക്രൂട്ട്മെന്റ് നടത്തിയാൽ എല്ലാ കമ്മ്യൂണിറ്റികൾക്കും ഒരേ റിക്രൂട്ട്മെന്റിൽ പങ്കെടുക്കാനും വർഷങ്ങൾ കൊണ്ടുള്ള ഈ backlog നികത്താനും സാധിക്കും. അങ്ങനെ സാമൂഹിക നീതിയുടെ പ്രശ്നമായതുകൊണ്ട് സാമൂഹികമായ രീതിയിൽത്തന്നെ കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആഡിക്കോറ്റ് റെപ്രസന്റേറ്റീവ് കമ്മീഷനെന്ന് വ്യാഖ്യാനിച്ച് സുപ്രീം കോടതി വിധിയിലാണെങ്കിലും ജനസംഖ്യാനുപാതികമല്ലെന്നു പറഞ്ഞുവെങ്കിലും that should be proportionately too low എന്നു പറഞ്ഞിരിക്കുകയാണ്. ആനുപാതികമായി വളരെ കുറയാൻ പാടില്ല. അത്രയും വന്നാൽ പോലും ആഡിക്കോറ്റ് റെപ്രസന്റേഷൻ എന്ന് പറഞ്ഞിടത്ത് 25% ആളുകൾ 50% പോസ്റ്റ് കൈവശം വച്ചാൽ അത്രയും വലിയ ഡിഫറൻസുള്ള സ്ഥിതിക്ക് .....

<u>ശ്രീ. എം. വി. ജയരാജൻ:</u> അങ്ങയോട് ഒരു കാര്യം ചോദിക്കാനുള്ളത് എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടാൽ അവർക്ക് സംവരണം ഏർപ്പെടുത്തുന്ന കാര്യത്തോട് അങ്ങ് യോജിക്കുമോ?

<u>ശ്രീ. എ. എൻ. രാജൻ ബാബു:</u> എനിക്ക് യോജിപ്പുണ്ട്. ഗവൺമെന്റ് ഖജനാവിൽനിന്ന് ശമ്പളം കൊടുക്കുന്ന എയിഡഡ് സ്ക്കൂളുകളിലും സംവരണം ഏർപ്പെടുത്തണം. യൂണിവേഴ്സിറ്റികളിലും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സംവരണം ഏർപ്പെടുത്തണം. സാമൂഹ്യ നീതി എന്ന പ്രധാന ലക്ഷ്യം ഭരണ ഘടനയുടേത് ആയതുകൊണ്ട് വൻകിട വ്യവസായ മേഖലയിൽ ലൈസൻസുകൾ കൊടുക്കുമ്പോൾ ലൈസൻസിന് സാമൂഹിക നീതിയുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾ ഉണ്ടാക്കിയവർക്ക് സംരക്ഷണം കൊടുക്കുന്ന, ഉദ്യോഗം കൊടുക്കുന്ന വിധത്തിൽ സ്വകാര്യ മേഖലയിലും ഉണ്ടാകണമെന്നാണ് എന്റേയും എന്റെ പാർട്ടിയുടേയും അഭിപ്രായം.

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള:</u> കേരള സംസ്ഥാനത്തെ വളരെ കാതലായി ബാധിക്കുന്ന ഒരു പ്രശ്നമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഈ ചർച്ചയിൽ ഞാൻ പ്രതീക്ഷിച്ചിരുന്ന പല ഭാഗങ്ങളിൽനിന്നും വന്നത് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള സമീപനമല്ല എന്നുള്ളതിൽ എനിക്ക് ഖേദമുണ്ട്. റഫറൻസിന്റെ അടിസ്ഥാനത്തിൽ പറയുകയാണെങ്കിൽ നരേന്ദ്രൻ കമ്മീഷൻ ഒരു fact finding കമ്മീഷനാണ്; വസ്തുതകൾ പരിശോധിക്കാനുള്ള കമ്മീഷനാണ്. ആ കമ്മീഷൻ ശുപാർശകൾ ചെയ്തതായി ജസ്റ്റിസ് നരേന്ദ്രൻ പോലും അവകാശപ്പെടുന്നില്ല. ജസ്റ്റിസ് നരേന്ദ്രൻ നടത്തിയ ഒരു പത്ര സമ്മേളനത്തിലും അദ്ദേഹത്തിന്റെ ഇലക്ട്രോണിക്സ് മീഡിയാ വഴിയും പറഞ്ഞത് നേരിട്ട് കേട്ടവരാണ് നമ്മൾ. ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ ശുപാർശകൾ എന്നു പറഞ്ഞുകൊണ്ട് ഇല്ലാത്ത ശുപാർശകൾ നടപ്പിലാക്കുന്നതിനെക്കുറിച്ചാണ് ഇവിടെ പലരും പറഞ്ഞ് കേട്ടത്. അവസാനം സംസാരിച്ചത് ശ്രീ. രാജൻ ബാബുവാണ്. അദ്ദേഹം പറഞ്ഞ പല കാര്യങ്ങളോടും എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

യോജിപ്പുണ്ട്. സംസ്ഥാനത്ത് പലപ്പോഴുമായി ചർച്ച ചെയ്തതും പറഞ്ഞതുമായ ഡീറ്റെയിൽസ് വിടുകയാണ്. നരേന്ദ്രൻ കമ്മീഷൻ പറഞ്ഞിരിക്കുന്ന ഫിഗേഴ്സ് ശരിയല്ല എന്ന് വളരെ വ്യക്തമായി വാദിക്കുന്ന വലിയ ഒരു ജന വിഭാഗം നമ്മുടെ രാജ്യത്തുണ്ട്. പത്രങ്ങൾ ഉൾപ്പെടെ പരിശോധിക്കേണ്ട കാര്യമാണ്. എനിക്ക് അറിയില്ല. യഥാർത്ഥത്തിൽ സംവരണം ചെയ്യപ്പെട്ട സീറ്റിനേക്കാൾ കൂടുതൽ ആളുകളാണ് ഉള്ളത് എന്ന് ഒരു വിഭാഗവും നികത്തപ്പെടേണ്ട വേക്കൻസികൾ കൂടുതലാണ് എന്ന് മറു വിഭാഗവും പറയുന്നുണ്ട്. അത്രയും വേക്കൻസികളില്ല എന്ന് മറ്റൊരു വിഭാഗവും വാദിക്കുന്ന സാഹചര്യത്തിൽ അതിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് പഠിക്കണം, അക്കൂട്ടത്തിൽ നടപ്പിലാക്കുകയും വേണം. സംസ്ഥാനത്ത് ഈ സംവരണം ആരംഭിക്കുന്നത് തിരുവിതാംകൂറിലാണ്. സംവരണം ആദ്യം നൽകിയത് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും മുസ്ലീം സമുദായത്തിനുമാണ്. തിരുവിതാംകൂർ മഹാരാജാവിന്റെ ദിവാനായ ഹബീബുള്ളയാണ് സി. കേശവൻ മുഖ്യമന്ത്രി ആയിരിക്കുമ്പോൾ ഇത് ആദ്യമായി സംസ്ഥാനത്ത് നടപ്പിലാക്കിയത്. ചില സമുദായങ്ങളെ ചേർത്ത് റൊട്ടേഷനും സബ് റൊട്ടേഷനും ഒക്കെ സ്വീകരിച്ച് ഈ സംവരണ തത്വം ഭംഗിയായി സർക്കാർ നിയമനങ്ങളിൽ അദ്ദേഹം നടപ്പിലാക്കുകയുണ്ടായി. അതിന് കുറേ മാറ്റങ്ങൾ വരുത്തിയത് 1960 മുതൽ 1965 വരെ ആർ. ശങ്കർ മുഖ്യമന്ത്രിയായിരുന്ന ഗവൺമെന്റാണ്. ഇതിന്റെ ശതമാനം വർദ്ധിപ്പിക്കുകയും മറ്റു ചില സമുദായങ്ങളെക്കൂടി ഉൾപ്പെടുത്തുകയും അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളെ ഇതിന്റെ പിറകിൽ കൊണ്ടുവരികയും ചെയ്തത് 1960-നും 1965-നും ഇടയ്ക്കാണ്. ഇതാണ് സംസ്ഥാനത്തിലെ സംവരണത്തിന്റെ കാര്യം. മലബാറിൽ ഇത് എപ്പോൾ വന്നു എന്നറിയില്ല. ഇവിടെ വന്ന ശേഷമാണോ 1957-ന് ശേഷമാണോ, തിരുകൊച്ചിയിൽ സ്വീകരിച്ച ശേഷമാണോ, മദിരാശി ഗവൺമെന്റ് സ്വീകരിച്ചിരുന്നോ എന്നും മറ്റുമുള്ള കാര്യങ്ങൾ ഇന്നലെ പരിശോധിച്ചിട്ട് ഒരിടത്ത് നിന്നും എനിക്ക് തെളിവ് കിട്ടിയില്ല. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇത് നടപ്പിലാക്കിയാൽ ഉണ്ടാകാവുന്ന ഭരണഘടനാപരമായ നിയമ പ്രശ്നങ്ങളും മറ്റും കണക്കിലെടുത്ത് മാത്രമേ നടപ്പിലാക്കാവു. ആരെങ്കിലും സഹായിക്കാൻ വന്ന് തട്ടിക്കൂട്ടി നിയമം ഉണ്ടാക്കിയാൽ നിയമസഭ തന്നെ അവതാളത്തിലാകും. ശ്രീ. കെ. കരുണാകരനും, ശ്രീ. എ.കെ. ആന്റണിയും മുഖ്യമന്ത്രിമാരായിരുന്ന കാലഘട്ടത്തിൽ ഒരു നിയമം കൊണ്ടുവന്നു, പക്ഷേ ആ നിയമം ഭരണഘടനയുടെ 9-ാം പട്ടികയിൽപ്പെടുത്താൻ കഴിയാത്തതുകൊണ്ട് സുപ്രീം കോടതി ആ നിയമം ഇല്ലായ്മ ചെയ്തു. അതുകൊണ്ട് വളരെ ആലോചിച്ച് മാത്രമേ നാം ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കാവു. സമുദായങ്ങൾക്ക് കിട്ടാനുള്ള ആനുകൂല്യങ്ങൾ കിട്ടിയില്ല എന്നു പറയുന്നത് വേദനാജനകമാണ്. അത് നൽകേണ്ടതു തന്നെയാണെന്നാണ് എന്റെ അഭിപ്രായം. പക്ഷേ നൽകുമ്പോൾ ആരെയെങ്കിലും കബളിപ്പിക്കാൻവേണ്ടി ആകരുത്. പുറത്ത് നിൽക്കുന്ന വോട്ടർമാരെ കബളിപ്പിക്കാനും നാം തന്നെ സ്വയം കബളിപ്പിക്കപ്പെട്ട നിലയിലും ആകരുത്. അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

നിയമഭേദഗതിനാണ്. ആർട്ടിക്കിൾ 16-ൽ പറഞ്ഞിരിക്കുന്നത് വായിക്കാം. Equality of opportunity in matters of public employment. അതിൽ 4 (ബി) ഞാൻ വായിക്കാൻ ആഗ്രഹിക്കുകയാണ്. Nothing in this article shall prevent the State from considering any unfilled vacancies of a year which are reserved for being filled up in that year in accordance with any provisions of reservation made under clause 4 or clause 4(A) as a separate class of vacancies to be filled up in any succeeding year or years and such class of vacancies shall not be considered together with the vacancies of the year in which they are being.....filled up for determining the ceiling of 50% reservation on total number of vacancies of that year. ഒരു വർഷം ഉണ്ടാകുന്ന വേക്കൻസികളിൽ 50% മാത്രമേ റിസർവേഷൻ അടിസ്ഥാനത്തിലുള്ളൂ. സാമൂഹ്യമായി ഭരണഘടന കൊടുക്കുന്ന പരിരക്ഷയുടെ അടിസ്ഥാനത്തിൽ നമുക്ക് ജോലി കൊടുക്കാൻ കഴിയും. 50 ശതമാനത്തിന് അകത്ത് നിർത്തി സ്പെഷ്യൽ റിക്രൂട്ട്മെന്റ് മാത്രമേ നടത്താൻ പറ്റൂ. സുപ്രീം കോടതിയിലെ കേസ് ശ്രീ. രാജൻ ബാബു പറഞ്ഞു. അത് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് കിട്ടാതെ പോയി. നമ്മളും ചെയ്തു. ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഞാനും ആ മന്ത്രിസഭയിൽ അംഗമായിരുന്നു. ഈ കാലഘട്ടത്തിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമുള്ള സംവരണ ശതമാനം നമ്മൾ നോക്കി. വിദ്യാഭ്യാസ വകുപ്പിലെ മുഴുവൻ ഗസറ്റഡ് ഓഫീസർമാരും പട്ടികജാതി/പട്ടിക വർഗ്ഗക്കാരായിരിക്കുകയാണ്. പല സ്ഥലത്തും, പി.എസ്.സി., റവന്യൂ ഡിപ്പാർട്ടുമെന്റ് എന്നിവിടങ്ങളിൽ പട്ടികജാതിക്കാരിൽപ്പെട്ട ധാരാളം ഉദ്യോഗസ്ഥരുണ്ട്. അതുകൊണ്ടാണല്ലോ 15 പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഐ.എ.എസ്.-കാരായത്. മുസ്ലീം സമുദായത്തെ സംബന്ധിച്ചിടത്തോളം അവർക്ക് നഷ്ടപ്പെട്ടത് വലിയ heart burning ആണ്; അവർക്ക് കിട്ടേണ്ടതാണ്. പക്ഷെ ഒന്നാലോചിക്കണം 50 ശതമാനം എന്നുള്ളത് ആർക്കെങ്കിലും കിട്ടിയിട്ടുണ്ടല്ലോ? ഇവിടെ ആരും തട്ടിയെടുത്തിട്ടില്ലല്ലോ? 50 ശതമാനം വേക്കൻസികളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ കൊടുക്കുന്നതനുസരിച്ച് പിന്നോക്കക്കാർക്കും മറ്റും കൊടുത്തിട്ടുണ്ടല്ലോ ശ്രീ. ടി.എം. ജേക്കബ് പറഞ്ഞതുപോലെ പത്ത് ശതമാനം വരുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും അൻപത് ശതമാനം വരുന്ന അംഗവൈകല്യമുള്ളവർക്കും നീക്കി വച്ചിരിക്കുന്നത് മുഴുവൻ ഫിൽ ചെയ്തിരിക്കുന്നു. ഇത് ആർക്ക് കിട്ടിയെന്നൊന്നും നരേന്ദ്രൻ കമ്മീഷൻ പറഞ്ഞിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കക്കാർക്ക് തന്നെ ഇത് കിട്ടിയിട്ടുണ്ട്. ആർക്കാണ് കിട്ടിയതെന്ന് യാതൊരു പരാമർശവുമില്ല സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഒരു സമവായം ഉണ്ടാക്കാൻ കഴിയില്ല. അല്ലെങ്കിൽ എവിടെയെങ്കിലും കുഴപ്പം വരും. മുസ്ലീങ്ങൾക്ക് കിട്ടേണ്ടത് എട്ട് ശതമാനമാണെങ്കിൽ എട്ട് ശതമാനം തസ്തിക നമ്മൾ റിസർവ്വ് ചെയ്ത് റിക്രൂട്ട്മെന്റ് നടത്തുകയാണെങ്കിൽ ഒരു സംശയവുമില്ല റിസർവേഷൻ കാറ്റഗറിയിൽ നിന്നുമാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ പാസാക്കിയ നിയമം കോടതി റദ്ദ് ചെയ്യപ്പെട്ട സാഹചര്യത്തിൽ എല്ലാം മനസ്സിൽ വച്ചുകൊണ്ട് മാത്രമേ കൊടുക്കാൻ കഴിയൂ. ഈ വിഭാഗങ്ങളിൽ ഒരു സമവായം ഉണ്ടാക്കി മുസ്ലീങ്ങൾക്കും ലത്തീൻ ക്രിസ്ത്യാനികൾക്കും അതുപോലെ മറ്റു ചില വിഭാഗങ്ങൾക്കും കിട്ടാത്ത കാര്യങ്ങൾ ശരിക്ക് പഠിച്ച് എങ്ങനെ റിക്രൂട്ട്മെന്റ് നടത്തി അത് പരിഹരിക്കാമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. അതിൽ ഒരുത്തർക്കും ആക്ഷേപമില്ല. പക്ഷേ മറുഭാഗത്തൊന്നും ആലോചിക്കാതെ ശ്രീ. കെ. വി. തോമസ് പറഞ്ഞതുപോലെ സാമ്പത്തികമായി വളരെയധികം തകർന്നുനിൽക്കുന്ന വിഭാഗങ്ങൾക്ക് ഇന്ന് കിട്ടുന്ന ചെറിയ ജോലി പോലും നൽകാൻ ശ്രമിക്കാതെ പിച്ചച്ചട്ടിയിൽ കൈയിട്ട് വാരുന്ന സമീപനം ഈ രാഷ്ട്രീയ കക്ഷികൾ എടുക്കാൻ പാടില്ല എന്ന് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 50 ശതമാനം സംവരണ തത്വം പാലിക്കാൻ നിയമം അനുവദിക്കുന്നുണ്ട്. പക്ഷേ ധാർമ്മികമായി നമുക്ക് സാധ്യമല്ല. അതുകൊണ്ട് ഒരു സമവായം ഉണ്ടാകണം. ഗവൺമെന്റിന്റെ നയമെന്താണ്; ഗവൺമെന്റ് ഇക്കാര്യത്തിൽ നയം വല്ലതും സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ നയം എന്താണെന്ന് പറഞ്ഞിരുന്നെങ്കിൽ അതിന് വളരെ പ്രാധാന്യം ഉണ്ടാകുമായിരുന്നു. പ്രൊഫ. കെ. വി. തോമസ്സും പ്രൊഫ. സാവിത്രി ലക്ഷ്മണനും പ്രസംഗിച്ചപ്പോൾ യഥാർത്ഥ പ്രശ്നങ്ങളിലേയ്ക്ക് വന്നില്ല. നമ്മൾ ഒളിച്ചോടുകയാണ്. ആവണക്കെണ്ണ കഴിച്ച് പ്രഭാത കൃത്യങ്ങൾ ചെയ്യുന്ന പരിപാടി രാഷ്ട്രീയത്തിൽ പറ്റില്ല, ഉറച്ച് നിൽക്കണം. ഞാൻ ഒന്നുകൂടി പറയട്ടെ മുസ്ലീം സമുദായങ്ങൾക്ക് മാത്രമല്ല പിന്നോക്ക സമുദായങ്ങളിൽ ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിന് നിയമപരമായ ധാർമിക ഉത്തരവാദിത്വം നിർവ്വഹിക്കാൻ ഗവൺമെന്റ് തയ്യാറാകണം. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് കണക്കിലെടുത്ത് ചർച്ചയിൽക്കൂടി സമവായത്തിൽക്കൂടി എത്രയും വേഗം ഇത് നടപ്പിലാക്കാനും വർഗ്ഗീയ കാലുഷ്യം പടരാതിരിക്കാനുമുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് നീക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്:</u> സർ, കാഴ്ചപ്പാടില്ലാത്ത ഒരു ഗവണ്മെന്റിന്റെ കഴിവുകേടായി മാത്രമേ ഈ ചർച്ചയെ കാണാൻ കഴിയൂ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് കിട്ടിയപ്പോൾ ഗവണ്മെന്റ് അത് പഠിച്ച് കാബിനറ്റിൽ തീരുമാനം എടുത്ത് 6 മാസത്തിനകം അതിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് നിയമസഭയിൽ വയ്ക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടിയിരുന്നത്. അങ്ങനെ

7.00 P.M.] വച്ചിരുന്നെങ്കിൽ ആ റിപ്പോർട്ടിന്മേൽ ഞങ്ങൾക്ക് അഭിപ്രായം പറയാൻ പറ്റുമായിരുന്നു. അതിന്മേൽ ഒരു ചർച്ച നടത്താൻ ഗവണ്മെന്റ് തയ്യാറായിരുന്നെങ്കിൽ അവർ ചെയ്തത് ശരിയോ തെറ്റോ എന്ന് ഞങ്ങൾക്കറിയാമായിരുന്നു. ഒരു നപുംസകമായി ഈ ചർച്ച ഇപ്പോൾ നിയമസഭയിൽ വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടിയുടെ ബഹുമാനപ്പെട്ട നേതാവ്, നമ്മുടെ പ്രിയങ്കരനായ പ്രൊഫസർ സംസാരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ശരീരം മുഴുവൻ പിണ്ണാതെലം തേച്ച് · വാഴയിൽ കയറി താഴോട്ടൂർന്ന പോലെയും കാളമൂത്രം മാതിരിയും എന്തോ പറഞ്ഞു എന്നല്ലാതെ ഈ റിപ്പോർട്ടിനെപ്പറ്റി കോൺഗ്രസ്സ് പാർട്ടിയുടെ അഭിപ്രായം എന്താണെന്ന് പറഞ്ഞില്ല. അദ്ദേഹം എന്തെങ്കിലും അഭിപ്രായം പറഞ്ഞിരുന്നെങ്കിൽ നമ്മുടെ ശക്തമായ കാഴ്ചപ്പാട് പറയാമായിരുന്നു. അതിനും പ്രതിപക്ഷത്തിന്റെ അവസരം പാഴാക്കിയെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി പാർട്ടിയുടെ അഭിപ്രായം രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. സംശയമൊന്നുമില്ല. സാമൂഹ്യനീതിയെപ്പറ്റി ചിന്തയില്ലാതെ ഒരു രാഷ്ട്രീയ പാർട്ടിയും പ്രവർത്തിച്ചു പോകുന്നതിൽ അർത്ഥമില്ല. ആ സാമൂഹ്യനീതി നടപ്പാക്കുമ്പോൾ സ്വാഭാവികമായും ഉദ്യോഗസ്ഥനിയമനങ്ങളുടെ കാര്യങ്ങളും ചർച്ച ചെയ്യപ്പെടാതിരിക്കാൻ കഴിയില്ല. വളരെ വ്യക്തമായി അഭിപ്രായം പറയണ്ടേ? റിസർവേഷൻ ഉള്ള സമുദായങ്ങൾക്ക് അത് ലഭിക്കണമെന്ന അഭിപ്രായം തന്നെയാണ് ഞങ്ങൾക്കുമുള്ളത്. പക്ഷേ റിസർവേഷൻ ലഭിക്കുന്നതിൽ അപാകത ഉണ്ടായെങ്കിൽ അത് പരിഹരിക്കണം. പിന്നോക്ക വിഭാഗക്കാർക്ക് റിസർവേഷൻ കൊടുക്കുമ്പോൾ അതിന് സാമ്പത്തിക മാനദണ്ഡം മാത്രം നോക്കിയാൽ പോരാ. സാമ്പത്തിക പിന്നോക്കാവസ്ഥ നോക്കുമ്പോൾ അവർക്ക് എണ്ണം തികയുന്നില്ലെങ്കിൽ സാമ്പത്തികമായി മുന്നോക്കമുള്ളവരിൽ നിന്ന് ഫിൽ ചെയ്യുന്നതിൽ തെറ്റില്ല എന്ന് തന്നെയാണ് ഞങ്ങളുടേയും അഭിപ്രായം. സമുദായം മുന്നോക്കവും, സാമ്പത്തികം പിന്നോക്കവുമാണെങ്കിൽ അവർക്കും 10 ശതമാനം റിസർവേഷൻ കൊടുക്കണമെന്ന അഭിപ്രായമാണെനിക്കുള്ളത്. ഒരു തർക്കവുമില്ല. പക്ഷേ ഇവിടെ ചർച്ച ചെയ്യപ്പെടുന്ന ഒരു കാര്യം ഉണ്ട്. എന്തുകൊണ്ട് അർഹതപ്പെട്ടവർക്ക് ജോലി നഷ്ടപ്പെട്ടു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവണ്മെന്റ് മനസ്സിലാക്കണം. മുസ്ലിം ലീഗ് മന്ത്രിമാർ ഇരിപ്പില്ലേ? നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി വായ് തോരാതെ സംസാരിക്കുന്നവരാണല്ലോ നിങ്ങൾ. ഉന്നതമായ സ്ഥാനങ്ങളിലേക്ക് നിയമനം വരുമ്പോൾ അർഹതപ്പെട്ട സ്ഥാനം പോലും പിന്നോക്കക്കാർക്കും ന്യൂനപക്ഷങ്ങൾക്കും നഷ്ടപ്പെടാനുള്ള അവസരം നിങ്ങൾ കാബിനറ്റിലിരിക്കുമ്പോൾ വരുത്തുന്നത് മര്യാദയാണോ? ഉദാഹരണം ചൂണ്ടിക്കാണിക്കാം. ഈ അടുത്ത കാലത്ത് ഡ്രഗ്സ് കൺട്രോളറുടെ നിയമനം വന്നു ഡ്രഗ്സ് കൺട്രോളർ പെൻഷൻ പറ്റിയപ്പോൾ തൊട്ടടുത്ത പോസ്റ്റിൽ ഇരിക്കുന്നത് ഒരു മുസ്ലീം സമുദായക്കാരനാണ്. അദ്ദേഹത്തിന് അർഹതയുണ്ട്, യോഗ്യതയുണ്ട്. പക്ഷേ കൊടുത്തില്ല. കൊടുത്തത് ആർക്കാണ്? നിങ്ങൾ എന്തിനാണ് കാബിനറ്റിൽ കുത്തിയിരിക്കുന്നത്? എനിക്കറിയണം. കൊടുത്തത് ആർക്കാണ്? ആ പോസ്റ്റിനർഹതപ്പെട്ട, തുല്യമായി പരിഗണിച്ചാൽ പോലും മുസൽമാന് ലഭിക്കേണ്ടതാണ്. ഈ ഗവണ്മെന്റ് ഒരു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഭാര്യക്ക് കൊടുത്തപ്പോൾ നിങ്ങൾ എവിടെ പോയിരിക്കുകയായിരുന്നു? മുസ്ലീം ആണെന്ന് പറഞ്ഞു നടക്കുകയാണ്. എന്തിനാണ് മുസ്ലീം പ്രേമം? മുസ്ലീം പ്രേമം എന്നു പറഞ്ഞാൽ മാത്രം മതിയോ? ഡ്രഗ്സ് കൺട്രോളർ

LIBRARY ARCHIVES Kerala Legislative Assembly

എന്ന ഉന്നതമായ പോസ്റ്റ് മുസ്ലീമിന് കൊടുക്കാതെ മറ്റ് സമുദായക്കാർക്ക് കൊടുത്തിട്ട് മിണ്ടാതെയിരിക്കുന്ന മുസ്ലീം മന്ത്രിമാരെപ്പറ്റി എനിക്ക് പരമപുച്ഛം തോന്നുന്നു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇത് നിസ്സാര കാര്യമല്ല. കേരള സംസ്ഥാനത്ത് മതങ്ങൾ വൈരം ഉണ്ടാക്കുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി വിശദമായ അഭിപ്രായമെന്തെന്ന് ഈ സഭയിൽ ചർച്ച ചെയ്തിരുന്നെങ്കിൽ നിങ്ങൾ മാന്യന്മാരുടെ ഗവണ്മെന്റെന്ന് ഞാൻ പറയുമായിരുന്നു. അതല്ല നിങ്ങൾ ചെയ്തിരിക്കുന്നത്? നിങ്ങൾക്ക് ഈ റിപ്പോർട്ട് തള്ളിക്കളയാൻ അവകാശമില്ലേ? എന്തുകൊണ്ട് ഈ റിപ്പോർട്ട് തള്ളിക്കളഞ്ഞ് മറ്റൊരു റിപ്പോർട്ട് വച്ചില്ല. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞിട്ട് ചർച്ചയ്ക്ക് വരിക. എങ്കിൽ ഞങ്ങൾക്ക് അഭിപ്രായം പറയാൻ സന്തോഷമുണ്ട്. കാഴ്ചപ്പാടില്ലാത്ത ഈ ഗവണ്മെന്റ് സംസ്ഥാനത്തെ ജനങ്ങളെ തമ്മിൽ, മതങ്ങളെ തമ്മിൽ തല്ലിത്തകർക്കാൻ വേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. അതിൽ ശക്തമായ പ്രതിഷേധം കൂടി രേഖപ്പെടുത്തുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ.): സർ, ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്നാണ് എന്റെ അഭിപ്രായം. പക്ഷേ എങ്ങനെ നടപ്പിൽ വരുത്തണമെന്ന് എനിക്കും അറിയില്ല; ജസ്റ്റീസ് നരേന്ദ്രനും അറിയില്ല. അതാണ് ഇപ്പോഴത്തെ പ്രശ്നം. അദ്ദേഹം ഇവിടെ ഒരു ഇന്റർവ്യൂവിൽ പറഞ്ഞു പിന്നോക്ക സമുദായക്കാർക്ക് കുറഞ്ഞ സീറ്റ് എങ്ങനെ നികത്തിക്കൊടുക്കുമെന്ന് എനിക്കറിയില്ല. ഇപ്പോൾ പ്രായോഗികമാക്കണമോ എന്നും എനിക്കറിയില്ലായെന്ന്. ഓരോ പ്രസംഗത്തിലും ശ്രദ്ധിച്ചു. വോട്ട് ബാങ്ക് കിട്ടാൻ വേണ്ടിയാണ് അധികവും പ്രസംഗം നടത്തുന്നത്. ഗവണ്മെന്റ് തീരുമാനം എടുക്കാത്തതിനെപ്പറ്റി യാഥാർത്ഥ്യബോധത്തോടുകൂടി എല്ലാവരും ആലോചിക്കണം. അതുപോലെതന്നെ മുസ്ലീം ലീഗ് അതിന് വഴങ്ങണമെന്ന് പറഞ്ഞ് അവരെ അപമാനിക്കുന്നു. ഇതെല്ലാംകൊണ്ട് കയ്യടി വാങ്ങിയതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ? ഈ റിപ്പോർട്ടിനെപ്പറ്റി ചർച്ച ചെയ്യുമ്പോൾ അതിന്റെ പ്രതിഫലനവും, സമുദായങ്ങൾ തമ്മിലുള്ള സ്പർദ്ധ ഉണ്ടാക്കാൻ ഉപകരിക്കുമെന്നാണ് എന്റെ അഭിപ്രായം. നരേന്ദ്രൻ കമ്മീഷൻ ചില ഫാക്ട്സ് പറഞ്ഞിട്ടുണ്ട്. പിന്നോക്കക്കാർക്ക് കിട്ടേണ്ടത് കിട്ടിയില്ലായെന്ന് പറഞ്ഞു. അതല്ലാതെ അതെങ്ങനെ പരിഹരിക്കുമെന്ന് പറഞ്ഞിട്ടില്ല. അത് പരിഹരിക്കാൻ ആലോചിക്കണം. പിന്നോക്കക്കാർക്ക് കിട്ടേണ്ട സംവരണത്തിൽ 50 ശതമാനത്തിലധികവും കൊടുക്കുന്ന കാര്യത്തെപ്പറ്റി ഭരണഘടനാ വിദഗ്ദ്ധൻ വാദിച്ചു കഴിഞ്ഞു. 50 ശതമാനത്തിലധികവും കൊടുക്കാൻ കഴിയില്ലല്ലോ. 50 ശതമാനത്തിലധികവും എങ്ങനെ കൊടുക്കാൻ കഴിയുമെന്നുള്ളതിൽ നമ്മൾ ഒരു സമവായത്തിലെത്തണം. അതിന് സാധിക്കുമോ? തമിഴ്നാട്ടിൽ കുമാരി ജയലളിത നിയമം ഉണ്ടാക്കി എന്ന വാർത്ത പത്രത്തിൽ വായിച്ചു. 50 ശതമാനത്തിലധികം കൊടുക്കാൻ Constitution-ന്റെ IX Schedule-ൽപ്പെടുത്തിയാണ് അവർ അത് നിർവ്വഹിച്ചത്. IX Schedule-ൽ

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറഞ്ഞ് നമ്മുടെ സ്വാശ്രയ ബിൽ തന്നെ കിടക്കുകയാണ്. അതെങ്ങനെ കിട്ടുമെന്ന് നോക്കണം. അതുകൊണ്ട് പിന്നോക്കക്കാർക്ക് സംവരണം കൊടുക്കുന്നതിനോ, കുറഞ്ഞു പോയത് കൂട്ടിക്കൊടുക്കുന്നതിനോ ആരും എതിർക്കുമെന്നെനിക്ക് തോന്നുന്നില്ല. ഭരണകക്ഷിക്കാരും എതിർക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അതല്ല പ്രശ്നം എങ്ങനെ പരിഹരിക്കുമെന്നുള്ളതാണ്. ഞാൻ പറയുമ്പോൾ നിങ്ങൾ പരിഹസിക്കുമായിരിക്കും. ആ പ്രശ്നം പരിഹരിക്കണമെങ്കിൽ ഒരു കമ്മീഷനെക്കൂടി കൊണ്ടുവരണം. Facts മാത്രമേ ജസ്റ്റീസ് നരേന്ദ്രൻ പറഞ്ഞിട്ടുള്ളു. ബാക്കി എങ്ങനെ പരിഹരിക്കും, എങ്ങനെ തീരുമാനിക്കണം, ആര് തീരുമാനിക്കും എന്നുള്ളതിനെപ്പറ്റിയൊന്നും പറഞ്ഞിട്ടില്ല. ഒന്നുകിൽ ഒരു സമവായത്തിൽക്കൂടി പരിഹരിക്കണം. അല്ലെങ്കിൽ വേറെ ഒരു കമ്മീഷനെ വയ്ക്കണം. അതുകൊണ്ട് സമുദായസ്പർദ്ധ ഉണ്ടാക്കാനോ അല്ലെങ്കിൽ വോട്ട് ബാങ്കിനെ കണ്ടുകൊണ്ടോ പ്രശ്നം ചർച്ച ചെയ്യുന്നതിൽ കാര്യമില്ല. സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ സ്ഥിതിയും ഞാൻ പറഞ്ഞു. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക ഘടനയിൽ മാറ്റം വന്നത് നമ്മൾ ഉൾക്കൊള്ളണം. പഴയ സ്ഥിതിയല്ല; മാറ്റമുണ്ട്. പ്രത്യേകിച്ച് കാർഷിക പരിഷ്ക്കരണത്തിന് നേരത്തെ തോമസ് മാഷ് പറഞ്ഞപ്പോൾ ഞാൻ ഓർമ്മിച്ചു. കാർഷിക പരിഷ്കരണത്തിനുശേഷം ഫ്യൂഡൽ ബന്ധത്തിനും സാമൂഹിക സാമ്പത്തിക ബന്ധത്തിനും മാറ്റം വന്നു. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഒരു സത്യം പറഞ്ഞപ്പോൾത്തന്നെ ഇവിടെ ഒരു വലിയ കലാപം സൃഷ്ടിക്കത്തക്കതരത്തിൽ മാറ്റമുണ്ടായി. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. മാറ്റമുണ്ട്, പണ്ട് നായരെപ്പറ്റി പറയുന്നത് നായർ, സ്വസ്ഥം കൃഷി എന്നാണ്. ഇപ്പോൾ നായരെപ്പറ്റി പറയേണ്ടത് നായർ സ്വസ്ഥം പട്ടിണിയെന്നാണ്. അതല്ലേ യാഥാർത്ഥ്യം? പലസ്ഥലത്തും നമ്പൂതിരിമാർ ഇന്ന് റെയിൽവേസ്റ്റേഷനിൽ പിച്ചക്കാശിനുവേണ്ടി തെണ്ടിനടക്കുകയാണ്. അവൻ തെണ്ടുന്നതിൽ എനിക്ക് വലിയ ദുഃഖമുണ്ടായി ഞാൻ പറയുകയല്ല, ഈ നമ്പൂതിരിയും നായരുമെല്ലാംകൂടി നമ്മുടെ സമ്പദ്ഘടന ചൂഷണം ചെയ്ത് പിന്നോക്കക്കാരേയും അതുപോലെ പാവപ്പെട്ടവരേയും അടിച്ചമർത്തി അങ്ങനെ പാവപ്പെട്ടവർ കുറെ അനുഭവിച്ചിട്ടുണ്ട്, അതിന്റെ പാപം അവർ അനുഭവിക്കും. ദൈവത്തിൽ എനിക്ക് വിശ്വാസമില്ലെങ്കിലും അതിന്റെ പാപമായിരിക്കും അനുഭവിക്കുന്നത്. അതൊരു യാഥാർത്ഥ്യമല്ലേ? റെയിൽവേസ്റ്റേഷനിൽ തെണ്ടുന്ന നമ്പൂതിരി എത്രയുണ്ട്? ഇപ്പോൾ ദൈവവിശ്വാസം കുറച്ചുകൂടിയതുകൊണ്ട് തിരുവിതാംകൂറിലേയും മലബാറിലേയും നമ്പൂതിരിമാരിലും ക്ഷേത്രത്തിലെ പൂജ നിക്ഷിപ്തമായിരിക്കുകയാണ്. അതുകൊണ്ട് അത്തരം ആളുകൾ രക്ഷപ്പെട്ടിട്ടുണ്ട്. സാമ്പത്തിക സംവരണത്തെപ്പറ്റി ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതുപോലെ ഞാൻ പറയുന്നില്ലെങ്കിലും ഇതൊരു പ്രശ്നമാണ്. മുന്നോക്ക സമുദായത്തിൽ സാമ്പത്തികമായി പിന്നോക്കത്തിൽപ്പെട്ട ആളുകൾക്ക് എന്തെങ്കിലും ചെയ്യണമെന്നുള്ളത് അംഗീകരിച്ചുകൊണ്ടുമാത്രമേ ഇന്നത്തെ സാഹചര്യത്തിൽ മുന്നോട്ടുപോകാൻ കഴിയൂ. അതൊരു ജാതി അടിസ്ഥാനത്തിലോ മറ്റോ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതല്ല. അതൊരു യാഥാർത്ഥ്യമല്ലേ? ഇപ്പോൾ ബാർ ലൈസൻസ് കിട്ടുന്നു എന്നുള്ളതുകൊണ്ട് നമ്പൂതിരി ഇല്ലങ്ങൾ പൊളിച്ച് ഹെറിറ്റേജ് ഹോട്ടലുകൾക്കുവേണ്ടി കൊടുക്കുകയാണ്. ഇല്ലത്തിന്റെ ജനലും വാതിലും കട്ടിലും കൊടുത്താൽ ബാർ ഹോട്ടൽ എടുക്കുന്ന പണക്കാരൻ ഇത് വാങ്ങുകയാണ്. ഹെറിറ്റേജിന് ഇപ്പോൾ ലൈസൻസ് കൊടുക്കുന്നുണ്ട്. സമൂഹത്തിലെ ഈ മാറ്റങ്ങൾ നമ്മൾ ആരായാലും ഉൾക്കൊള്ളാതെ മുന്നോട്ടുപോകാൻ സാധിക്കില്ല. അതുകൂടി കണക്കിലെടുക്കണം. സമവായത്തിൽക്കൂടി മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുകയുള്ളൂ. അതിന് ഗവൺമെന്റിനെ കുറ്റപ്പെടുത്തിയതുകൊണ്ട് കാര്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ ഈ ചർച്ച യാഥാർത്ഥ്യ ബോധം ഉൾക്കൊണ്ടല്ല നടന്നത് എന്ന് കാണുന്നതിൽ എനിക്ക് അതിയായ ദുഃഖമുണ്ട്. ഇവിടെ ചില സാമൂഹ്യ യാഥാർത്ഥ്യങ്ങളുണ്ട്. ആ സാമൂഹ്യ യാഥാർത്ഥ്യങ്ങൾ വച്ചാണ് സംവരണം തന്നെ ഇവിടെ ഉണ്ടായത്. ഓരോ മതവിഭാഗങ്ങളും അവനവന്റെ മതത്തിനുവേണ്ടി വാദിക്കുന്നതായിരുന്നില്ല കേരളത്തിന്റെ ചരിത്രം. വന്നുവന്ന് മന്ത്രിസഭയിലിരിക്കുന്ന ശ്രീ. എം. വി. രാഘവൻ പോലും പറയുന്ന രീതി കണ്ടപ്പോൾ എനിക്ക് വളരെ വിഷമം തോന്നി. കാബിനറ്റിൽ ഇരുന്നുകൊണ്ട് ഈ തരത്തിൽ പറയുന്നത്, പിന്നോക്ക ജനവിഭാഗങ്ങളുടെ അവകാശങ്ങളെക്കുറിച്ച് വോട്ടുബാങ്കുകണ്ട് തീരുമാനിക്കേണ്ട എന്ന് ഒറ്റവാക്കിലൊതുക്കുകയും ബാക്കി വിശദമായി പറയുകയും ചെയ്ത ആ രീതിയോട് എനിക്ക് ഒട്ടും ഒരു മതിപ്പില്ലെന്നുള്ളത് ശ്രീ. എം. വി. രാഘവനോട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ രീതിയിലല്ല ഈ പ്രശ്നം കൈകാര്യം ചെയ്യേണ്ടത്. കേരളത്തിൽ കോൺഗ്രസ്സിന്റെ പാരമ്പര്യം തന്നെ എടുത്തുനോക്കുകയാണെങ്കിൽ കോൺഗ്രസ് മുഖ്യമന്ത്രിയായിരിക്കുന്ന സമയത്തും മറ്റും ഈ പ്രശ്നം വന്നപ്പോൾ ഈവക പ്രയാസങ്ങളൊക്കെയുണ്ടായിട്ടുണ്ട്. വിവിധ ജാതിമതസ്ഥരെ ബാധിക്കുന്ന കാര്യങ്ങളുണ്ട്, വിവിധ താത്പര്യക്കാരുണ്ട്, വിവിധ പ്രശ്നങ്ങളുണ്ട്. അതുകൊണ്ടു തന്നെ ആ പ്രശ്നങ്ങളെ സംബന്ധിച്ച് ഒരു വട്ടമേശയിലിരുന്ന്, എന്റെ ജാതിക്കും എന്റെ മതത്തിനും വേണ്ടി ഞാൻ വാദിക്കുന്നു എന്ന സമീപനം കോൺഗ്രസ് എടുത്തതായി ഞങ്ങൾക്കാർക്കും അറിയില്ല. കാരണം R. ശങ്കറിന്റെ കാലത്ത് റിസർവേഷൻ വന്നതും അതിന്റെ പൊസിഷൻ വന്നതും അന്ന് അത് തീരുമാനിച്ചതുമൊക്കെ വളരെ പ്രയാസത്തോടുകൂടിത്തന്നെയായിരുന്നു. വളരെ പ്രയാസത്തോടുകൂടി അത് തീരുമാനിക്കേണ്ടി വന്നത് ഇവിടെയുള്ള സാമൂഹ്യ യാഥാർത്ഥ്യം കൊണ്ടാണ്. ചില വിഭാഗങ്ങൾക്ക് സർവ്വീസിൽ പ്രാതിനിധ്യമില്ല. അതിനുള്ള പരിഹാരം ഉണ്ടാക്കാൻവേണ്ടി ജാതിയും മതവും ബാക്കിയുള്ളതൊന്നും നോക്കാതെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാക്കന്മാരും പ്രതിപക്ഷം ഭരിക്കുന്ന സമയത്ത് അവരെല്ലാവരും പിന്നോക്ക അവശ ജനവിഭാഗങ്ങളെ അവിടെ മുസ്ലീം എന്നോ നാടാർ എന്നോ ഈഴവ എന്നോ നോക്കാതെ ഒരു main-stream-ലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരാൻവേണ്ടി നടപടിയെടുത്തു. അതാണ് സംവരണം. എന്തിനാണ് അതിനോടിത്ര വിരോധം? അങ്ങനെയൊരു വിരോധം ഡവലപ് ചെയ്തുകൊണ്ടുവന്ന് ആ സംവരണംതന്നെ ആവശ്യമില്ലാത്ത ഒരു സാധനമാണെന്നുള്ള രീതിയിലുള്ള ചർച്ച ശരിയല്ല. ശ്രീ. എം. വി. രാഘവൻ പറഞ്ഞതുപോലെ ഇവിടെയുള്ള സാമൂഹ്യ യാഥാർത്ഥ്യത്തിൽ മാറ്റം വന്നിരിക്കുകയാണ്. സാമൂഹ്യ യാഥാർത്ഥ്യത്തിൽ വന്നിരിക്കുന്ന മാറ്റം ഒരു അജണ്ടയാക്കിയെടുക്കാം. അത് അജണ്ടയാക്കിയെടുത്തിട്ട് ചർച്ച ചെയ്യാം. അതിനിവിടെ ആരെങ്കിലും എതിർക്കുന്നുണ്ടോ? ബഹുമാന്യനായ മുൻ മുഖ്യമന്ത്രിയുടെ കാലത്തുതന്നെ മുസ്ലീം ലീഗിന്റെ അഭിപ്രായമെന്ന നിലയിൽ പല പ്രാവശ്യം ഞാൻ പറഞ്ഞിരുന്നു, ഇതിനൊന്നും ഞങ്ങൾ എതിരല്ല. വിദ്യാഭ്യാസ ആനുകൂല്യം കൊടുക്കുന്നതിൽ ഞങ്ങൾ എതിരല്ല. അല്ലെങ്കിൽ മറ്റ് അവശതകൾക്ക് എന്തെങ്കിലും കൊടുക്കുന്നതിന് ഞങ്ങൾ എതിരല്ല. ഞാൻ മന്ത്രിയായിരുന്ന സമയത്ത് ശ്രീ. വെള്ളാപ്പള്ളി നടേശന്റെ വീട്ടിൽപ്പോയി ഒരു ദിവസം ഇക്കാര്യം അദ്ദേഹവുമായി ചർച്ച ചെയ്തതാണ്. അതിനൊന്നും ഞങ്ങൾ എതിരല്ല. ഏതു രംഗത്താണോ, ആരാണ് പിന്നിൽ നിൽക്കുന്നത് അവർക്ക് ആനുകൂല്യം കൊടുക്കുന്നതിന് ഇവിടെ ആരും എതിരല്ലല്ലോ. ഒരു സംവരണ സമുദായവും അതിവിടെ പറഞ്ഞിട്ടില്ല. ഹൈക്കോടതിയിലൊക്കെ ചില സമുദായത്തിന് പ്രാതിനിധ്യമില്ല. എല്ലാ കാലത്തും അങ്ങനെ പോയാൽ മതിയോ? ജസ്റ്റീസ് നരേന്ദ്രൻ കണക്ക് ശരിക്ക് പറഞ്ഞിട്ടില്ലെന്നു പറയുന്നു. എന്നാൽപ്പിന്നെ സെക്രട്ടേറിയറ്റിന്റെ നടയിലൂടെ ഒന്ന് നടന്നുനോക്കണം. ചില സമുദായങ്ങൾക്ക് അവിടെ പ്രാതിനിധ്യമുണ്ടോ ഇല്ലയോ എന്നുള്ളതിന് name board ഉണ്ട്, അത് നോക്കണം. പ്രാതിനിധ്യം ഉണ്ടോ ഇല്ലയോ എന്നുള്ളത് അറിയാമല്ലോ. ചില വിഭാഗങ്ങൾക്ക് സർവ്വീസിൽ പ്രാതിനിധ്യമില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ജോസഫ് കമ്മീഷനും ഇതും തമ്മിൽ മിക്സ് ചെയ്തു പറഞ്ഞിട്ട് കാര്യമില്ല. ക്രീമിലെയർ വേറെയാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശ പറഞ്ഞിട്ടില്ലെന്ന് ഇവിടെ പറഞ്ഞിട്ട് കാര്യമില്ല. അതിൽ ശുപാർശ പറയേണ്ട കാര്യമില്ല. അത് ഗവൺമെന്റ് ആലോചിക്കേണ്ട വിഷയമാണ്. ഇത് facts finding റിപ്പോർട്ടാണ്. ഞാൻ ആരേയും embarrass ചെയ്യാൻവേണ്ടി പറയുകയല്ല, കാരണം അത് ഗവൺമെന്റിനുമുന്നിൽ ഒരു ലളിതമായ പ്രശ്നമായി ഞാൻ കാണുന്നില്ല. കാരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പിൽ ഇത് വളരെ ലളിതമായ പ്രശ്നമാണ്, ഒരു ultimatum കൊടുത്ത് തീരുമാനമെടുക്കേണ്ടതാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. 2000-ൽ സമർപ്പിച്ച ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഇപ്പോഴാണ് ചർച്ചയ്ക്കു വരുന്നത്. ഈ കാലമത്രയും മുസ്ലീംലീഗിന്റെ അഭിപ്രായമായി പറഞ്ഞത് ഇതിലൊരു സമവായമുണ്ടാക്കാൻ വേണ്ടി ശ്രമിക്കണമെന്നാണ്. ആ സമവായത്തിനുവേണ്ടി എന്ത് വിട്ടുവീഴ്ച ചെയ്യാനും ഞങ്ങൾ തയ്യാറാണ്. അതിനുള്ള പരിഹാസമാണ് ശ്രീ. പി. സി. ജോർജ് എനിക്ക് തന്നിട്ടുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. കുറേ ആളുകൾ ഞങ്ങളോട് ചോദിക്കുന്നത് നിങ്ങൾക്കെന്താണ് അവിടെ പണി എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളൊക്കെ സംസാരിക്കുന്ന ഭാഷയിൽ സംസാരിക്കാൻ ഞങ്ങൾക്ക് അറിഞ്ഞുകൂടാത്തതുകൊണ്ടൊന്നുമല്ല. പക്ഷേ സംസാരിക്കാത്തതിന്റെ കാരണം ഇവിടെ hard-liners കാത്തിരിക്കുകയാണ്. ആ hard-liners-നെ ഇവിടെ ശക്തിപ്പെടുത്തണമോ? നിങ്ങൾ പല പാർട്ടികളുടേയും പേരുപറയുന്നു. ഇവിടെ hard-liners-ഉം അതുപോലുള്ളതും ശക്തിപ്പെടും, അതുകൊണ്ട് പണ്ട് നമ്മുടെ നേതാക്കന്മാർ ചിന്തിച്ചതുപോലെ എല്ലാവരും ചിന്തിക്കണം. ഇടതുപക്ഷത്തിന്റേതായാലും കോൺഗ്രസ്സിന്റേതായാലും ഇവിടെ എല്ലാവരും കൂടി കൂടിയാൽ....., ഇവിടെ അസംബ്ലി കമ്മിറ്റി കൂടിയിട്ട് എല്ലാ റിപ്പോർട്ടുകളും unanimous ആയിട്ടല്ലേ വന്നിരിക്കുന്നത്? എല്ലാ അസംബ്ലി കമ്മിറ്റിയുടേയും ഇതുസംബന്ധിച്ചുള്ള റിപ്പോർട്ടുണ്ട്. ശ്രീ. നാലകത്ത് സൂപ്പി അദ്ധ്യക്ഷനായുള്ള കമ്മിറ്റിയിലുണ്ട്. വോട്ടെടുപ്പൊന്നും നടന്നില്ല. എങ്ങനെ ആ കൾച്ചർ പോയി? പിന്നെ പരിഹാരമാർഗ്ഗം ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് നമുക്കിരുന്ന് ആലോചിക്കാം. മുന്നോക്ക സമുദായങ്ങളെ അഫക്ടുചെയ്യുന്ന രീതിയിൽ ചെയ്യണമെന്ന് ജസ്റ്റീസ് നരേന്ദ്രൻ പറഞ്ഞോ? ഒന്ന് സീരിയസ്സായിട്ട് എടുക്കണം. കാരണം ഇവിടെ statistics കിട്ടിയിരിക്കുന്നതനുസരിച്ച് ഈ വിഷയം സീരിയസ് ആയി എടുക്കണം. അതല്ലാതെ അനുശോചനം പറയുന്നതുപോലെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് വരുമ്പോൾ അസംബ്ലിയിൽ reference നടത്തുന്ന മാതിരിയുള്ള ചർച്ച നടത്തിയിട്ട് എന്തെങ്കിലും കാര്യമുണ്ടോ? ഇങ്ങനെയുണ്ടോ ഒരു ഇടപാട്? എല്ലാവരും പ്രസംഗിക്കും, ഇതെന്ത് ഹിപ്പോക്രസിയാണ്? 50 ശതമാനത്തിൽ നിന്നുമെടുത്തിട്ട് മുന്നോക്ക സമുദായങ്ങളെ ദ്രോഹിക്കണമെന്ന് ആരെങ്കിലും പറഞ്ഞോ? പിന്നോക്ക സമുദായങ്ങളെല്ലാം കൂടി വിട്ടുവീഴ്ച ചെയ്ത്, അവർ തമ്മിൽ ഒരുമിച്ചാലോ? ഒന്നു ചർച്ച ചെയ്തുകൂടേ? മുസ്ലീം കമ്മ്യൂണിറ്റിക്ക് 7000 ഉണ്ട്. ആ 7000 തന്നെ കിട്ടണമെന്ന് മുസ്ലീം കമ്മ്യൂണിറ്റി പറഞ്ഞോ? അതുകൊണ്ട് ഇതൊന്ന് സീരിയസ് ആയിട്ട് എടുക്കണം. ബഹുമാന്യനായ മുഖ്യമന്ത്രി ഈ വിഷയം സീരിയസ് ആയി എടുക്കുന്നില്ല എന്ന് ഞാൻ പറയുന്നില്ല, അദ്ദേഹം ഇവിടെ സംസാരിച്ചിട്ടില്ല. ഇവിടെ ഓരോ മതത്തിനുവേണ്ടി ഓരോരുത്തർ പറയുകയാണ്, ഓരോ ജാതിക്കാരും ഇരുന്ന് പറയുകയാണ്. ഞങ്ങൾ പറഞ്ഞാൽ വോട്ടുബാങ്കുകണ്ട് പറയുന്നതാണെന്ന് തോന്നും എന്ന് ചിലർ പറയും, ശ്രീ. പി. സി. ജോർജിനെപ്പോലെയുള്ളവർ ഞങ്ങളെ പരിഹസിക്കുകയും ചെയ്യും. നിങ്ങൾ എന്തിനാണ് നോക്കിയിരിക്കുന്നത് എന്നാണ് ചോദിക്കുന്നത്. ഞാൻ രാഷ്ട്രീയം പറയുന്നില്ല, പറയുകയാണെങ്കിൽ എനിക്ക് വളരെയധികം പറയാനുണ്ട്. ശ്രീ. പി. സി. ജോർജിന് ഞങ്ങളോട് പുച്ഛമാണെന്ന് പറഞ്ഞു. അതിവിടെ എല്ലാവർക്കുമറിയാം, കാരണം പണ്ട് പ്ലസ് ടു അനുവദിച്ചപ്പോൾ ഞങ്ങളോടൊക്കെ പുച്ഛമാണെന്നുള്ളത് തെളിയിച്ച പാർട്ടിയുടെ ആളാണ് ശ്രീ. പി. സി. ജോർജ്. മലബാറിനോടും പുച്ഛമാണ്, ഞങ്ങളോടും പുച്ഛമാണെന്നുള്ളത് അദ്ദേഹത്തിന്റെ നേതാവ് സ്ഥാപനങ്ങൾ അനുവദിച്ചപ്പോൾ തെളിയിച്ചിട്ടുണ്ടല്ലോ. അതുകൊണ്ട് പുച്ഛം തന്നെയാണ്, ഞാനത് സമ്മതിക്കുന്നു. ശ്രീ. പി. സി. ജോർജിന്

LIBRARY ARCHIVES Kerala Legislative Assembly

പുച്ഛമാണെന്നുള്ളത് പ്രത്യേകിച്ച് എടുത്തുപറയേണ്ട കാര്യമില്ല. അങ്ങനെയുള്ള പുച്ഛങ്ങളൊന്നും ഞങ്ങൾക്ക് വലിയ കാര്യമല്ല. ഇവിടെ ഞങ്ങൾ പറയുന്നത് ഈ വിഷയം ഒന്ന് സീരിയസ് ആയി എടുക്കുക. പിന്നോക്കക്കാർക്ക് സർവ്വീസിൽ പ്രാതിനിധ്യം കൊടുക്കേണ്ട വിഷയം മാത്രം സീരിയസ് ആയി എടുക്കണമെന്ന് ഞങ്ങൾ പറയുന്നില്ല, വേണമെങ്കിൽ വേറെ സംഗതിയെടുക്കുക. അതായത് ഇപ്പോൾ പിന്നോക്ക കമ്മ്യൂണിറ്റീസ് എല്ലാംകൂടി ഒരു നിവേദനം ഉണ്ടാക്കിയപ്പോൾ ചിലർ ഈഴവ കമ്മ്യൂണിറ്റിയെ ബാധിക്കുന്ന വളരെയധികം പ്രശ്നങ്ങൾ പറഞ്ഞു. വളരെയധികം പ്രശ്നങ്ങളുണ്ട് അത് ചർച്ചയ്ക്കെടുക്കണം. ഞങ്ങൾ അതിന് എതിരല്ലല്ലോ. അതിലുള്ളത് അധികവും സാമ്പത്തിക പ്രശ്നമാണ്. ഗവൺമെന്റിന് എന്ത് ചെയ്യാൻ പറ്റുമെന്നുള്ളത് നോക്കണം. ഓരോ വിഭാഗങ്ങളും വരുമ്പോൾ ശ്രീ. എം. വി. രാഘവൻ പറഞ്ഞതുപോലെ സാമൂഹ്യമായ യാഥാർത്ഥ്യങ്ങൾ മാറിയിരിക്കുകയാണ്. മുന്നോക്ക സമുദായങ്ങളെ സംബന്ധിച്ചിടത്തോളം പരിദേവനങ്ങളുണ്ടാകാം. അജണ്ടയെടുക്കാം, അല്ലാതെ ഇതിങ്ങനെ പാടില്ല, പൊള്ളും, കത്തും എന്നുപറഞ്ഞിട്ട് കാര്യമുണ്ടോ? എന്ത് കത്തലാണിത്? അപ്പോൾ മറ്റുള്ളവർ കത്തിക്കാനിറങ്ങിയാലോ? അതുപോലെതന്നെ ഇവിടെ സർവ്വീസിന്റെ കാര്യം പറഞ്ഞാൽ ഇവിടെ കത്തുമെന്ന് ഇങ്ങനെ പറഞ്ഞ് ഒരു threat–ൽ നിർത്തുകയാണ്. അതത്ര നല്ല കാര്യമല്ല. ഇൻഡ്യയിലെ പിന്നോക്കക്കാർക്ക് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് കിട്ടാതെ പോയതിനെക്കുറിച്ചും കുറച്ച് ആളുകൾക്ക് ഡൽഹിയിൽ സീറ്റ് കൊടുത്തതും വലിയ അഭിമാനമായി ഇവിടെ പറയുന്നത് ഭൂഷണമല്ല. ഈ രാജ്യത്ത് എത്ര പിന്നോക്കക്കാർ ഉണ്ട്. അവരൊക്കെ ആട്ടിൻ പറ്റമാണോ? അങ്ങനെയല്ലല്ലോ. കടപ്പുറത്ത് ജീവിക്കുന്ന ആളുകളും ബാക്കിയുള്ളവരുമൊക്കെ ഉണ്ടല്ലോ. അതിനൊരു നടപടി വേണം. അത് പ്രധാനമായും പ്രതീക്ഷിക്കുന്നത് ഇൻഡ്യൻ നാഷണൽ കോൺഗ്രസിൽ നിന്നാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കഴിഞ്ഞകാല നേതാക്കൻമാരൊക്കെ ഏതു മതത്തിൽപ്പെട്ടവരാണ് എന്നൊക്കെ നോക്കിയാണ് ഇവിടെ പ്രസംഗിക്കുന്നത്. നമുക്കൊക്കെ പൊളിറ്റിക്കൽ സമ്മർദ്ദമുണ്ട്. വോട്ടിന്റെ സമ്മർദ്ദമുണ്ട്. എന്നാലും ആ പ്രിൻസിപ്പിൾ വിടാൻ പറ്റില്ലെന്നാണ് എന്റെ അഭിപ്രായം. ഈ പ്രിൻസിപ്പിൾ വിടാതെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ചർച്ചയ്ക്കെടുക്കണം. വളരെ ദിവസം കഴിഞ്ഞതിനുശേഷം നിയമസഭയിൽ ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷനെക്കുറിച്ചുള്ള ചർച്ച വന്നിരിക്കുകയാണ്. പ്രയാസങ്ങളുണ്ട്. എടുക്കുമ്പോൾ മറ്റുള്ളവരെ ബാധിക്കുമോ എന്നുള്ളതൊക്കെ നോക്കണം. നാല് കൊല്ലം ഞാൻ സമവായം പറഞ്ഞു. എന്നിട്ട് എന്നെയെറിയാത്ത കല്ലുണ്ടോ? എവിടെപ്പോയാലും സമവായത്തിന്റെ ആളെന്നു പറഞ്ഞുകൊണ്ട് എന്നെ ഒറ്റപ്പെടുത്തുകയല്ലേ. ഞങ്ങളെപ്പോലും ആ തരത്തിലുള്ള hard tone-ലേക്ക് നിർബന്ധിക്കാത്ത തരത്തിൽ സമ്മർദ്ദമുണ്ടായിട്ടും ഞങ്ങൾ പിടിച്ചുനിന്നു. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സീരിയസ്സായി എടുത്തിട്ട് നാളെ മുതൽ നടപടി തുടങ്ങണം.

2/675/2012—51.

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട എല്ലാവരോടും, സംവരണ മുന്നണിയിലെ കക്ഷികളോട് ചർച്ച ചെയ്യണം, എൻ.എസ്.എസ്., എസ്.എൻ.ഡി.പി. എന്നിവരുമായും ചർച്ച ചെയ്യണം. ഒരു ചർച്ചയും വേണ്ട, ഇതൊന്നും പറ്റുകയില്ല, ഇതൊന്നും ഇവിടെ നടപ്പാക്കുകയില്ല എന്നുള്ള നിലപാട് ആർ എടുക്കുന്നതും ശരിയാകുകയില്ല. ഇപ്പോൾ മുസ്ലീം കമ്മ്യൂണിറ്റിയെപ്പറ്റിയാണെങ്കിൽ അവരും വിട്ടുവീഴ്ച ചെയ്യണം. അതല്ലാതെ 7,000 നഷ്ടപ്പെട്ടത് 7,000 തന്നെ കിട്ടണമെന്ന് പറയാൻ പറ്റുമോ? ഇതിനൊക്കെ ഒരു പരിഹാരമില്ലേ? നമ്മൾ എല്ലാ ജനവിഭാഗങ്ങൾക്കുമുള്ള പ്രശ്നങ്ങളെക്കുറിച്ച് ആലോചിക്കണം. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം കൂടെച്ച് മുതലുണ്ടായി എന്നുവിചാരിച്ച് ചില പ്രശ്നങ്ങൾ പരിഹരിക്കുമോ? ഹൈക്കോടതിയിൽ നിയമ പീഠങ്ങളിൽ എല്ലാ ജനവിഭാഗങ്ങളും വേണ്ടേ? ഇന്ത്യൻ പ്രസിഡന്റായിരുന്ന ശ്രീ. കെ. ആർ. നാരായണൻ ഒരിക്കൽ ഇതിനെ സംബന്ധിച്ച് അഭിപ്രായം പറഞ്ഞല്ലോ. എല്ലാ വികാരങ്ങളും പ്രശ്നങ്ങളും ഉൾക്കൊള്ളാൻ ചിലപ്പോൾ എല്ലാപേർക്കും കഴിഞ്ഞു എന്ന് വരില്ല. അതുകൊണ്ടാണ് എല്ലാ ജനവിഭാഗങ്ങൾക്കും റെപ്രസന്റേഷൻ എന്നുള്ള പ്രിൻസിപ്പിൾ വന്നിരിക്കുന്നത്. അത് നിയമപീഠങ്ങളിൽ വേണ്ടേ? ഐ.എ.എസ്.-ൽ വേണ്ടേ? അതോ ഒരു ജനവിഭാഗം മുഴുവൻ പ്യൂൺ ആകാൻ വിധിക്കപ്പെട്ടവരാണെന്നുണ്ടോ? അപ്പോൾ അത് മോശമല്ലേ? അതേയവസരത്തിൽ നമ്മൾ മുന്നോക്ക സമുദായങ്ങളുടെ ആശങ്ക മറച്ചുവെച്ചിട്ട് കാര്യമില്ല. അവർക്ക് ആശങ്കയുണ്ട്. അവരെ ബാധിക്കുമോ എന്നുള്ളതൊക്കെ നമ്മൾ ചർച്ച ചെയ്യണം. അത് ചർച്ച ചെയ്യാൻവേണ്ടി പിന്നോക്ക സമുദായ സംഘടനകൾ മുഴുവൻ തയ്യാറാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനുവേണ്ടിയുള്ള initiative വന്നുവന്ന് ഇപ്പോൾ ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായ ഈ ഗവൺമെന്റിന്റെ കൈയിലാണ് വന്നിരിക്കുന്നത്. ഇത് ചരിത്രപരമായ പ്രശ്നങ്ങളായിരുന്നു. യു.ഡി.എഫ്-ന്റെ മാനിഫെസ്റ്റോ ഉണ്ടാക്കുമ്പോഴും പ്രശ്നമായിരുന്നു. എൽ.ഡി.എഫ്-നും പ്രശ്നമുണ്ട്. എൽ.ഡി.എഫ്. കുറച്ചു കഴിഞ്ഞപ്പോൾ വേറൊരു തത്വം കൊണ്ടുവന്നു. ഇതൊരു വസ്തുതയാണ്. എന്തുകൊണ്ട് നമ്മുടെ പൂർവ്വികൻമാർ സംവരണം തീരുമാനിച്ചോ ആ സംവരണത്തിൽ പി.എസ്.സി.-യുടേയും നോട്ടപ്പിശക് വന്നിരിക്കുന്നു. ഒരുപാട് തകരാറ് വന്നിരിക്കുന്നു. അതിനുള്ള പരിഹാരം എന്താണെന്ന് നമ്മൾ എല്ലാപേരും കൂടി ആലോചിക്കണം. വിവിധ സമുദായങ്ങളെ ബാധിക്കുന്ന കാര്യമായതുകൊണ്ട് എല്ലാപേരുംകൂടി ആലോചിക്കണം. എന്റെ പാർട്ടിക്ക് ഈ കാര്യത്തിൽ വലിയ പ്രയാസമുണ്ട്. ഒരു പ്രിൻസിപ്പിളിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ പറയുന്നത്. ഈ വിഷയങ്ങളോട് ഒരു commitment ഉണ്ട്. അത് വല്ലാതെ പിച്ചിച്ചീന്തപ്പെടുന്നുയെന്ന് കാണുമ്പോൾ എല്ലാപേർക്കും അറിയാവുന്നതുപോലെ ഞങ്ങളുടെ പാർട്ടിക്കും ഒരു സ്റ്റാന്റ് എടുക്കേണ്ടിവരുമെന്ന് ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. എന്നുവിചാരിച്ച് നമ്മൾ ഏതെങ്കിലും തരത്തിലുള്ള ഒരു സമരമോ മറ്റുള്ളതോ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. ഒരു ചർച്ച ആരംഭിക്കണം. എന്നിട്ട് ഈ വിഷയത്തിൽ ഒരു പരിഹാരമുണ്ടാകണമെന്നാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഭരണപക്ഷത്തുള്ള പല മെമ്പർമാരുടേയും പ്രസംഗങ്ങൾ കേട്ടപ്പോൾ കുരുടൻ ആനയെ കണ്ടതു പോലെയാണ് എനിക്ക് തോന്നിയത്. പലരും നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ എതിർക്കുന്നതായിട്ടാണ് കാണുന്നത്. ചർച്ചയ്ക്ക് വേണ്ടിയുള്ള നോട്ടീസ് നൽകാനായി കോൺഗ്രസ് (ഐ)-ൽ നിന്ന് സംസാരിച്ച പ്രൊഫ. കെ. വി. തോമസ് അഭിപ്രായം പറഞ്ഞപ്പോൾ കോൺഗ്രസ് (ഐ)-യുടെ അഭിപ്രായം എന്താണെന്ന് പറയാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. പിന്നീട് കോൺഗ്രസ് (ഐ)-ൽ നിന്ന് സംസാരിച്ചത് പ്രൊഫ. സാവിത്രി ലക്ഷ്മണൻ ആയിരുന്നു. കോൺഗ്രസ്സിലുള്ള ഇന്നത്തെ പ്രസംഗത്തിന്റെ സമയം 35 മിനിറ്റാണെങ്കിൽ 25 മിനിറ്റ് പ്രൊഫസർ സാവിത്രി ലക്ഷ്മണനാണ് അനുവദിച്ചത്. നേരത്തെ പ്രസംഗത്തിനിടയിൽ ശ്രീമതി സാവിത്രി ലക്ഷ്മണൻ ഇവിടെ പറഞ്ഞത് എൻ.എസ്.എസ്-ന്റെ അഭിപ്രായമാണ്. എൻ.എസ്.എസ് ഞങ്ങൾക്ക് തന്ന നോട്ടിൽ പറഞ്ഞ കാര്യങ്ങളൊക്കെ അക്കമിട്ട് പറഞ്ഞാണ് കോൺഗ്രസ് (ഐ)-ലെ ഒരു മെമ്പർ പ്രസംഗിച്ചത്. ഇത് വ്യക്തമാക്കുന്നത് ഈ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ് (ഐ)-ക്ക് ഈ പ്രശ്നത്തെക്കുറിച്ച് ഒരഭിപ്രായമില്ല എന്നാണ്. കോൺഗ്രസ് (ഐ)-യുടെ ഉപസമിതി ഇതിനുവേണ്ടി രൂപീകരിച്ചു. ആ ഉപ സമിതിയിലെ എല്ലാ അംഗങ്ങളും ഇപ്പോൾ മന്ത്രിയായി. ഇപ്പോൾ ഉപസമിതിതന്നെ ഇല്ലാതായി. യഥാർത്ഥത്തിൽ ഈ ചർച്ച ഒരു പ്രഹസനമാണ്. ചർച്ചയ്ക്ക് നോട്ടീസ് കൊടുത്തിരിക്കുന്നത് റൂൾ 58 അനുസരിച്ചാണ്. ഇവിടെ റൂൾ 130 അനുസരിച്ചുള്ള ഒരു ചർച്ചയായിരുന്നു ആവശ്യം. അങ്ങനെ നൽകിയിരുന്നുവെങ്കിൽ റൂൾ 275 അനുസരിച്ച് ഒരു ഉപക്ഷേപം ഇവിടെ വരുമായിരുന്നു; അതുസംബന്ധിച്ച് ഒരു വോട്ടെടുപ്പ് വരുമായിരുന്നു. അപ്പോൾ ഓരോ കക്ഷിക്കും ഒരു നിലപാട് എടുക്കേണ്ടി വരുമായിരുന്നു. അങ്ങനെ വന്നാൽ വ്യത്യസ്ത കക്ഷികൾക്കുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ ഇവിടെ പ്രകടിപ്പിക്കാമായിരുന്നു. യു.ഡി.എഫ്-ൽ വ്യത്യസ്ത അഭിപ്രായം വരുമെന്നുള്ളതുകൊണ്ടാണോ അത് വേണ്ടെന്ന് വച്ചതെന്ന് എനിക്കറിയില്ല. റൂൾ 130 അനുസരിച്ചുള്ള ഒരു ചർച്ച വേണമെന്നുപറഞ്ഞ് ഒരു നോട്ടീസ് മുസ്ലീം ലീഗിൽ നിന്നുപോലും കൊടുത്തിട്ടില്ല. അപ്പോൾ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് ഒരു ചർച്ച മാത്രമേ ആവശ്യമുള്ളു എന്ന് വ്യക്തമായി. സ്വന്തം അണികളെ പിടിച്ചുനിർത്താനുള്ള ഒരു ജാടയാണ് ഇവിടെ കാണിക്കുന്നത്. ബഹുമാനപ്പെട്ട പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു, ഇവിടെ ഒരു ചർച്ചയ്ക്ക് തുടക്കംകുറിച്ചു എന്ന്. എന്നാൽ ഈ നിയമസഭ ഇത് ആദ്യമായി ചർച്ച ചെയ്യുന്നതല്ല. 14-2-2003-ൽ ഈ നിയമസഭയിൽ ഇതുസംബന്ധിച്ചൊരു ചർച്ച നടത്തിയിട്ടുണ്ട്. അന്ന് ചർച്ചയ്ക്ക് നോട്ടീസ് കൊടുത്തത് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയാണ്. ഒരു വെള്ളിയാഴ്ച ദിവസമാണ് പ്രമേയം അവതരിപ്പിച്ചത്. അദ്ദേഹം അവതരിപ്പിച്ച പ്രമേയം, അങ്ങയുടെ അറിവിനുവേണ്ടി പറയാം. രണ്ട് വർഷംമുമ്പ് കൊണ്ടുവന്ന പ്രമേയത്തിൽ അദ്ദേഹം പറഞ്ഞു പിന്നോക്ക സമുദായങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ സർവ്വീസിൽ നിശ്ചയിച്ചിട്ടുള്ള സംവരണാനുകൂല്യമനുസരിച്ച് ലഭിച്ചിട്ടുള്ള നിയമനങ്ങൾ അർഹതപ്പെട്ടതിനേക്കാൾ വളരെക്കുറവാണെന്ന്. അങ്ങനെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഈ കുറവ് നികത്താൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താനും ആയതിന് സമയപരിധി നിശ്ചയിച്ച് നടപടി സ്വീകരിക്കണമെന്നും ഈ നടപടി സഹകരണ മേഖല, എയ്ഡഡ് സ്കൂൾ, സർക്കാരിൽ നിന്നും സഹായം ലഭിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിയമനങ്ങൾക്കും ബാധകമാക്കണമെന്നും സർക്കാരിനോട് ആവശ്യപ്പെടുന്നു. ഈ പ്രമേയം ഈ സഭ ചർച്ചയ്ക്കെടുത്തപ്പോൾ എല്ലാ കക്ഷിയിൽപ്പെട്ട അംഗങ്ങളും പങ്കെടുത്തിട്ടുണ്ട്. അന്ന് ആ ചർച്ചയ്ക്ക് മറുപടി പറഞ്ഞത് ബഹുമാന്യനായ എം. എം. ഹസ്സനാണ്. അദ്ദേഹം പറഞ്ഞത് ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്ത് അഭിപ്രായ സമന്വയമുണ്ടാക്കുക എന്നതാണ് സുപ്രധാനമായ കാര്യം എന്നാണ്. നിങ്ങൾ സാമൂഹിക ആനുകൂല്യം ലഭിക്കുന്ന സമുദായത്തോട് അനീതി കാണിക്കാതെയും മുന്നോക്ക സമുദായങ്ങളുടെ താൽപര്യത്തിൽ വിമുഖത കാണിക്കാതേയും ഇക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കണം. രണ്ട് കൊല്ലം കഴിഞ്ഞിട്ടും എന്തുകൊണ്ട് ഈ ഗവൺമെന്റിന് ഒരു തീരുമാനമുണ്ടാക്കാൻ സാധിച്ചില്ല. ഗവൺമെന്റിന്റെ കാലാവധി അവസാനിക്കാൻ പോകുകയാണ്. ഇനി കഷ്ടിച്ച് ഒരു കൊല്ലം മാത്രമേയുള്ളൂ. ഈ പ്രമേയത്തിന് എന്ത് സംഭവിക്കും? ബഹുമാന്യനായ കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച പ്രമേയം മന്ത്രിയുടെ വിശദീകരണത്തിനുശേഷം പിൻവലിക്കാൻ തയ്യാറായി. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി കൊണ്ടുവന്ന പ്രമേയം പിൻവലിക്കുന്നതിനായി ഞങ്ങളുടെ ഭാഗത്തുനിന്നും പോൾ ചോദിച്ചു. മുസ്ലീം ലീഗിലെ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി കൊണ്ടുവന്ന പ്രമേയത്തിനെതിരായി മുസ്ലീം ലീഗിലെ അംഗങ്ങൾ വോട്ട് ചെയ്തു. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയുടെ പ്രമേയത്തിന് അനുകൂലമായി കിട്ടിയ വോട്ടുതന്നെ പ്രതിപക്ഷത്തുള്ളവരുടേത് മാത്രമാണ്. ഭരണപക്ഷത്തെ 48 ആളുകൾ ഈ പ്രമേയത്തിനെതിരായി വോട്ട് ചെയ്തു. ഇപ്പുറത്തെ 18 പേരുടെ വോട്ട് മാത്രം കിട്ടി ഈ പ്രമേയം തള്ളപ്പെട്ടു. എന്നിട്ട് എന്തിനാണ് ഇവിടെ ഇങ്ങനെയൊരു പ്രഹസനം? സംവരണ പ്രശ്നത്തെ ആസ്പദമാക്കി കേരളത്തിൽ വീണ്ടും ഒരു വിവാദം, അതിന്റെയടിസ്ഥാനത്തിൽ ജാതീയമായ ചേരിതിരിവ് സൃഷ്ടിക്കുന്നതിന് ചില നിക്ഷിപ്ത താൽപര്യക്കാർ ശ്രമമാരംഭിച്ചിരിക്കുകയാണ്. 2000 ഫെബ്രുവരി 11-നാണ് ജസ്റ്റീസ് നരേന്ദ്രനെ കമ്മീഷനായി നിയമിച്ചത്. അത് എൽ.ഡി.എഫ്-ന്റെ ഭരണകാലത്താണ്. 2001 നവംബർ മാസം 9-നാണ് ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്. ഇതിനൊരു പ്രത്യേകതയുണ്ട്. ഈ കമ്മീഷനെ നിയമിച്ചത് 1952-ലെ Commission of Enquiries Act–ലെ വകുപ്പ് 3 പ്രകാരമാണ്. ഈ വകുപ്പ് അനുശാസിക്കുന്നത് റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിക്കഴിഞ്ഞാൽ ആറ് മാസത്തിനകം റിപ്പോർട്ടിലെ നിയമനങ്ങൾ നടപ്പിലാക്കുന്നതിന് കൈകൊണ്ട നടപടികളുടെ കുറിപ്പോടുകൂടി ഇത്

LIBRARY ARCHIVES Kerala Legislative Assembly

മേശപ്പുറത്ത് വയ്ക്കണമെന്നാണ്. ആറ് മാസം കഴിഞ്ഞിട്ടാണ് ഈ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചത്. അങ്ങനെ മേശപ്പുറത്ത് വച്ചപ്പോൾ അത് മേശപ്പുറത്ത് വയ്ക്കാൻ ഉണ്ടായ കാരണം മാത്രമേ കുറിപ്പിൽ ഉന്നയിച്ചിട്ടുള്ളൂ. എന്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് ഗവൺമെന്റ് പറഞ്ഞിട്ടില്ല. അന്ന് ഈ പ്രശ്നം കാബിനറ്റിൽ ചർച്ച ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ മുസ്ലീം ലീഗിന്റെ നാല് മന്ത്രിമാർ അന്ന് സ്വീകരിച്ച നിലപാടെന്താണ് എന്ന് ഞങ്ങൾക്ക് അറിയാൻ താൽപ്പര്യമുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കണം എന്ന ശുപാർശയോടുകൂടി കമ്മീഷൻ റിപ്പോർട്ട് എന്തുകൊണ്ട് സമർപ്പിക്കാൻ സാധിച്ചിട്ടില്ല. ഇതാണ് ഞങ്ങൾക്ക് അറിയേണ്ടത്. ഇവിടെ നിയമ വ്യവസ്ഥയെ മാത്രമല്ല ഈ ഗവൺമെന്റ് പ്രഹസനം ആക്കിയിരിക്കുന്നത്. തെരഞ്ഞെടുപ്പ് കാലത്ത് മുന്നണി ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിച്ചു. മാനിഫെസ്റ്റോയിൽ പറയുന്നു പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും മറ്റു പിന്നോക്ക സമുദായങ്ങൾക്കും സംവരണതത്വം മൂലം സർക്കാർ ഉദ്യോഗങ്ങളിൽ ലഭിക്കാതെ പോയ ഒഴിവുകൾ ലഭ്യമാക്കുന്നതിന് നിയമസഭാ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം എന്ന്. എന്താണ് നിയമസഭാ കമ്മിറ്റിയുടെ ശുപാർശ? നിയമസഭാ കമ്മിറ്റിയുടെ ശുപാർശയിൽ പറയുന്നത്, സർക്കാർ വകുപ്പുകളുടെ നിയമനത്തിൽ നിശ്ചിത സംവരണത്തോത് ഇനിയും ലഭിച്ചിട്ടില്ലാത്ത പിന്നോക്ക വിഭാഗങ്ങൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന മതിയായ പ്രതിനിധ്യം ഉറപ്പ് വരുത്താൻ സമിതി ശുപാർശ ചെയ്യുന്നു; ആയതിലേക്ക് ആവശ്യമായ നിയമനിർമ്മാണം അടിയന്തിരമായി നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു എന്ന്. ഈ റിപ്പോർട്ട് നടപ്പാക്കും എന്ന് മാനിഫെസ്റ്റോയിൽ പറയുന്നു. ശ്രീ. എം. വി. രാഘവൻ അന്ന് പരിശോധിച്ചിട്ടില്ലേ? മാനിഫെസ്റ്റോയിൽ എഴുതിച്ചേർക്കുമ്പോൾ യു.ഡി.എഫ് ചർച്ച ചെയ്തില്ലേ? മാനിഫെസ്റ്റോ തയ്യാറാക്കുമ്പോൾ ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഉണ്ടായിട്ടില്ലേ? ശ്രീ. ടി. എം. ജേക്കബ്ബ് ഉണ്ടായിട്ടില്ലേ? നിങ്ങൾ എല്ലാവരും ചേർന്ന് അംഗീകരിച്ച മാനിഫെസ്റ്റോവിൽ എഴുതി വച്ചിട്ട് നാല് കൊല്ലമായി നടപ്പാക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്? അതാണ് കേരളത്തിലെ ജനങ്ങൾക്ക് അറിയേണ്ടത്. നിങ്ങൾ നിയമപരമായി നിർവ്വഹിച്ചിട്ടില്ല. പ്രകടന പത്രികയിൽ പറഞ്ഞ കാര്യം ചെയ്തില്ല. സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം പിന്നോക്ക സമുദായങ്ങളുടെ സംവരണ കാര്യത്തിൽ ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ ചൂണ്ടിക്കാണിച്ച കുറവ് നികത്തണം എന്നാണ് ഇപ്പോൾ എല്ലാവരും വാദിക്കുന്നത്. ഇതിനുവേണ്ടി ശക്തമായി വാദിക്കുന്ന യു.ഡി.എഫിലെ ഏറ്റവും വലിയ ഘടകകക്ഷിയായ മുസ്ലീം ലീഗിന് ഈ കാര്യത്തിലെ നിലപാടിൽ ആത്മാർത്ഥതയില്ല എന്ന് ഇവിടെ സ്വീകരിച്ച നിലപാടിൽ കൂടി കേരളത്തിലെ ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടതാണ്. ഇവിടെ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് സംവരണ സംരക്ഷണനിയമം പാസ്സാക്കിയില്ലേ? ആ സംരക്ഷണ നിയമം പാസ്സാക്കുമ്പോൾ സി. പി. എമ്മിന് എതിരായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷ ജനാധിപത്യമുന്നണിയിലുള്ള പല കക്ഷികളും അന്ന് ആ നിയമം അനുസരിച്ച് വോട്ട് ചെയ്തു. പക്ഷേ എന്ത് സംഭവിച്ചു? ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്തിയാൽ മാത്രമേ ആ നിയമം നിലനിൽക്കുകയുള്ളൂ എന്ന് അറിഞ്ഞിട്ട് ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്താൻ അന്ന് ഗവൺമെന്റ് നടപടി സ്വീകരിച്ചോ? അന്ന് കേന്ദ്രം ഭരിച്ചത് കോൺഗ്രസ് ആയിരുന്നില്ലേ? അന്ന് സംസ്ഥാനം ഭരിച്ചത് കോൺഗ്രസ് ആയിരുന്നില്ലേ? അന്ന് ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്താൻ കഴിയുമായിരുന്നില്ലേ? ഇതേ കാലഘട്ടത്തിൽ തമിഴ്നാട്ടിൽ ശ്രീമതി ജയലളിത അവിടെ പിന്നോക്ക സമുദായത്തിന് 63 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് ഒരു ബിൽ പാസ്സാക്കിയെടുത്തു. ആ നിയമം ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്തി. ശ്രീ. എ. കെ. ആന്റണിയും കേരളത്തിലെ യു.ഡി.എഫും കേരളത്തിലെ ജനങ്ങളെ വഞ്ചിച്ചു. സംവരണ പ്രശ്നത്തിന്റെ പേരിൽ എല്ലാക്കാലത്തും കോൺഗ്രസ് സ്വീകരിക്കുന്ന കള്ളക്കളിയുടെ തുടർച്ചയാണ് സംസ്ഥാനത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. പിന്നോക്ക വിഭാഗക്കാരുടെ പ്രശ്നം പഠിച്ച് റിപ്പോർട്ട് ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് കാകാ കലേക്കർ കമ്മീഷനെ നിയമിച്ചു. കമ്മീഷൻ റിപ്പോർട്ട് 1956-ൽ ഗവൺമെന്റിന് സമർപ്പിച്ചു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മരിക്കുന്നതുവരെ ആ റിപ്പോർട്ട് തുറന്നു നോക്കുകപോലും ചെയ്തിട്ടില്ല. കേന്ദ്ര ഗവൺമെന്റ് സർവ്വീസിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മാത്രമാണ് സംവരണം ഉണ്ടായിരുന്നത്. മറ്റ് വിഭാഗങ്ങൾക്ക് സംവരണം ഉണ്ടായിരുന്നില്ല. ഇത് സംബന്ധിച്ച് പഠിക്കാൻ ഒരു കമ്മീഷനെ പിന്നീട് നിശ്ചയിച്ചത് 1977-ൽ മൊറാർജി ദേശായി പ്രധാനമന്ത്രിയായിരുന്ന കാലത്താണ്. സി.പി.എം. ആ ഗവൺമെന്റിന് പിന്തുണ കൊടുത്തുകൊണ്ടിരുന്ന കാലത്താണ് മണ്ഡൽ കമ്മീഷൻ വന്നത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത് 1980-ലാണ്. ആ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടശേഷം ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായി. അതിനുശേഷം രാജീവ്ഗാന്ധി പ്രധാനമന്ത്രിയായി. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയില്ല. ഇടതുപക്ഷത്തിന്റെ പിന്തുണയോടുകൂടി വി. പി. സിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രിയായപ്പോഴാണ് 1990-ൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ തീരുമാനിച്ചത്. ആ ശുപാർശപ്രകാരം അന്ന് കേന്ദ്ര സർവ്വീസിൽ പിന്നോക്ക സമുദായക്കാർക്ക് 27 ശതമാനം സംവരണം ലഭിച്ചിരുന്നു. പിന്നോക്ക സമുദായ സംവരണ കാര്യത്തിൽ കോൺഗ്രസ് (ഐ)-യും ബി.ജെ.പി.-യും ഒളിച്ചുകളിയാണ് നടത്തിയത് എന്നുള്ളത് ഇൻഡ്യാരാജ്യം കണ്ടു. അത് ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. വളരെയേറെ തൊഴിൽ സാധ്യതയുള്ള ഒരു മേഖലയാണ് കേരളത്തിലെ എയ്ഡഡ് വിദ്യാഭ്യാസ മേഖല. 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് ഇവിടെ കൊണ്ടുവന്ന വിദ്യാഭ്യാസ ബിൽ ഇവിടത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണതത്വം നടപ്പാക്കാൻ സഹായകരമായ ഒരു ബിൽ ആയിരുന്നില്ലേ? ആ നിയമം നടപ്പാക്കാൻവേണ്ടി മുന്നോട്ടുവന്ന ഗവൺമെന്റിനെ അട്ടിമറിച്ചത് ബഹുമാന്യനായ എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

വിമോചനസമരം ആയിരുന്നില്ലേ? ആ വിമോചനസമരത്തിന്റെ അനന്തരഫലമല്ലേ സംസ്ഥാനം ഇന്ന് അനുഭവിക്കുന്നത്? സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി വാദിക്കുന്ന മുസ്ലീംലീഗ് നേതൃത്വത്തിന് ആ വിമോചന സമരത്തിൽ പങ്കാളിത്തമില്ലേ? ലീഗിൽനിന്നും അകലുമ്പോൾ മുസ്ലീം സംഘടനകളെ കൂടെ നിർത്താൻവേണ്ടി നടത്തുന്ന ഒരു പുതിയ പ്രചരണ ആയുധമായി നരേന്ദ്രൻ കമ്മീഷൻ ഇന്ന് മാറിയിരിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ മുമ്പ് തയ്യാറാക്കിയ ബിൽ, എയ്ഡഡ് കോളേജുകളിൽ സംവരണം നിഷ്ക്കർഷിച്ചുകൊണ്ടുവന്ന ഈ ബിൽ, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ മന്ത്രിയായപ്പോൾ കൊണ്ടുവന്ന ബിൽ, മാനേജുമെന്റുകളുടെ എതിർപ്പു കാരണം യു.ഡി.എഫ്. പിൻവലിച്ചില്ലേ? നിങ്ങൾക്ക് ഈ കാര്യത്തിൽ ആത്മാർത്ഥതയുണ്ടോ? ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സർക്കാർ സർവ്വീസിൽ 5,25,000 ആളുകൾ ഉണ്ടായിരുന്നു. ഇപ്പോൾ 4,50,000 ആയി സർക്കാർ സർവ്വീസിൽ ആളുകൾ കുറഞ്ഞു. 75,000 പോസ്റ്റ് കുറച്ചു. മുസ്ലീം സമുദായത്തിൽ സംവരണ പ്രകാരം ഇതിനകം തന്നെ 8,000 പോസ്റ്റിൽ കിട്ടേണ്ട നിയമനം ഇല്ലാതാകുന്നതിനെക്കുറിച്ച് പരിശോധിക്കാൻ എന്തുകൊണ്ട് യു.ഡി.എഫ്. തയ്യാറാകുന്നില്ല? എന്തുകൊണ്ട് ഈ മന്ത്രിസഭ മൗനം പാലിക്കുന്നു? വളരെക്കാലത്തെ ചർച്ചയ്ക്കു ശേഷമാണ് മെച്ചപ്പെട്ട സംവരണ വ്യവസ്ഥ കേരളത്തിൽ ഉണ്ടായത്. ചരിത്രത്തിലേയ്ക്കൊന്നും കടന്നുപോകാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. 1930-കളിൽ പിന്നോക്ക ജാതിക്കാർക്ക് സംസ്ഥാനത്ത് സംവരണം ഏർപ്പെടുത്തി. തിരു-കൊച്ചി സംസ്ഥാനത്ത് വളർന്നുവന്ന പ്രക്ഷോഭണത്തിൽ സജീവമായി പങ്കെടുത്തത് അന്നത്തെ കമ്മൂണിസ്റ്റ് ഇടതുപക്ഷ പ്രസ്ഥാനമായിരുന്നു. അതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഇന്ന് എസ്.സി/എസ്.ടി വിഭാഗങ്ങൾ ഒഴിച്ച് മറ്റ് പിന്നോക്ക സമുദായങ്ങളിലെല്ലാം തന്നെ സംവരണ പ്രശ്നം ഒരു പ്രധാനപ്പെട്ട ഘടകമായി മാറിയിരിക്കുന്നു. ഞങ്ങൾക്ക് ഈ കാര്യത്തിൽ ഒരു വ്യക്തമായ സംവരണനയം ഉണ്ട്. ഇവിടെ പലരും പറഞ്ഞതുപോലെ കേരളത്തിന്റെ സാമൂഹ്യഘടനയിൽ വളരെ മാറ്റം വന്നിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് ഇന്ന് തുടർന്നുവരുന്ന സംവരണം യാതൊരുവിധ സാമ്പത്തിക പരിഗണനയും ഇല്ലാതെ ഇതേ തരത്തിൽ തുടരുക തന്നെവേണം. 1970-ൽ നെട്ടൂർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചതോടുകൂടി പിന്നോക്ക സമുദായത്തിൽ ഒരു ചെറിയ ന്യൂനപക്ഷം സമ്പന്നവർഗ്ഗമായി മാറിയിട്ടുണ്ട് എന്ന പ്രശ്നം നെട്ടൂർ കമ്മീഷനാണ് ചൂണ്ടിക്കാണിച്ചത്. ആ ന്യൂനപക്ഷം വരുന്ന സമ്പന്നവർഗ്ഗം ഈ പിന്നോക്ക സമുദായത്തിന് അനുവദിച്ചു കൊണ്ടിരിക്കുന്ന ആനുകൂല്യമെല്ലാം തട്ടിയെടുക്കുന്നു എന്ന് ചൂണ്ടിക്കാണിച്ചത് നെട്ടൂർ കമ്മീഷനാണ്. ഈ പശ്ചാത്തലത്തിൽ സി.പി.ഐ. (എം) സംവരണത്തെക്കുറിച്ച് വ്യക്തമായ ഒരു നയം മുന്നോട്ടുവച്ചിരിക്കുകയാണ്. ഞങ്ങളുടെ അഭിപ്രായം പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തിന് ഇന്നത്തെ സംവരണം തുടരണം എന്നാണ്. കാരണം, ജാതീയമായ സംവരണം, അതായത് എസ്.സി./എസ്.ടി. ജനവിഭാഗങ്ങളുടെ സംവരണം

LIBRARY ARCHIVES Kerala Legislative Assembly

യാതൊരുവിധ സാമ്പത്തിക പരിഗണനയും നോക്കാതെ തുടരണം. പിന്നോക്കാദി ജനവിഭാഗത്തിന് ഇന്ന് കൊടുക്കുന്ന ശതമാനം അതേപടി തുടരണം. എന്നാൽ പിന്നോക്ക സംവരണത്തിൽ ഒരു ചെറിയ ന്യൂനപക്ഷം സമ്പന്നവർഗ്ഗമായി മാറിയിട്ടുണ്ട്. ഉദ്യോഗങ്ങളിൽ പരിഗണിക്കപ്പെടുമ്പോൾ ആ പിന്നോക്ക സമുദായത്തിലെ ഏറ്റവും പാവപ്പെട്ടവന് ആദ്യം പരിഗണന കൊടുക്കണം. ഉദാഹരണമായി കണ്ണൂരിൽ സാധുബീഡി നടത്തുന്ന വിനോദിന്റെ മകനും ആ സാധുബീഡി കമ്പനിയിലെ ഒരു ബീഡി തൊഴിലാളിയായ മറ്റൊരു വിനോദിന്റെ മകനും ഒരു ഡോക്ടർ തസ്തികയിൽ ഉദ്യോഗാർത്ഥിയായി വന്നാൽ ആദ്യം ആരെയാണ് പരിഗണിക്കേണ്ടത്? ഞങ്ങൾ പറയുന്നത് ബീഡി തൊഴിലാളിയായ വിനോദിന്റെ മകനെ ആദ്യം പരിഗണിച്ചിട്ടുവേണം മുതലാളിയായ വിനോദിന്റെ മകനെ പരിഗണിക്കാൻ. അതുപോലെ വെസ്റ്റേൺ ഇൻഡ്യ പ്ലൈവുഡിന്റെ മുതലാളിയായ മുഹമ്മദിന്റെ മകനും അതേ സ്ഥാപനത്തിലെ ഒരു തൊഴിലാളിയായ മറ്റൊരു മുഹമ്മദിന്റെ മകനും ഒരേ തസ്തികയിൽ അപേക്ഷകരായി വന്നാൽ ആദ്യം ആരെ പരിഗണിക്കണം? ആ സ്ഥാപനത്തിലെ തൊഴിലാളിയായ മുഹമ്മദിന്റെ കുട്ടിയെ ആയിരിക്കണം ആദ്യം പരിഗണിക്കേണ്ടത്. പിന്നോക്ക സമുദായത്തിന്റെ സംവരണാനുകൂല്യം നൽകുമ്പോൾ ആ സമുദായത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് ആദ്യം പരിഗണന ലഭിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകണം. അങ്ങനെ വന്നാൽ ആ പിന്നോക്ക സമുദായത്തിന് അർഹതപ്പെട്ട സംവരണം ഒരു ശതമാനംപോലും കുറവുവരാതെ അവർക്ക് ലഭിക്കും, പാവപ്പെട്ടവർ സമൂഹത്തിലേക്ക് ഉയർന്നു വരാനുള്ള അവസരം സൃഷ്ടിക്കും. അതോടൊപ്പം തന്നെ മുന്നോക്ക സമുദായത്തിൽ എറ്റവും പാവപ്പെട്ടവരുണ്ട്, ദരിദ്രനാരായണൻമാരുണ്ട്. മുന്നോക്ക സമുദായത്തിലെ ആ ദരിദ്രനാരായണൻമാരായ ആളുകൾക്ക് ഒരു ചെറിയ ശതമാനം സംവരണം കൊടുക്കണം. ആ കാര്യത്തിൽ യു.ഡി.എഫിന്റെ മാനിഫെസ്റ്റോയിൽ പറയുന്നു മുന്നോക്ക സമുദായങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ അവസരങ്ങൾ പരിഗണിക്കുന്നതിനുള്ള നടപടികൾ ആവശ്യമാണ്. ഇതിനായി മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണം നൽകുന്നതിനുള്ള ഭരണഘടനാ ഭേദഗതിക്ക് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടും. യു.ഡി.എഫ്. എന്തുകൊണ്ട് നാലുവർഷക്കാലമായിട്ടും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടില്ല? ഈ കാര്യത്തിൽ ഒരു അഭിപ്രായ സമന്വയം ഉണ്ടാക്കാൻപോലും ഈ മന്ത്രിസഭയ്ക്ക് എന്തുകൊണ്ട് സാധിച്ചില്ല എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ ചോദിക്കാനുള്ളത്. ഈ സാഹചര്യത്തിൽ മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ കൂടി പരിഗണിച്ചുകൊണ്ടുമാത്രമേ സംവരണം ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ഇവിടെ ജാതീയമായ വിഭജനം നിലനിൽക്കുന്നു. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടുകിടന്ന ഒരു വിഭാഗമാണ് പിന്നോക്ക ജനവിഭാഗത്തിൽപ്പെട്ടവർ. ഈ ജനവിഭാഗത്തിന് സാമൂഹ്യനീതി ഉറപ്പ് വരുത്തേണ്ട ബാദ്ധ്യത ഈ

LIBRARY ARCHIVES Kerala Legislative Assembly

സമൂഹത്തിന്റേതാണ്, ഇവിടത്തെ ദേശീയ പ്രസ്ഥാനത്തിനുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ നരേന്ദ്രൻ കമ്മീഷൻ അന്വേഷണ വിഷയമാക്കിക്കൊടുത്തത് സംസ്ഥാന ഗവൺമെന്റ് സർവ്വീസ്, പൊതുമേഖലാസ്ഥാപനം, സ്വയംഭരണസ്ഥാപനം എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർക്ക് പിന്നോക്ക സമുദായങ്ങളിലെ പ്രാതിനിധ്യം അപര്യാപ്തമാണ് എന്നുള്ളതാണ്. ഇത് പഠിച്ച് റിപ്പോർട്ട് ചെയ്യാനാണ് കമ്മീഷൻ ആവശ്യപ്പെട്ടത്. പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ എന്ന് പഠിക്കുക മാത്രമാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്. പ്രാതിനിധ്യം കുറവാണെങ്കിൽ അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ കമ്മീഷനോട് യഥാർത്ഥത്തിൽ ആവശ്യപ്പെട്ടില്ല. വിവിധ ഡിപ്പാർട്ടുമെന്റിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നരേന്ദ്രൻ കമ്മീഷൻ സംവരണം സംബന്ധിച്ച വ്യവസ്ഥകളെ വിലയിരുത്തിയിട്ടുള്ളത്. പത്ത് ഗ്രൂപ്പുകളായി തരം തിരിച്ചു. ഞാൻ അതിന്റെ വിശദീകരണത്തിലേക്ക് പോകുന്നില്ല. കമ്മീഷൻ പറഞ്ഞതുപോലെ ചില സമുദായങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യം കിട്ടുന്നില്ല. 2000 ആഗസ്റ്റ് 1-ന് സർവ്വീസിലുള്ളവരുടെ കണക്ക് നോക്കിക്കൊണ്ടാണ് കമ്മീഷൻ പറഞ്ഞത്. അതുപോലെ മുസ്ലീം സമുദായത്തിൽപ്പെട്ടവർക്ക് 7383 പോസ്റ്റ് കിട്ടാതെ വന്നു. ലാറ്റിൻ കത്തോലിക്കരിൽ 4370 പോസ്റ്റും, നാടാർ സമുദായത്തിൽപ്പെട്ടവർക്ക് 2614 പോസ്റ്റും പരിവർത്തിത ക്രൈസ്തവർക്ക് 2290 പോസ്റ്റും, ധീവര വിഭാഗത്തിന് 1256 പോസ്റ്റും, വിശ്വകർമ്മയ്ക്ക് 147 പോസ്റ്റും, ഈഴവർക്ക് 5 പോസ്റ്റും, മറ്റ് പിന്നോക്കക്കാർക്ക് 365 പോസ്റ്റും കിട്ടാതെവന്നു. ഈ കുറവ് സംഭവിക്കാൻ ഉണ്ടായ കാരണത്തെ സംബന്ധിച്ച് യഥാർത്ഥത്തിൽ കമ്മീഷൻ പരിശോധിച്ചിട്ടില്ല. നിലവിലുള്ള സംവരണതത്വം കൃത്യമായി പാലിക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷൻ മാത്രമാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ എല്ലാ തസ്തികകളിലും നേരിട്ട് നിയമനം നടത്തുന്നില്ല. സർവ്വീസിന്റെ ഇടത്തട്ടിലുള്ള തസ്തികകളിലേക്കാണ് പി.എസ്.സി. വഴി നിയമനം നടത്തുന്നത്. ഉയർന്ന തസ്തികയിൽ ഭൂരിപക്ഷവും പ്രൊമോഷൻ വഴിയാണ് നിയമനം നടക്കുന്നത്. യൂണിവേഴ്സിറ്റി, പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സംവരണതത്വം ശരിയായി പാലിക്കപ്പെടുന്നില്ല എന്നാണ് കമ്മീഷൻ ചൂണ്ടിക്കാണിച്ചത്. ഗവൺമെന്റ് സർവ്വീസിൽ ഇന്ന് പിന്നോക്ക സമുദായക്കാർക്ക് 40 ശതമാനം സംവരണം ഉണ്ട്. യഥാർത്ഥത്തിൽ മെറിറ്റ് പ്രകാരവും സംവരണപ്രകാരവും ഗവൺമെന്റ് സർവ്വീസിൽ 48.23 ശതമാനം പേർക്കും പൊതുമേഖലയിൽ 40 ശതമാനത്തിന് 48.38 ഉം, യൂണിവേഴ്സിറ്റിക്ക് 40-ൽ 44.98 ഉം സ്വയംഭരണ സ്ഥാപനത്തിൽ 40 ശതമാനത്തിന് 41.45 ശതമാനവും കിട്ടിയിട്ടുണ്ട്. ഇത് വ്യക്തമാണ്. യൂണിവേഴ്സിറ്റിയിലും പൊതുമേഖലാസ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും പി.എസ്.സി. വഴി നിയമനം നടത്തുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് നിയമനം നടന്നില്ല എന്നാണ് കമ്മീഷൻ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഇത് ഗൗരവമായി പരിശോധിക്കേണ്ട കാര്യമാണ്. കമ്മീഷൻ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

എന്ത് ചെയ്യാൻ സാധിക്കും എന്നാണ് പരിശോധിക്കേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നിലനിൽക്കുന്ന സംവരണ വ്യവസ്ഥ അതുപോലെ തുടരണം. പ്രാതിനിധ്യം ഇല്ലാത്ത ജനവിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ ആവശ്യമായ ആലോചനകൾ സർക്കാർ നടത്തണം. സംവരണം നടപ്പിലാക്കുമ്പോൾ 50 ശതമാനത്തിൽ കൂടുതൽ പാടില്ല എന്ന സുപ്രീംകോടതി വിധി നിലനിൽക്കുന്നു. അതുകൊണ്ട് ഇതിനുവേണ്ടി സ്പെഷ്യലായി റിക്രൂട്ട്മെന്റ് നടത്തണം എന്ന് നരേന്ദ്രൻ കമ്മീഷൻ അവശ്യപ്പെട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പിന്നോക്ക സമുദായങ്ങൾക്ക് മതിയായ പ്രാതിനിധ്യം എങ്ങനെ കൊടുക്കാൻ സാധിക്കും? ഏത് മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത് എന്നതിനെക്കുറിച്ച് ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം. ഇവിടെ പിന്നോക്ക ജനവിഭാഗങ്ങൾക്ക് നിശ്ചയിക്കപ്പെട്ട കോട്ടയെങ്കിലും ലഭിക്കേണ്ടതില്ലേ? ആ നിശ്ചയിക്കപ്പെട്ട കോട്ട പിന്നോക്ക സമുദായത്തിന് കിട്ടണം. അതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണെന്ന് കണ്ടെത്തി അത് തിരുത്തണം. ആ കുറവ് നികത്തുന്നതിന് കമ്മീഷൻ ഒരു നിർദ്ദേശവും മുന്നോട്ടുവച്ചിട്ടില്ല. കമ്മീഷൻ ആ ജോലി ഗവൺമെന്റിനെ ഏൽപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. കമ്മീഷൻ പറയുന്നത് ഇത് പരിഹരിക്കുവാൻ ബുദ്ധിപൂർവ്വവും, ഭാവനാപൂർണ്ണവുമായ നടപടികൾ ആവശ്യമാണെന്നാണ്. അതുകൊണ്ടാണ് ഈ കമ്മീഷന്റെ റിപ്പോർട്ടിനെ ഞങ്ങൾ പൂർണ്ണമായും അംഗീകരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികളാണ് ഇവിടെ സ്വീകരിക്കേണ്ടത് എന്നാണ് ഞങ്ങൾക്ക് ഇതുസംബന്ധിച്ചുള്ള അഭിപ്രായം. ഇതിന്റെ ഭാഗമായി ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭാവിയിൽ നിലവിലുള്ള കുറവ് എത്രയാണെന്ന് കണക്കാക്കി അതിനെ എങ്ങനെ നികത്താം എന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഒരു പ്രൊപ്പോസൽ തയ്യാറാക്കി അവതരിപ്പിക്കണം. ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള ഉറപ്പുണ്ടാക്കണം. പിന്നോക്ക സമുദായത്തിന് അർഹതപ്പെട്ട സംവരണം ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തത്തക്കവിധത്തിലുള്ള സംവരണ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. നാലകത്ത് സൂപ്പി:</u> അങ്ങ് പറഞ്ഞ കാര്യത്തിൽ ഉറപ്പുവരുത്തണം, പി.എസ്.സി. നിയമനങ്ങളിൽ 20 ശതമാനമാണ് സംവരണം. അത് 100 ശതമാനമാക്കണം എന്ന് 1992-ൽ നിയമസഭാ കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനെപ്പറ്റി എന്താണ് അഭിപ്രായം?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തുകൊണ്ട് യൂണിറ്റ് മാറ്റിയാൽ എങ്ങനെ കിട്ടും? അതിന്റെ ഡീറ്റെയിൽസ് പറയാൻ അനുവദിക്കുമെങ്കിൽ ഞാൻ പറയാം. സമയം ഇല്ലാത്തതുകൊണ്ടാണ് ഞാൻ ചുരുക്കുന്നത്.

<u>മി. സ്പീക്കർ:</u> ഇപ്പോൾ നമുക്ക് അതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യാൻ ശ്രമിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതുസംബന്ധിച്ച് ഞങ്ങളുടെ പാർട്ടിക്ക് ഇക്കാര്യത്തിലുള്ള വ്യക്തമായ നിലപാടാണ് ഞാൻ പറഞ്ഞത്.

ശ്രീ. എം. എം. ഹസ്സൻ: അങ്ങയുടെ ഗവൺമെന്റാണ് നരേന്ദ്രൻ കമ്മീഷനെ നിയമിച്ചത്. ടേംസ് ഓഫ് റഫറൻസും ആ ഗവൺമെന്റാണ് നിശ്ചയിച്ചിട്ടുള്ളത്. Fact finding കമ്മീഷനാണ്. ഇവിടെ ഭരണപക്ഷത്തു നിന്നു സംസാരിച്ചപ്പോൾ ഗവൺമെന്റിന് അഭിപ്രായമില്ല, ഭരണകക്ഷിക്ക് അഭിപ്രായമില്ല എന്നുപറഞ്ഞു. ഇപ്പുറത്തു നിന്ന് പറഞ്ഞപ്പോൾ നിങ്ങളുടെ ആളുകൾ ഒച്ചവച്ചത് അഭിപ്രായമില്ല എന്ന ആക്ഷേപം വച്ചുകൊണ്ടാണ്. അങ്ങയുടെ പാർട്ടിയുടെ, പ്രതിപക്ഷത്തിന്റെ അഭിപ്രായം എന്താണ്; അത് പറയാമോ?

(..... ബഹളം.....)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്രതിപക്ഷം എന്നുള്ള നിലയിൽ അഭിപ്രായം പറയണമെന്ന് പറഞ്ഞാൽ എനിക്ക് സാധിക്കില്ല. എന്റെ പാർട്ടിയുടെ അഭിപ്രായം അനുസരിച്ചുകൊണ്ടുള്ള കാര്യമാണ് ഞാൻ ഇവിടെ വിശദീകരിച്ചു കൊണ്ടിരിക്കുന്നത്. ഞങ്ങളുടെ അഭിപ്രായം, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ അംഗീകരിക്കുന്നു എന്നതാണ്. കോൺഗ്രസ്സ് (ഐ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ അംഗീകരിക്കുന്നുണ്ടോ? നിങ്ങൾക്ക് അത് വ്യക്തമാക്കാൻ ഇതുവരെ സാധിച്ചിട്ടില്ലല്ലോ. ശ്രീ. ഹസ്സൻ ചോദിച്ച ഒരു ചോദ്യം പ്രസക്തമാണ്. 'നിങ്ങളുടെ ഭരണകാലത്ത് കമ്മീഷനെ നിയമിക്കുമ്പോൾ നിങ്ങൾ കൊടുത്ത ടേംസ് ഓഫ് റെഫറൻസിൽ എന്തുകൊണ്ട് മറ്റുകാര്യങ്ങൾ ശുപാർശ ചെയ്തില്ല' എന്നാണ് അദ്ദേഹം ചോദിച്ചത്. ഞങ്ങൾ വിചാരിച്ചത് ഞങ്ങൾ തന്നെ അധികാരത്തിൽ വരുമെന്നായിരുന്നു. അപ്പോൾ ഞങ്ങൾക്കുതന്നെ പരിഹരിക്കാൻ സാധിക്കും, നിർദ്ദേശം വയ്ക്കാൻ കഴിയും എന്നുള്ള പൂർണ്ണമായ വിശ്വാസം ഞങ്ങൾക്കുണ്ടായിരുന്നു. പക്ഷെ ഞങ്ങൾക്ക് ആ തെരഞ്ഞെടുപ്പിൽ വിജയിക്കാൻ സാധിച്ചില്ല. അതുകൊണ്ട് ആ ബാദ്ധ്യത ഈ ഗവൺമെന്റിന്റെ ചുമലിലാണ് കേരളത്തിലെ ജനങ്ങൾ ഏൽപ്പിച്ചത്. ആ ചുമതല നിർവ്വഹിക്കാനുള്ള ബാദ്ധ്യത നിങ്ങൾ എന്തുകൊണ്ട് ചെയ്യുന്നില്ല? അതാണ് ഞങ്ങൾക്ക് ഈ സന്ദർഭത്തിൽ ചോദിക്കാനുള്ളത്. അതുകൊണ്ട് ഇത് ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള ചില കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റി, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ മേഖല, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനം തുടങ്ങിയവയിലെ നിയമനം പി.എസ്.സി. വഴി നടത്തണം. ഇക്കാര്യത്തിൽ നമുക്ക് യോജിക്കുവാൻ കഴിയുമോ? അങ്ങനെയാണെങ്കിൽ നമുക്കൊന്നിച്ച് അതിനുവേണ്ടി നിയമനിർമ്മാണം നടത്താം. അങ്ങനെ വന്നാൽ സംവരണ സമുദായത്തിൽപ്പെട്ടവർക്ക് കൂടുതൽ ആനുകൂല്യം കിട്ടുന്ന അവസ്ഥ വന്നുചേരും. പിന്നോക്ക സമുദായത്തെ പൊതുധാരയിലേക്ക് കൊണ്ടുവരാൻ സഹായകരമായത് വിദ്യാഭ്യാസ രംഗത്തെ പുരോഗതിയാണ്. കമ്മീഷൻ അത്

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പിന്നോക്ക സമുദായത്തിൽ പലർക്കും വേണ്ടത്ര ജോലി ലഭിക്കാതെ പോയത് വിദ്യാഭ്യാസ പിന്നോക്കാവസ്ഥയാണെന്ന് കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത് പരിഗണിച്ചുകൊണ്ട് പിന്നോക്ക സമുദായത്തിൽപ്പെട്ട വരുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്ക് കൈമാറുന്ന ഈ സാഹചര്യത്തിൽ സ്വകാര്യ സ്ഥാപനങ്ങളിൽ സംവരണത്തിന് തുടക്കം കുറിക്കണം. ഇതിന്റെ ഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് സ്വകാര്യ സ്ഥാപനങ്ങളിൽ സംവരണം ഏർപ്പെടുത്തിക്കൊണ്ട് നിയമനിർമ്മാണം നടത്തണം. അതിന് ഗവൺമെന്റ് തയ്യാറുണ്ടോ? ഇവിടെ ജാതിസംഘടനകൾ രംഗത്ത് ഇറങ്ങിയിട്ടുണ്ട്. ജാതി സംഘടനകൾ ജനങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ഇത് അപകടകരമായ സ്ഥിതിയിലേക്ക് കേരളത്തെ കൊണ്ടുപോകും. എല്ലാ ജാതിയിലും പാവപ്പെട്ടവരാണ് ഭൂരിപക്ഷവും. ആ ജാതിമത വിഭാഗത്തിലെ സംവരണ വർഗ്ഗമാണ് ഈ സംവരണ പ്രശ്നത്തിന്റെ പേരിൽ ഇവിടെ കളിക്കുന്നവർ. ഞങ്ങൾ എല്ലാ മതത്തിലും എല്ലാ ജാതിയിലുംപെട്ട പാവപ്പെട്ടവരെ ഏകോപിപ്പിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അങ്ങനെ മാത്രമേ സംവരണ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളു. ഇതിന്റെ പേരിൽ കലാപം നടത്തിയതുകൊണ്ട് പ്രശ്നം പരിഹരിക്കാൻ സാദ്ധ്യമല്ല. ഇത് അങ്ങേയറ്റം സമചിത്തതയോടുകൂടി പരിഗണിക്കേണ്ടുന്ന ഒരു പ്രശ്നമാണ്. അതിനനുസരിച്ച് ഗവൺമെന്റ് ഒരു അഭിപ്രായം പറയുകയാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഒരു ചർച്ചയ്ക്ക് അന്തരീക്ഷം സൃഷ്ടിക്കാൻ കഴിയും. ഇതുവരെയായി ഗവൺമെന്റ് അതിന് തയ്യാറാകാത്തത് ഈ ഗവൺമെന്റിന് ഒരു പ്രശ്നത്തിലും ഒരു നയമില്ലാത്തതുകൊണ്ടാണ്. അതുകൊണ്ട് ഈ പ്രശ്നത്തിലും നയമില്ലാത്ത സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പാർട്ടി അംഗീകരിക്കുന്നു എന്ന് അങ്ങ് പറഞ്ഞു. കാരണം നിങ്ങൾ വച്ച കമ്മീഷനാണ്, അതുകൊണ്ട് അംഗീകരിക്കാതിരിക്കാൻ കഴിയില്ല. പിന്നെ അതിലുള്ള ബാക്ക്‌ലോഗ് പറഞ്ഞില്ല. അത് എങ്ങനെ ഫിൽ ചെയ്യണമെന്നതിന്, യൂണിവേഴ്സിറ്റി, ലോക്കൽ ബോഡീസ്, പബ്ലിക് അണ്ടർടേക്കിംഗ്സ് എന്നിവയിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്തണമെന്നാണ് അങ്ങയുടെ നിർദ്ദേശം. ഇവിടെ ഇഷ്യൂ അതല്ല, ഈ ബാക്ക്‌ലോഗ് പി.എസ്.സി.-ക്കു വിട്ടാൽ പാളിച്ചയേ വരികയുള്ളു. ആ ബാക്ക്‌ലോഗ് എങ്ങനെ ഫിൽ ചെയ്യണമെന്നാണ് അങ്ങയുടെ പാർട്ടിയുടെ അഭിപ്രായം?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: യഥാർത്ഥത്തിൽ കമ്മീഷനെ നിയമിക്കുമ്പോൾ ഉള്ള ധാരണ fact finding നടത്തുക എന്നുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിക്കണം എന്നുള്ള ബാദ്ധ്യത ഗവൺമെന്റിനുള്ളതാണ്. അപ്പോൾ ഗവൺമെന്റാണ് ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ബാക്ക്ലോഗ് ഫിൽ-അപ് ചെയ്യണമെന്നുതന്നെയാണ് എല്ലാവരുടേയും അഭിപ്രായം. അത് എങ്ങനെ ഫിൽ-അപ് ചെയ്യണമെന്ന് അങ്ങയുടെ പാർട്ടിക്ക് ഒരഭിപ്രായമുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ ബാക്ക്ലോഗ് നികത്തുന്നതിനുള്ള ബാധ്യത ഒരു ഗവൺമെന്റിനുള്ളതാണ്. ആ ബാധ്യത നിങ്ങൾക്ക് പരിഹരിക്കാൻ സാധിക്കുന്നില്ല എന്നാണെങ്കിൽ നിങ്ങൾ നാളെ കേരളത്തിന്റെ ഭരണം ഞങ്ങളെ ഏൽപ്പിച്ചു കഴിഞ്ഞാൽ അതിന്റെ നിർദ്ദേശം മുന്നോട്ടുവയ്ക്കാം. ആ ബാദ്ധ്യത നിർവ്വഹിക്കാൻ കഴിയാത്ത നിങ്ങൾ അധികാരത്തിൽ നിന്ന് ഇറങ്ങിപ്പോകുകയാണ് ആദ്യം വേണ്ടത്.

ശ്രീ. വക്കം പുരുഷോത്തമൻ: ഞങ്ങളും അത് എഗ്രി ചെയ്യുന്നു. അവർക്ക് ബാക്ക്ലോഗ് ഉണ്ട്. അത് പരിഹരിക്കണമെന്ന് ഞങ്ങളും എഗ്രി ചെയ്യുന്നു. അത് എങ്ങനെ പരിഹരിക്കണം എന്ന് ഒന്നു പറഞ്ഞുതരണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇങ്ങനെ ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല. ഇത് സമചിത്തതയോടുകൂടി ചർച്ച ചെയ്യേണ്ട വിഷയമാണെന്ന് ഞാൻ പറഞ്ഞു. അതുകൊണ്ടാണ് ഈ ബാക്ക് ലോഗ് പരിഹരിക്കേണ്ടത് സംബന്ധിച്ച് ഈ കമ്മീഷൻ പ്രകാരം തന്നെ ഭരണഘടനാ പ്രകാരമുള്ള ബാദ്ധ്യത ആദ്യം നിർവ്വഹിക്കണമെന്ന് പറയുന്നത്. നിങ്ങളുടെ ഗവൺമെന്റ് എന്നുള്ള നിലയ്ക്ക് നിങ്ങൾക്ക് അത് സാധിക്കില്ല എന്നു പറയുകയാണെങ്കിൽ നിങ്ങൾ ഇറങ്ങിപ്പോയി നാളെ ഞങ്ങളെ ഏൽപ്പിച്ചാൽ ഞങ്ങൾ അതിന്റെ നിർദ്ദേശം മുന്നോട്ടുവയ്ക്കാം.

ശ്രീ. വക്കം പുരുഷോത്തമൻ: അങ്ങനെയാണെങ്കിൽ ഈയടുത്ത കാലത്തൊന്നും അവർക്ക് കിട്ടില്ലല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് ബഹുമാന്യനായ വക്കം അല്ലല്ലോ പറയേണ്ടത്. ശ്രീ. വക്കം പറഞ്ഞല്ലോ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞങ്ങൾ ജയിച്ചത് നിങ്ങൾ കോൺഗ്രസുകാർ വോട്ട് ചെയ്യാൻ പോകാത്തതുകൊണ്ടാണെന്ന്. പാർലമെന്റ് തെരഞ്ഞെടുപ്പിനു ശേഷം പഞ്ചായത്തിൽ ഉപതെരഞ്ഞെടുപ്പ് നടന്നില്ലേ? അതിൽ 41-സീറ്റിലും ഞങ്ങളാണ് ജയിച്ചത്. ജനങ്ങൾക്കറിയാം. അതുകൊണ്ട് കേരളത്തിലെ ജനങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചത് പിന്നോക്ക സമുദായക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യം കിട്ടുന്നതു സംബന്ധിച്ചുള്ള ബാധ്യത നിർവ്വഹിക്കണമെന്നുള്ള കാര്യമാണ്. ഞങ്ങൾ ആ കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുന്നു. ആ ബാധ്യത നിർവ്വഹിക്കുന്നതിനുള്ള പ്രായോഗികമായ നടപടി എന്തൊണെന്നുള്ളത് ഗവൺമെന്റ് ആലോചിക്കണം എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് സജീവമായ ഒരു ചർച്ച സഭയിൽ ആദ്യമായി നടന്നിരിക്കുകയാണ്. ഏറ്റവും ഒടുവിൽ പ്രസംഗിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗത്തിൽ നിന്ന് എന്തെങ്കിലും ഒരു വെളിച്ചം ലഭിക്കുമെന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചിരുന്നത്. പക്ഷേ അദ്ദേഹം ഗവൺമെന്റിന് ചില ഉപദേശങ്ങൾ തരുകയാണ് ചെയ്തത്. ഞങ്ങളെ അധികാരത്തിൽ കയറ്റിയാൽ മാത്രമേ ഞങ്ങൾക്ക് എന്തെങ്കിലും പറയാൻ സാധിക്കൂ എന്നുപറഞ്ഞ് ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ നിന്ന് ഈ ഗവൺമെന്റ് ഒളിച്ചോടുകയാണെന്ന് ഇവിടെ ചിലർ സൂചിപ്പിക്കുകയുണ്ടായി. നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയത് 9-11-2001-ലാണ്. ആറ് മാസത്തിനകം അത് നിയമസഭയുടെ മേശപ്പുറത്തു വയ്ക്കണമെന്നാണ് വ്യവസ്ഥ. ഏഴു മാസത്തിനുള്ളിൽ വച്ചു, ഒരു മാസത്തെ വ്യത്യാസം മാത്രമേ വന്നുള്ളൂ. അതായത് 26-3-2002-ൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് വന്നു, 12-6-2002-ൽ സഭയുടെ മേശപ്പുറത്തു വച്ചു. ആറ് മാസത്തിനുള്ളിൽ എന്നുള്ളത് ഒരു മാസത്തിന്റെ വ്യത്യാസം. നിയമസഭാ സമ്മേളനം കൂടുമ്പോൾ അല്ലേ മേശപ്പുറത്തുവയ്ക്കാൻ സാധിക്കൂ. നിയമസഭാ സമ്മേളനം ഇല്ലാതിരുന്നതുകൊണ്ടായിരിക്കാം അത് ഒരു മാസം താമസിച്ചത്. ഏതായാലും റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുന്ന കാര്യത്തിൽ ഒരു വീഴ്ചയും ഗവൺമെന്റ് കാണിച്ചിട്ടില്ല. ഒരു എൻക്വയറി കമ്മീഷൻ അനുസരിച്ച് വരുന്ന റിപ്പോർട്ട് ആക്ഷൻ ടേക്കണോടുകൂടി മേശപ്പുറത്തു വയ്ക്കണം. വളരെ വ്യക്തമായ അഭിപ്രായത്തോടുകൂടിയും ഈ നിയമസഭയുടെ ചർച്ചയ്ക്കു വേണ്ടിയുമാണ് ഈ റിപ്പോർട്ട് മേശപ്പുറത്തു വച്ചത്. സാമൂഹ്യപരമായി സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ഇത്. ആ റിപ്പോർട്ട് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് മാത്രമായിട്ട്, ഒരു മന്ത്രിസഭ കൂടി ഒരു തീരുമാനമെടുത്ത് അതിന്റെ ആക്ഷൻ ടേക്കണുമായി മേശപ്പുറത്ത് വയ്ക്കണമെന്നാണോ നിങ്ങൾ പറയുന്നത്? ഗവൺമെന്റ് അന്നെടുത്ത നിലപാട്, ഏറ്റവും ന്യായമായിട്ടുള്ള കാര്യം, ആക്ഷൻ ടേക്കൺ ഈ മേശപ്പുറത്തുവച്ച് ചർച്ചയ്ക്ക് എടുത്തു. ആ റിപ്പോർട്ട് സമയത്ത് കിട്ടി, ഏകപക്ഷീയമായി ഗവൺമെന്റ് മാത്രം ചർച്ചചെയ്ത് ഒരു തീരുമാനമെടുക്കാതെ സഭയിൽ തുറന്ന ചർച്ചയ്ക്കുവേണ്ടി സമർപ്പിച്ചു. 12-6-2002 മുതൽ ഈ നിയമസഭയുടെ സ്വത്തായ റിപ്പോർട്ട് മേശപ്പുറത്ത് വച്ചിരിക്കുകയാണ്. നിയമസഭാ സമ്മേളനത്തിൽ ഇത് ചർച്ച ചെയ്യണ്ടേ എന്ന ചോദ്യം വന്നപ്പോൾ ആ നിമിഷത്തിൽ ഞാൻ ചർച്ചയ്ക്ക് സമ്മതിക്കുകയാണുണ്ടായത്. അടുത്ത സമ്മേളനത്തിൽ ചെയ്യാമെന്നല്ല പറഞ്ഞത്. ഈ സമ്മേളനത്തിൽത്തന്നെ ചർച്ച ചെയ്യാമെന്ന് പറഞ്ഞു. അടുത്ത ബിസിനസ് അഡ്വൈസറി കമ്മിറ്റി യോഗത്തിൽ ഗവൺമെന്റ് പറഞ്ഞു, ഇങ്ങനെ ഒരു ചർച്ചയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

സമ്മതിച്ചിട്ടുണ്ട്. ഡേറ്റ് ഫിക്സ് ചെയ്യണം എന്ന്. അങ്ങനെ 10-3-2005 എന്ന ഡേറ്റ് ഫിക്സ് ചെയ്തു. യു.ഡി.എഫ്. ഗവൺമെന്റ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിൽ നിന്ന് ഒളിച്ച് ഓടുകയാണോ? നിങ്ങൾ പറയണം, സമയത്തുതന്നെ ഈ സഭയുടെ മേശപ്പുറത്തുവച്ചു. ചർച്ചയ്ക്ക് വേണ്ടി വച്ചു. ചർച്ച ഈ സഭയിൽ വന്ന അവസരത്തിൽത്തന്നെ അതിന്റെ തീയതി നിശ്ചയിച്ചു. ഇന്ന് ഈ സഭയിൽ ചർച്ചയ്ക്ക് വന്നിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: .....അവതരിപ്പിച്ച പ്രമേയം നിങ്ങൾ എതിർത്ത് വോട്ട് ചെയ്തത് എന്തിനാണ്?

ശ്രീ. ഉമ്മൻ ചാണ്ടി: എന്താണിത്? അതൊരു സ്വകാര്യ പ്രമേയത്തിൽ വന്ന കാര്യങ്ങൾ, ഈ നിയമസഭയിൽ ഒരു സ്വകാര്യ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ വരുന്ന ചർച്ചയും .....(ബഹളം)..... ഇന്ന് നടക്കുന്ന ചർച്ചയും ഒന്നാണോ? ഇതിന്റെ പ്രാധാന്യം അന്നൊരു പ്രമേയത്തിൽ കിട്ടുമോ? എല്ലാപേർക്കും അഭിപ്രായം പറയാൻ അവസരം കിട്ടുമോ? ഇവിടെ പല യാഥാർത്ഥ്യങ്ങളും ഉയർന്നുവന്നിട്ടുള്ള ഒരു ചർച്ചയായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടേയും, ശ്രീ. കോടിയേരി ബാലകൃഷ്ണന്റേയും പ്രസംഗം ഈ റിപ്പോർട്ടിന്റെ സാമൂഹ്യ യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുന്ന പ്രസംഗമായിരുന്നു എന്ന് ഞാൻ കരുതുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ മാർക്സിസ്റ്റ് പാർട്ടിയുടെ സംവരണ നയവും അതിനെക്കുറിച്ചുള്ള ചില സാമൂഹ്യ പശ്ചാത്തലവുമൊക്കെ പറഞ്ഞ് പ്രസംഗം അവസാനിപ്പിച്ചു. നരേന്ദ്രൻ കമ്മിഷന്റെ ശുപാർശകൾ സംബന്ധിച്ച് എന്തുവേണമെന്ന് നേരിട്ട് പറഞ്ഞില്ലായെങ്കിൽപ്പോലും അങ്ങ് എടുത്ത നിലപാടിനേയും ഞാൻ അനുകൂലിക്കുകയാണ്. ഗവൺമെന്റിന് ഇതിനെ സംബന്ധിച്ച് സാമൂഹികമായി വ്യക്തമായ ഒരു സമീപനമുണ്ട്. സാമൂഹ്യ നീതി നടപ്പിലാക്കണം. അതിന് ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. യാതൊരു സംശയവും വേണ്ട, സാമൂഹ്യ നീതി എന്നു പറഞ്ഞാൽ എന്താണ്? വിദ്യാഭ്യാസ രംഗത്തും ഭരണതലങ്ങളിലും എല്ലാപേർക്കും കിട്ടേണ്ട പരിഗണന കിട്ടിയേ മതിയാകൂ. സാമൂഹിക നീതി നമ്മുടെ സമൂഹത്തിൽ നടപ്പിലാക്കണമെങ്കിൽ ഈ രണ്ട് മേഖലകളിൽ അതിന് അർഹിക്കുന്നവർക്ക് ആവശ്യമായ പരിഗണന കിട്ടിയേ മതിയാകൂ. വിദ്യാഭ്യാസ രംഗത്ത് നമ്മൾ ബഹുദൂരം മുന്നോട്ടുപോയിട്ടുള്ളവരാണ്. വളരെയധികം വളർച്ച നേടിയിട്ടുള്ളവരാണ്. വിദ്യാഭ്യാസം പരമാവധി സൗജന്യമായിട്ടുള്ള സംസ്ഥാനമാണ് കേരളം. എന്നിട്ടും ചില വിഭാഗങ്ങൾ വിദ്യാഭ്യാസപരമായി ഇന്നും പിന്നോക്കം നിൽക്കുന്നു. നരേന്ദ്രൻ കമ്മിഷന്റെ കണ്ടെത്തൽ ചില സമുദായങ്ങൾക്ക് കിട്ടേണ്ടത് കിട്ടിയിട്ടില്ല എന്നുള്ളതാണ്. ഇതുരണ്ടും നമുക്ക് ഗൗരവമായിട്ട് കണ്ടേ മതിയാകൂ. വിദ്യാഭ്യാസ രംഗത്തെ

LIBRARY ARCHIVES Kerala Legislative Assembly

പോരായ്മകളെക്കുറിച്ച് ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രൊഫ. കെ. വി. തോമസ് പറഞ്ഞു, കൊച്ചി നഗരംപോലുള്ള നഗരങ്ങളിൽ ഉണ്ടായിട്ടുള്ള അനുഭവം അദ്ദേഹം വിശദീകരിക്കുകയുണ്ടായി. വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് നമ്മൾ വളരെയധികം അഭിമാനിക്കുകയും വളരെയധികം അവകാശവാദങ്ങൾ ഉന്നയിക്കുകയും ചെയ്യുന്ന അവസരത്തിൽപോലും ചില സമുദായങ്ങളിൽപ്പെടുന്നവർക്ക് കടുത്ത ജീവിത മൽസരം നടക്കുന്ന ഈ അവസരത്തിൽ തങ്ങളുടെ കുട്ടികൾക്ക് അവർ അർഹിക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ കൊടുക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം നിൽക്കുകയാണ്. എങ്ങനെ അവർക്കും വിദ്യാഭ്യാസ സൗകര്യങ്ങൾ മറ്റുള്ളവരെപ്പോലെ ലഭ്യമാകുന്ന സാഹചര്യങ്ങൾ ഉണ്ടാക്കാൻ സാധിക്കും എന്ന കാര്യം നമ്മൾ ആലോചിച്ചേ മതിയാകൂ. അതുപോലെതന്നെയാണ് ഭരണതലങ്ങളിൽ അർഹമായിട്ടുള്ള പ്രാമുഖ്യം, കേവലം തൊഴിലില്ലായ്മയാണ് ഒരു പ്രശ്നമായി നമ്മൾ കാണുന്നത്. ഗവൺമെന്റ് ഉദ്യോഗസ്ഥർ ഏതെങ്കിലും തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുമോ? ഒരിക്കലുമില്ല. അത് ഭരണ രംഗത്തുള്ള സാന്നിദ്ധ്യമാണ് തെളിയിക്കുന്നത്. അത് എല്ലാ വിഭാഗത്തിലും നീതിപൂർവമായി ലഭ്യമായാലേ ശരിയാകുകയുള്ളൂ. സാമൂഹ്യനീതി ഉറപ്പുവരുത്താൻ ശ്രമിക്കുമ്പോൾത്തന്നെ അത് സമൂഹത്തിൽ വിഭാഗീയത സൃഷ്ടിക്കുന്ന കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന ഒരു സാഹചര്യമല്ല നമ്മൾ ആഗ്രഹിക്കുന്നത്? മറിച്ച് സാമൂഹ്യനീതി എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാകുന്നത് സമൂഹത്തെക്കൊണ്ട് അംഗീകരിപ്പിച്ചുകൊണ്ട് സാമൂഹ്യപരമായിട്ടുള്ള ഒരു കടമ ഉൾക്കൊള്ളാൻ നമുക്ക് സാധിക്കണം. ഒരു മനുഷ്യന്റെ ആരോഗ്യം ആ മനുഷ്യന്റെ എല്ലാ അവയങ്ങളുടേയും ആനുപാതികമായിട്ടുള്ള വളർച്ചയെ ആശ്രയിച്ചിരിക്കും. ഏതെങ്കിലും ഒരു അവയവം മാത്രം വളർന്നുവന്നാൽ അത് ആരോഗ്യത്തിന്റെ ലക്ഷണമല്ല; അത് രോഗത്തിന്റെ ലക്ഷണമായിരിക്കും. നമ്മുടെ സമൂഹത്തിലെ ഓരോ വിഭാഗം ആളുകൾക്കും അർഹിക്കുന്ന അംഗീകാരവും പരിഗണനയും നീതിയും ലഭ്യമാക്കി വരുന്നതാണ് സംതൃപ്തമായിട്ടുള്ള ഒരു സമൂഹം. അത് എല്ലാപേർക്കും പ്രയോജനം ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കുമെന്നതിൽ യാതൊരു സംശയവമില്ല. അത് എല്ലാപേരേയും ബോദ്ധ്യപ്പെടുത്തി ഉൾക്കൊള്ളിച്ചുകൊണ്ട് മുന്നോട്ടുപോകണം. ചില സമുദായങ്ങൾക്ക് കിട്ടേണ്ട പ്രാതിനിധ്യം കിട്ടിയിട്ടില്ല എന്നുള്ള കണ്ടെത്തലിനെ സംബന്ധിച്ചാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെ പറഞ്ഞത്. അതിനെ ബേസ് ചെയ്തുകൊണ്ട് എല്ലാ വിഭാഗം ആളുകളുമായും ചർച്ച നടത്താൻ ഗവൺമെൻറ് ആഗ്രഹിക്കുന്നു. ഈ നിയമസഭയിലെ ചർച്ച അതിന്റെ ആദ്യത്തെ ഘട്ടമാണ്. ഈ ചർച്ച പുതിയ ഒരു ചർച്ചയ്ക്ക് വെളിച്ചം വീശുന്നതിന്റെ തുടക്കമായി ഞങ്ങൾ കാണുകയാണ്. എല്ലാ വിഭാഗം ആളുകളുമായും ചർച്ച നടത്തും, ഇവിടെ പിന്നോക്ക വിഭാഗങ്ങളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനെക്കുറിച്ച് ആശങ്ക പ്രകടിപ്പിച്ചിട്ടുള്ള ജനവിഭാഗങ്ങളുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടികളുമായും പിന്നോക്ക വിഭാഗങ്ങളുമായും ഈ റിപ്പോർട്ട് നടപ്പിലാക്കുന്ന രീതികളെക്കുറിച്ച് ആശങ്ക പ്രകടിപ്പിച്ചിട്ടുള്ള എല്ലാപേരുമായും ചർച്ച നടത്താൻ ഗവൺമെന്റ് തീരുമാനിക്കുന്നു. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്,.....പ്ലീസ്,.....ശ്രീ. ദേവകുമാർ പ്ലീസ്,.....ശ്രീ. കുഞ്ഞിരാമൻ,..... ശ്രീ. ദേവകുമാർ ഇരിക്കൂ,.....

ശ്രീ. ഉമ്മൻചാണ്ടി: നിങ്ങൾ വെറുതെ ബഹളം കൂട്ടിയതുകൊണ്ടൊന്നും ആകില്ല. ഗവൺമെന്റിന് ഇതിനെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടുണ്ട്. നീതി നടപ്പിലാക്കുന്നതിന് ഫലപ്രദമായിട്ടുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകും. പക്ഷേ .....(ബഹളം).....അത് സംഘർഷത്തിന്റെ പാതയിലല്ല.

മി. സ്പീക്കർ: അസഹിഷ്ണുത കാണിക്കരുത്.

ശ്രീ. ഉമ്മൻചാണ്ടി: ചർച്ചയിൽക്കൂടി പരസ്പര വിശ്വാസത്തോടുകൂടിയുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മുഖ്യമന്ത്രി ഒരു ചർച്ച നടത്തുമെന്ന് പറഞ്ഞത് ഗവൺമെന്റിന്റെ ഒരു സമീപനമാണ്. എല്ലാപേരുമായി ചർച്ച ചെയ്ത് നിലപാടെടുക്കുമെന്നു പറയുന്നതാണ് ഗവൺമെന്റിന്റെ ഇപ്പോഴത്തെ സമീപനം. യു.ഡി.എഫ്. അംഗീകരിച്ച മാനിഫെസ്റ്റോയിൽത്തന്നെ ഗവൺമെന്റിന് വ്യക്തമായ ഒരു അഭിപ്രായം ഉണ്ടല്ലോ. സ്പെഷ്യൽ റിക്രൂട്ടമെന്റിന്റെ അടിസ്ഥാനത്തിൽ ഈ കുറവ് നികത്തുമെന്ന് പറഞ്ഞ സാഹചര്യത്തിൽ അന്ന് ജനങ്ങൾക്ക് വാഗ്ദാനം കൊടുത്തത് വേണ്ടത്ര ചർച്ച ചെയ്യാതെ ആയിരുന്നോ? എന്താണ് ഇനിയും നിങ്ങൾക്ക് ചർച്ച ചെയ്യാനുള്ളത്?

ശ്രീ. ഉമ്മൻചാണ്ടി: സംസ്ഥാനത്തെ ഒരു പ്രമുഖ കക്ഷിയായ മാർക്സിസ്റ്റ് പാർട്ടിയെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. നിങ്ങൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റിനെക്കുറിച്ച് വ്യക്തമായ ഒരു അഭിപ്രായമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മാർക്സിസ്റ്റ് പാർട്ടിയുടെ അഭിപ്രായം പരിഗണിക്കുമെന്ന് മുഖ്യമന്ത്രി ഇക്കാര്യത്തിൽ പറയാൻ തയ്യാറായത് നല്ലതായി. പക്ഷേ യു.ഡി.എഫിൽ മാനിഫെസ്റ്റോ തയ്യാറാക്കുമ്പോൾ ഞങ്ങളോട് അഭിപ്രായം ചോദിച്ചിട്ടല്ലല്ലോ നിങ്ങൾ എഴുതിവച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻചാണ്ടി: അതെ. ഞങ്ങൾ ജയിച്ച് അധികാരത്തിൽ വന്നിട്ടുണ്ടെങ്കിലും ഞങ്ങൾ കഴിയുന്നത്ര അഭിപ്രായ സമന്വയത്തിൽക്കൂടിയാണ് മാനിഫെസ്റ്റോയിലെ ഓരോ പരിപാടികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇതിനെക്കുറിച്ച് ഞങ്ങൾ ചർച്ച ആരംഭിക്കും .....(ബഹളം)..... എല്ലാ വിഭാഗം ആളുകളുമായും ചർച്ച ചെയ്ത് സാമൂഹിക നീതി ഉറപ്പുവരുത്താൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഒരു കാര്യത്തിൽ ഞാൻ ഉറപ്പുപറയുന്നു. ഈ ഗവൺമെന്റ് ഈ പ്രശ്നത്തിൽ നിന്ന് ഒളിച്ചോടാൻ ആഗ്രഹിക്കുന്നില്ല; ഒളിച്ചോടുകയുമില്ല, നിങ്ങൾ ചർച്ച ആവശ്യപ്പെട്ടു. ആ സമയത്ത് ഇവിടെ ചർച്ച നടത്തി. ഇനിയും ഈ പ്രശ്നത്തിൽ ഗവൺമെന്റിന്റെ ഉത്തരവാദിത്വം നിറവേറ്റും, ഈ കാര്യത്തിൽ ഗവൺമെന്റിന് വ്യക്തമായ നയമുണ്ട്; പരിപാടികളുണ്ട്. സാമൂഹിക നീതി അഭിപ്രായസമന്വയത്തോടുകൂടി നടപ്പിലാക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. അത് നടപ്പിലാക്കുന്ന രംഗത്ത് ഒരു വീഴ്ചയും വരുത്തുകില്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 മാർച്ച് 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് സമ്മേളിക്കുന്നതിലേക്കായി സഭ രാത്രി 8.13-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly